
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്


2019 ജനുവരി
വില ₹20




# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ




**എന്റെ പൂവിന് ഒരുമ്മ**
(കഥ)
**ഗിരീഷ് പരുത്തിമഠം**
വില ₹30




**കാട്ടിലെ കൂട്ടുകൃഷി**
(കഥ)
**പി അബ്ദുൾ കരീം**
വില ₹80



**ആകാശം ഉറങ്ങുകയാണ്**
(കഥ)
**പ്രേമജ ഹരീന്ദ്രൻ**
വില ₹45





**കാക്കക്കല്യാണം**
(കവിത)
**ആനന്ദൻ ചെറായി**
വില ₹50




**കട്ടുറുമ്പിന് കാതുകുത്ത്**
(കവിത)
**പാപ്പച്ചൻ കടമക്കുടി**
വില ₹50




**കുസൃതിക്കഥകൾ**
(കഥ)
**ഹരി ചാരുത**
വില ₹50




**വേഴാമ്പലും തെള്ളിവിത്തും**
(കഥ)
**ഡോ. അമിതാബച്ചൻ കെ എച്ച്**
വില ₹50




**ജലം ജീവൻ**
(വൈജ്ഞാനികം)
**ഡോ. വി വി കുഞ്ഞിക്കൃഷ്ണൻ**
വില ₹50




**ഐതിഹ്യമാല കുട്ടികൾക്ക്**
(പുനരാഖ്യാനം)
**ജ്യോതി കെ ജി**
വില ₹400

**കോപ്പികൾക്ക്**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്,**
**പാളയം,സംസ്കൃത കോളേജ് കാമ്പസ്,**
**തിരുവനന്തപുരം 34, ഫോൺ** 0471 – 233 3790,
e-mail : thaliru@ksicl.org, director@ksicl.org, www.ksicl.org

# തളിര്

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

ജനുവരി 2019
വില ₹20
വാർഷികവരിസംഖ്യ ₹200

ഉള്ളടക്കം

## മഞ്ഞൻ എന്ന നായ 8

**ജി ആർ ഇന്ദുഗോപൻ**

ധനികന്റെ പ്രിയ നായയായ ടിന്റുവും തെരുവിലെ ആ മഞ്ഞ നായയും ചങ്ങാതികളായിരുന്നു. വീട്ടുകാരില്ലാതിരുന്ന ഒരു രാത്രിയിൽ അപ്രതീക്ഷിതമായുണ്ടായ ആ സംഭവം ടിന്റുവിനെ തളർത്തി. മനോഹരമായ ഈ കഥ വായിക്കൂ...



## ചൊവ്വയുടെ ആന്തരികഘടന തേടി ഇൻസൈറ്റ് 14

**ഡോ. എൻ ഷാജി**



ചൊവ്വയുടെ അകക്കാമ്പിനെ കുറിച്ച് പഠിക്കാൻ നാസ തയ്യാറാക്കിയ റോബോട്ടിക് ലാൻഡർ ഇൻസൈറ്റ് ചൊവ്വയിൽ ഇറങ്ങി ചരിത്രനേട്ടം കൈവരിച്ചിരിക്കുന്നു. ഇൻസൈറ്റിനെ കുറിച്ച് കൂടുതൽ അറിയാൻ സഹായിക്കുന്ന ഈ ലേഖനം വായിക്കൂ...

## അമ്പാടിക്കള്ളൻ 16

**അമ്പലപ്പുഴ ഗോപകുമാർ**

തൈർക്കുടം പൊട്ടിച്ചതിന്, വെണ്ണ കട്ടുതിന്നതിന്, ഉരലു വലിച്ചിട്ടതിന് ഉണ്ണിക്കണ്ണനെതിരെ പരാതിയുമായി യശോദയ്ക്കരികിൽ എത്തിയവർക്ക് പിന്നെന്താ സംഭവിച്ചതെന്നു നോക്കൂ...



മുൻമൊഴി ....................4
സുഗതകുമാരി
ആനക്കാര്യം ....................5
എൻ ടി രാജീവ്
ഹാപ്പി ആന്റ് ഹെൽത്തി ന്യൂ ഇയർ....................6
ഡോ. ബി പത്മകുമാർ
സ്നേഹക്കൂട്....................12
കുഞ്ഞുമോൾ സി എൻ
ചേർക്കുട്ടി....................13
ഗ്രേസി
ബ്രൗണിയുടെ കഥ....................18
പി വത്സല
വായന കൊണ്ട് വാനോളം ഉയർന്നവൻ ....................20
ബഷീർ ചുങ്കത്തറ
ആണ്ടുപിറപ്പ്....................27
സുമേഷ്കൃഷ്ണൻ എൻ എസ്
തേൻമിഠായി....................28
എം കൃഷ്ണദാസ്
ഡിക് വിറ്റിംഗ്ടണിന്റെ പൂച്ച....................30
വെങ്കി
പഴമൊഴിച്ചെപ്പ് തുറക്കുമ്പോൾ....................34
ശ്രീജിത് പെരുന്തച്ചൻ
നേതാജി കഥകൾ....................36
പയ്യന്നൂർ കുഞ്ഞിരാമൻ
പുലരി....................39
ജനാർദ്ദനൻ പള്ളിക്കുന്ന്
ചരിത്രസ്മരണകളുടെ ആനന്ദഭവനം ....................40
സെബാസ്റ്റ്യൻ പള്ളിത്തോട്
കടപയാദി....................44
പള്ളിയറ ശ്രീധരൻ
മണ്ണിലെ ജീവസംവിധാനം....................46
ഡോ. ജെ ജി റേയ്
മഹാഭാരതം ....................48
സുഗതകുമാരി
ഇളംതളിര്....................52
ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ....................55

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)
ചീഫ് എഡിറ്റർ
**സുഗതകുമാരി**
എഡിറ്റർ
**പള്ളിയറ ശ്രീധരൻ**
പത്രാധിപസമിതി
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**ചിഞ്ജു പ്രകാശ്**
**അഞ്ജന സി ജി**
ആർട്ട്, ലേഔട്ട്
**വിഷ്ണു പി എസ്**
കവർ
**ബാബുരാജൻ**
പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org



വര: സുധീർ പി വൈ



പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,
2018 ദുരിതപൂർണമായ ഒരു വർഷമായിരുന്നു. കഠിനമായ പ്രകൃതിക്ഷോഭങ്ങളും ഒരുപാടു മരണങ്ങളും വമ്പിച്ച കൃഷിനാശവും മാത്രമല്ല, കലഹങ്ങളും രാഷ്ട്രീയമായ മത്സരങ്ങളും ശബരിമലയെ സംബന്ധിച്ച വിവാദങ്ങളും എല്ലാംകൂടി തികച്ചും കലുഷമായ ഒരുവർഷം. അതിനിടയിലും നല്ല ചില കാര്യങ്ങളുണ്ടായി. നമ്മുടെ ആളുകൾ പരസ്പരം സഹായിക്കുവാൻ ആവേശത്തോടെ മുന്നോട്ടുവരുന്നത് നാം കണ്ടു. ജാതിയോ മതമോ പാർട്ടിയോ ഒന്നുമില്ലാതെ മനുഷ്യത്വത്തിന്റെ കൊടിയുടെ കീഴിൽ ജനങ്ങൾ സംഘടിക്കുന്നതും സേവനനിരതരാകുന്നതും നാം കണ്ടു. നമ്മുടെ കുട്ടികൾക്കും ഇതിലൊരു വലിയ പങ്കുണ്ട് എന്നതിൽ അഭിമാനിക്കാം. മാത്രമല്ല, പട്ടാളവും പോലീസും നേവിയും നിരത്തിലിറങ്ങിയതോടൊപ്പം നമ്മുടെ പ്രിയപ്പെട്ട മത്സ്യത്തൊഴിലാളികളും എല്ലാ ദുഃഖവും മറന്ന് സഹായത്തിനിറങ്ങി. ഇതൊക്കെ ഒരു രാജ്യത്തെ സംബന്ധിച്ചിടത്തോളം നല്ല ലക്ഷണങ്ങളാണ്. കേരളത്തിന്റെ മിക്കവാറും പ്രദേശങ്ങൾ ഇടിഞ്ഞും തകർന്നും മലിനമായും കിടക്കുകയാണ്. ഒട്ടേറെ വീടുകൾ നശിച്ചുപോയിരിക്കുന്നു. ഇവയെല്ലാം പുന:നിർമിക്കാനുള്ള ഒരു മഹത്തായ ലക്ഷ്യമാണ് ഇന്ന് നമ്മുടെ മുന്നി


ലുള്ളത്. അതിന് പണം വേണം, ആളുവേണം, മനസ്സുവേണം, സേവനസന്നദ്ധത വേണം. ഇതെല്ലാം നമുക്ക് ഉണ്ടാകുമെന്നും പുതിയൊരു കേരളത്തെ കെട്ടിപ്പടുക്കാൻ സാധിക്കുമെന്നും നമുക്ക് ആശിക്കാം. ഇത് ദൈവത്തിന്റെ സ്വന്തം നാട്. ഇത് പച്ചപ്പിന്റെയും സൗന്ദര്യത്തിന്റെയും നാട്. ഈ നാടിനെ വീണ്ടും വെളിച്ചംകൊണ്ടു നിറയ്ക്കുവാൻ, സ്നേഹംകൊണ്ട് ആർദ്രമാക്കുവാൻ നമുക്ക് കഴിയുമാറാകട്ടെ.

2019 അതിനുള്ള അർഥപൂർണമായ ഒരു വർഷമായിത്തീരട്ടെ. ഇതിൽ നിങ്ങൾ കുഞ്ഞുങ്ങൾക്കും നിങ്ങളുടെ പങ്ക് നിർവഹിക്കാനുണ്ട്. അധ്യാപകരോട് ചോദിക്കൂ. അതത് പ്രദേശത്തെ മുറിവുകൾക്ക് സ്നേഹത്തിന്റെ, സേവനത്തിന്റെ ലേപനം പുരട്ടുവാൻ നിങ്ങളുടെ കൊച്ചു കൈകൾക്ക് സാധിക്കട്ടെ....

സ്നേഹത്തോടെ,

**സുഗതകുമാരി**

**നമ്മുടെ ആളുകൾ പരസ്പരം സഹായിക്കുവാൻ ആവേശത്തോടെ മുന്നോട്ടുവരുന്നത് നാം കണ്ടു. ജാതിയോ മതമോ പാർട്ടിയോ ഒന്നുമില്ലാതെ മനുഷ്യത്വത്തിന്റെ കൊടിയുടെ കീഴിൽ ജനങ്ങൾ സംഘടിക്കുന്നതും സേവനനിരതരാകുന്നതും നാം കണ്ടു. നമ്മുടെ കുട്ടികൾക്കും ഇതിലൊരു വലിയ പങ്കുണ്ട് എന്നതിൽ അഭിമാനിക്കാം.**



# ഹാപ്പി ആന്റ് ഹെൽത്തി ന്യൂ ഇയർ
# പുതുവർഷത്തെ ആരോഗ്യപ്രതിജ്ഞകൾ

ഡോ. ബി പത്മകുമാർ

പുതുവത്സരം സമാഗതമാവുകയാണ്. അതേ ഓരോ പുതിയ വർഷവും പുത്തൻ പ്രതീക്ഷകളും പുതിയ അനുഭവങ്ങളുമാണ് നമുക്ക് സമ്മാനിക്കുന്നത്.

നല്ല കാര്യങ്ങൾക്ക് തുടക്കമിടാനും അത് പ്രാവർത്തികമാക്കാനും ഏറ്റവും നല്ല അവസരം നവവത്സരംതന്നെ. കച്ചവടക്കാർ പുതിയ കടകൾ തുറക്കുന്നതും മോടിപിടിപ്പിക്കുന്നതുമൊക്കെ കൂട്ടുകാർ കണ്ടിട്ടില്ലേ. നമുക്കും നമ്മുടെ ജീവിതത്തിൽ പകർത്താനായി ചില നല്ല ശീലങ്ങൾ ഈ വർഷം മുതൽ തുടങ്ങിവയ്ക്കാം.

ആരോഗ്യമാണല്ലോ ഏറ്റവും വലിയ സമ്പത്ത്. ശരീരത്തിന്റെയും മനസ്സിന്റെയും ആരോഗ്യം ഉറപ്പാക്കാനായി ഏറ്റവുമാദ്യം ചെയ്യേണ്ടത് ആരോഗ്യകരമായ ഭക്ഷണരീതി ശീലമാക്കുകയാണ്. രാവിലെ മിക്കവാറും കുട്ടികൾ ധൃതിപിടിച്ച് പ്രഭാതഭക്ഷണം കഴിക്കാതെയാണ് സ്കൂളിലേക്ക് ഓടുന്നത്. പത്ത് പതിനൊന്ന് മണിയാകുമ്പോഴേക്കും അനുഭവപ്പെടുന്ന ക്ഷീണത്തിന്റെയും തളർച്ചയുടെയും പ്രധാന കാരണം ബ്രേക്ക് ഫാസ്റ്റ് കഴിക്കാത്തതാണ്. രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയുന്നതാണ് ക്ഷീണത്തിന് കാരണം. അതുകൊണ്ട് ഈ വർഷം മുതൽ നിർബന്ധമായും ബ്രേക്ക്ഫാസ്റ്റ് കഴിച്ച് മാത്രമേ സ്കൂളിലേക്ക് പോകൂ എന്നതാകട്ടെ ആദ്യത്തെ ഉറച്ച തീരുമാനം.

നമ്മുടെ ബ്രേക്ക് ഫാസ്റ്റ് വിഭവങ്ങളെല്ലാംതന്നെ സമീകൃതമാണ്. ഇഡ്ഡലിക്ക് സാമ്പാറും, പുട്ടും കടലയും, ദോശക്ക് ചട്ണിയുമൊക്കെ പോഷകമൂല്യമുള്ള വിഭവങ്ങളാണ്. സമയമെടുത്ത് നന്നായി ചവച്ചരച്ചുവേണം ഭക്ഷണം കഴിക്കാൻ. രാവിലെ എന്തെങ്കിലും പഴങ്ങളും കഴിക്കണം.

ശരീരത്തിന്റെ ആരോഗ്യത്തിന് ഭക്ഷണം പോലെതന്നെ പ്രധാനമാണ് വ്യായാമം. കുട്ടികൾക്ക് പാടത്തും പറമ്പിലുമൊക്കെ ഓടിക്കളിക്കാനേ സമയമില്ല. സ്കൂൾ വിട്ട് വന്നാൽ









വര: ടി ആർ രാജേഷ്

നേരേ ടിവിയുടേയോ കമ്പ്യൂട്ടറിന്റേയോ മുമ്പിൽ ചടഞ്ഞ് പൊണ്ണത്തടി ഉണ്ടാകുന്നു. വ്യായാമം ചെയ്യാതെയിരിക്കുമ്പോൾ ശരീരഭാരം കൂടുന്നു, പൊണ്ണത്തടി ഉണ്ടാകുന്നു. പൊണ്ണത്തടിയൻമാരെ കാത്തിരിക്കുന്നത് രോഗങ്ങളുടെ ഒരു നീണ്ട നിരതന്നെയാണ്.

ദിവസവും ഒരു മണിക്കൂറെങ്കിലും കളിക്കാനും ഓടാനും ചാടാനുമൊക്കെയായി നീക്കിവയ്ക്കണം. കളികൾ സ്കൂളിലാകാം, വൈകുന്നേരം സ്കൂൾ വിട്ട് വന്നിട്ട് വീട്ടിലാകാം. സൈക്കിൾ ചവിട്ടുന്നതും ജോഗിംഗും നീന്തലുമൊക്കെ നല്ല വ്യായാമമുറകളാണ്. എല്ലാ കൂട്ടുകാരും പരിശീലകന്റെ കീഴിൽ നീന്തൽ പഠിക്കാൻ ഈ വർഷം ശ്രമിക്കണം. എത്ര കുട്ടികളാണ് ഓരോ വർഷവും ദാരുണമായി ജലാശയങ്ങളിൽ മുങ്ങി മരിക്കുന്നത്. കായികവിനോദങ്ങളിലേർപ്പെടുമ്പോൾ പരിക്ക് പറ്റാതെയിരിക്കാനും ശ്രദ്ധിക്കണം.

ലഹരിവസ്തുക്കളുടെ ഉപയോഗം കുട്ടികളുടെയിടയിൽ കൂടി വരുന്നതായി സൂചനയുണ്ട്. മദ്യവും മയക്കുമരുന്നുകളും ഉപയോഗിക്കുന്നവരെ ലഹരിക്ക് അടിമകളാക്കി ആരോഗ്യം കവർന്നെടുക്കുന്നു. ഒരു ലഹരിവസ്തുവും ഒരു കാരണവശാലും ഉപയോഗിക്കുകയില്ലെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം. സ്കൂളിന്റെ പരിസരത്താരെങ്കിലും ലഹരിവസ്തുക്കൾ വിൽക്കുന്നതായി ശ്രദ്ധയിൽപെട്ടാൽ അധ്യാപകരെ അറിയിക്കാനും മറക്കരുത്.

ടിവിയും കമ്പ്യൂട്ടറും മൊബൈൽ ഫോണുമൊക്കെ നമുക്ക് ആവശ്യം തന്നെ. അറിവിനും വിനോദത്തിനുമൊക്കെ ഇത്തരം ഉപകരണങ്ങൾ നമുക്ക് ഉപകരിക്കും. എന്നാൽ ടിവിയുടെയും മൊബൈലിന്റെയുമൊക്കെ ഉപയോഗം അമിതമാകുന്നതും നല്ലതല്ല. ഇവയിൽ നിന്ന് പുറപ്പെടുന്ന ഇലക്ട്രോമാഗ്നറ്റിക് തരംഗങ്ങൾ നമ്മുടെ ചിന്താശക്തിയെയും ബൗദ്ധികമായ പ്രവർത്തനങ്ങളെയും ഓർമശക്തിയെയുമൊക്കെ പ്രതികൂലമായി ബാധിച്ചേക്കാം. അതുകൊണ്ട് ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗം മിതമാക്കാനും നമുക്ക് പ്രതിജ്ഞയെടുക്കാം.

നന്നായി ഉറങ്ങിയാലേ അടുത്ത ദിവസം ഉന്മേഷത്തോടെ ഉണർന്നെണീറ്റ് പഠിക്കാൻ പറ്റൂ. ഏകാഗ്രതയോടെ ക്ലാസിൽ ശ്രദ്ധിക്കാനും പഠിച്ച കാര്യങ്ങൾ ഓർത്തെടുക്കാനും സുഖമായി ഉറങ്ങണം. ദിവസവും എട്ട് മണിക്കൂർ ഉറങ്ങാനും ഈ വർഷം മുതൽ നമുക്ക് തീരുമാനമെടുക്കാം.

പ്രതിജ്ഞയെടുത്ത കാര്യങ്ങൾ ചെയ്യണമെങ്കിൽ സമയം കൃത്യമായി വിനിയോഗിക്കാനും കഴിയണം. ഒരു ടൈംടേബിൾ ഉണ്ടാക്കി ഉണരാനും പഠിക്കാനും കുളിക്കാനുമൊക്കെ സമയം നീക്കിവെക്കണം.

കൂട്ടുകാരുടെ ഈ വർഷം ഹാപ്പി ന്യൂ ഇയർ മാത്രമല്ല ഹെൽത്തി ന്യൂ ഇയർ കൂടി ആകട്ടെ.

**ദിവസവും ഒരു മണിക്കൂറെങ്കിലും കളിക്കാനും ഓടാനും ചാടാനുമൊക്കെയായി നീക്കിവയ്ക്കണം. കളികൾ സ്കൂളിലാകാം, വൈകുന്നേരം സ്കൂൾ വിട്ട് വന്നിട്ട് വീട്ടിലാകാം. സൈക്കിൾ ചവിട്ടുന്നതും ജോഗിംഗും നീന്തലുമൊക്കെ നല്ല വ്യായാമമുറകളാണ്. എല്ലാ കൂട്ടുകാരും പരിശീലകന്റെ കീഴിൽ നീന്തൽ പഠിക്കാൻ ഈ വർഷം ശ്രമിക്കണം.**

# മഞ്ഞൻ എന്ന നായ

**ജി ആർ ഇന്ദുഗോപൻ**

‘എന്തെടാ വല്യ ഉൽസാഹം?’ വടക്കേ മതിൽക്കെട്ടിനടിയിലെ ദ്വാരത്തിൽ നിന്നൊരു ചുണ്ടു മുളച്ചു വന്നു ചോദിച്ചു. ടിന്റു നായയ്ക്ക് സന്തോഷമായി. തന്റെ കൂട്ടുകാരൻ മഞ്ഞൻ.

ടിന്റു പറഞ്ഞു: ‘കേറി വാ, ഇവിടാരുമില്ല.’

എന്നിട്ടും ‘അടികൊള്ളുമോ’ എന്നു ചോദിച്ചു കൊണ്ട് ദ്വാരത്തിനിടയിലൂടെ ശരീരം വളച്ച് നൂഴ്ന്ന് മഞ്ഞൻ ഒരു പരുവത്തിന് ഇപ്പുറത്തു വന്നു.

മഞ്ഞൻ പറഞ്ഞു: ‘വിശന്നു കത്തുന്നെടാ.’

ടിന്റു പറഞ്ഞു: ‘കുറച്ചു പട്ടിബിസ്കറ്റിരിപ്പുണ്ട്.’

‘എന്റെ പട്ടി കഴിക്കും. എനിക്കതൊന്നും ദഹിക്കത്തില്ലെടാ



വര: സചീന്ദ്രൻ കാറഡുക്ക

ഊവേ..'

'നിനക്ക് എന്നും എച്ചിലു തിന്നാനാ യോഗം. ആ കുഴിയില് കാണും. ചെല്ല്..'

മഞ്ഞൻ കുഴിയിലുള്ള ചിക്കന്റെ അവശിഷ്ടം രുചിയോടെ തിന്നുകൊണ്ടു ചോദിച്ചു: 'എല്ലൊന്നുമില്ലേടാ?'

ടിന്റു പറഞ്ഞു: 'ഇവിടുത്തെ പിള്ളേര് ബോൺലെസ് ചിക്കന്റെ ആൾക്കാരാ...'

മഞ്ഞൻ പറഞ്ഞു: 'അതു പറ്റത്തില്ല.'

ടിന്റു ചിരിച്ചു.

'ഈ മനുഷ്യപ്പിള്ളേരുടെ സ്വഭാവമിങ്ങനെ മാറിയാൽ നമ്മളെപ്പോലുള്ളവരെന്തോ ചെയ്യുമെടാ...?' മഞ്ഞൻ നായ ചോദിച്ചു. 'മാത്രവുമല്ല, ഇതു നല്ലതു പോലൊന്നും വെന്തിട്ടില്ലല്ലോടാ. ഈ പിള്ളേരൊക്കെ നമ്മളെപ്പോലാവുമോടാ...?'

'ഓ, ഇപ്പോ വിളിച്ചു പറയുക പോലും വേണ്ട. മൊബൈലിൽ കുത്തി ഓഡറുകൊടുത്താ മതി. പിള്ളേർക്ക് എത്രയും വേഗം സാധനം കിട്ടണം. അല്ലാതിപ്പോ എന്തുവാ.. '

'നമ്മക്ക് ദഹിക്കുന്നതു പോലെ ഇതുങ്ങൾക്കൊന്നും ദഹിക്കത്തില്ലെടാ... വല്ലപ്പോഴുമാണേല് കുഴപ്പമില്ല. എന്നും കുന്നുമായാല്... '

'നിനക്കെന്തോ വേണം. മനുഷ്യരുടെ കാര്യം അവരു നോക്കിക്കോളും.'

'അങ്ങനല്ലെടാ.. ടിന്റുവേ.. നമ്മളു മറ്റുള്ളവരുടെ കാര്യവും ശ്രദ്ധിക്കണം. നമ്മടേതു മാത്രമായാ മതിയോ...'

'അങ്ങനെ മതിയെന്നാ എന്റടുത്തുള്ള വീട്ടുകാരുടെ ഉത്തരവ്. അപ്പുറത്തെ വീട്ടില് ആരു വന്നാലും എനിക്കെന്താ. ഞാനെന്റെ മതിൽക്കെട്ടിനകം നോക്കിയാ പോരെ... സ്വന്തം കാര്യവും നോക്കണം. എല്ലായിടവും നോക്കിയിങ്ങനെ തെണ്ടി നടന്നിട്ടാ, ദാ നിന്റെ ദേഹം നിറയെ ചെളി. ദിവസവും കുളിക്കണം. മഞ്ഞരോമമൊക്കെ അങ്ങ് നരച്ചല്ലോടാ. നിന്നെ ഇനി മഞ്ഞൻ എന്ന് മാറ്റി നരപ്പൻ എന്ന് വിളിക്കേണ്ടി വരുമോ?'

'ഓ, നിനക്ക് എന്തോ വേണേലും വിളിക്കാം. നിനക്കൊക്കെയല്ലേ പേര്... എനിക്കേതും പേരാ. അതിരിക്കട്ടെ, നീ നിന്റെ ഉൽസാഹത്തിന്റെ കാര്യം പറഞ്ഞില്ല.?'

'വീട്ടുകാര് ടൂറിനു പോകുന്ന ലക്ഷണമാ. പിള്ളേര് സ്കൂളീന്ന് വന്നിട്ടൊരു സർക്കീട്ട് ഉണ്ടെന്നു തോന്നുന്നു. സ്യൂട്ട്കെയ്സ് വെളിയിൽ കൊണ്ടുവന്ന് പൊടിതട്ടുന്നതു കണ്ടു, ഇവിടുത്തെ അച്ഛൻ.'

'അതിന് നീ സന്തോഷിച്ചിട്ടെന്താടാ കാര്യം?'

'എല്ലാക്കൊല്ലവും പോകുന്നതാ. അപ്പോ എന്നെ ആ പട്ടിസ്കൂളിൽ കൊണ്ടാക്കും.'

'പട്ടിസ്കൂളോ...? അവിടെന്തോ ഉണ്ട്?'

'നമ്മളെപ്പോലെ കുറേ പട്ടികൾ. പക്ഷേ മിക്കതിനും വല്യ ജാഡയാ. ഏതൊക്കെ ഇനങ്ങളാടാ... സായിപ്പന്മാരാ കൂടുതല്. ആ മഹാന്മാരൊന്നും നമ്മളടുത്ത് മിണ്ടത്തില്ല. പക്ഷേ പട്ടിപ്പറ്റുള്ള രണ്ടോ മൂന്നോ പേര് കാണും. അവരോടൊന്നു മിണ്ടിയും പറഞ്ഞുമിരിക്കാം. ഒരു രസം.'

'നീ പോകുമ്പോ, എനിക്ക് നിന്റെ കൂട്ടിൽ കേറി കിടക്കാൻ പറ്റുമോടാ?' മഞ്ഞൻ സന്തോഷത്തോടെ ചോദിച്ചു. മഴയൊക്കെ വന്നാ പുറത്തു മഹാ അലമ്പാ.'

ടിന്റു ചോദിച്ചു: 'എന്റെ കൂട്ടിലാരെങ്കിലും കേറി കിടക്കുമോടാ? എനിക്കതിൽ കിടന്ന് മടുത്തു. എന്തൊരു ബോറാ... അലഞ്ഞു തിരിഞ്ഞു നടക്കുന്നതിന് എന്തൊരു രസമാടാ.'

'രസമൊക്കെയാ... പക്ഷേ ഞങ്ങൾക്ക് ചില ബൗണ്ടറികളുണ്ട്. അതു കടന്നാൽ, ആ ഏരിയയിലെ നായ്ക്കളെല്ലാം കൂടി വലിച്ചിട്ട് കടിച്ചുകൂട്ടും.'

'അയ്യോ കടികൂടുകയോ...'

'നമ്മൾ വാല് കാലിന്റെയിടയിലേയ്ക്ക് വച്ച്, മതിലിനോടു ചേർന്നൊതുങ്ങി, ഞാൻ ഒരു വഴിപോക്കനാണേ, ഇവിടെങ്ങും സ്ഥിരതാമസമാക്കാൻ ഉദ്ദേശിച്ചിട്ടില്ലേ എന്നു പറഞ്ഞങ്ങ് പോയാൽ മതി. ചിലപ്പോ അതു കൊണ്ടും ശരിയാവില്ല. ചിലർ മുറുകിക്കൊണ്ടു പാഞ്ഞുവരും.'

'അപ്പോഴോ..?'

'അപ്പോ നമ്മളൊരു ഓട്ടം വച്ചു കൊടുക്കും. പക്ഷേ ഇതു പോലെ അവന്മാരുടെ ടീം നമ്മുടെ ബൗണ്ടറിയിലേക്കും വരും. അപ്പോ നമ്മളാ രാജാവ്. പണ്ട് നമ്മളെ വിരട്ടിയവന്മാരെ ഞങ്ങളും വിരട്ടിയിട്ടുണ്ട്.'

'രസമാ ഇല്ലേ?', ടിന്റു നിരാശയോടെ ചോദിച്ചു.

'നിനക്കിതൊന്നുമില്ലേലും സമയാസമയം ആഹാരം കിട്ടുന്നില്ലേടാ. വിശന്നുള്ള അലച്ചിലുണ്ടല്ലോ അതിത്തിരി

> 'അപ്പുറത്തെ വീട്ടില് ആരു വന്നാലും എനിക്കെന്താ. ഞാനെന്റെ മതിൽക്കെട്ടിനകം നോക്കിയാ പോരെ... സ്വന്തം കാര്യവും നോക്കണം. എല്ലായിടവും നോക്കിയിങ്ങനെ തെണ്ടി നടന്നിട്ടാ, ദാ നിന്റെ ദേഹം നിറയെ ചെളി. ദിവസവും കുളിക്കണം. മഞ്ഞരോമമൊക്കെ അങ്ങ് നരച്ചല്ലോടാ. നിന്നെ ഇനി മഞ്ഞൻ എന്ന് മാറ്റി നരപ്പൻ എന്ന് വിളിക്കേണ്ടിവരുമോ?'

കടുപ്പമാ.'

സംഭാഷണം ഇത്രയുമായപ്പോഴാണ് ഒരാൾ ഗേറ്റിനടുത്തേക്കു വന്നത്. ഗേറ്റ് പൂട്ടിയിരുന്നില്ല. അയാൾ അകത്തു കടന്നു.

മഞ്ഞൻ പറഞ്ഞു: 'ഓടിച്ചു വിടടാ..'

ടിന്റു മുറുമുറുത്തു കൊണ്ട് ഓടിച്ചെന്നു; 'ആരെടാ?' എന്ന് പട്ടികളുടെ ഭാഷയിൽ ചോദിച്ചുകൊണ്ട്.

മഞ്ഞൻ നോക്കുമ്പോൾ കാണുന്നത്, ഓടിച്ചെന്ന ടിന്റു നിന്നു വാലാട്ടുന്നു. അവൻ തിരിഞ്ഞുനിന്ന് മഞ്ഞനോടു പറഞ്ഞു: 'നമുക്കറിയാവുന്ന ആളാടാ..'

അയാൾ എറിഞ്ഞുകൊടുത്ത എന്തോ ഒന്ന് വായിൽ കടിച്ചെടുത്തുകൊണ്ടു ദാ വരുന്നു. പൊരിച്ച ഒരു വലിയ കഷണം ചിക്കൻ. എന്നിട്ടു പറഞ്ഞു: 'വാ, നമുക്കൊരുമിച്ചടിക്കാം.'

അവന് ചിക്കൻ കൊടുത്ത കക്ഷി, അപ്പോ തന്നെ ഗേറ്റു തുറന്നു പുറത്തിറങ്ങിപ്പോയി.

മഞ്ഞൻ പറഞ്ഞു: 'ടാ, അങ്ങനെ എളുപ്പത്തീ കിട്ടുന്ന സാധനം കഴിക്കരുത്.'

ടിന്റു പറഞ്ഞു: 'ഞങ്ങൾക്കതാടാ ശീലം. കൈത്തീറ്റ.'

മഞ്ഞൻ പറഞ്ഞു: 'എനിക്കു എല്ലു തന്നാ മതി. അതാകുമ്പോ ഇച്ചിരി കഷ്ടപ്പാടുണ്ട്. കടിച്ചു പൊട്ടിച്ച്, വലിച്ചൂറ്റി... തിന്നുന്നതിലൊരു അധ്വാനമുണ്ട്. അതിരിക്കട്ടെ, ആരാടാ ആ കക്ഷി?'

ടിന്റു പറഞ്ഞു: 'നിനക്ക് എല്ലു കിട്ടിയാ പോരേ..?'

മഞ്ഞൻ പറഞ്ഞു: 'നിനക്കയാളെ പരിചയമുണ്ടോ?'

ടിന്റു പറഞ്ഞു: 'മൂന്നാലു ദിവസമായി തുടങ്ങിയിട്ട്, എനിക്കൊരു ഇറച്ചിക്കഷണം തരും. എന്റടുത്ത് മര്യാദയ്ക്കും സ്നേഹത്തിലും സംസാരിക്കും.

**അന്ന് രാത്രി വൈകിയപ്പോ ഒരു സംഭവമുണ്ടായി. ചിക്കൻകാലുമായി പകൽ വന്ന ചേട്ടൻ വീണ്ടും വന്നു. ഗേറ്റ് പൂട്ടിയിരിക്കുകയായിരുന്നു. അയാൾ വന്ന് മതിലിനു മുകളിൽ കയറിയിരുന്നു. എന്നിട്ട് ചിക്കൻകാലെടുത്ത് എറിഞ്ഞുകൊടുത്തു.**

ഇന്ന് നീ നിന്നതു കൊണ്ടാ... ഇന്നലെ ഗേറ്റ് തുറന്നുവന്ന്, എന്റെ നെറ്റിയും താടയും തടവിത്തന്നു.'

അതും പറഞ്ഞ്, ആർത്തിയോടെ കൊതിയനായ ടിന്റു ചിക്കന്റെ മാംസം കടിച്ചു പറിച്ചുതിന്നിട്ട് എല്ല് ബാക്കിയാക്കി മാറി നിന്നിട്ട് പറഞ്ഞു: 'ഇനി നീ അധ്വാനിച്ചോ..'

മഞ്ഞൻ പറഞ്ഞു: 'എനിക്കു വേണ്ട.'

'അതെന്ത് വിശപ്പില്ലേ..?'

'ഉണ്ട്. പക്ഷേ എന്തോ... ഇതെനിക്ക് കഴിക്കാൻ തോന്നുന്നില്ലെടാ.. ആരും ചുമ്മാ ഒന്നും എറിഞ്ഞു തരത്തില്ലെടാ. ഞാനയാളുടെ പിറകെയൊന്നു പോയി നോക്കട്ടെടാ...'

'വല്ല കാര്യവുമൊണ്ടോടാ നിനക്ക്..?' ടിന്റു പറഞ്ഞു.

മഞ്ഞൻ ഗുഹയിലൂടെ നൂഴ്ന്ന് പുറത്തേക്കിറങ്ങി.

•

ടിന്റു വിചാരിച്ച പോലെ സംഭവിച്ചില്ല. അവനെ പട്ടിസ്കൂളിലാക്കേണ്ട തരത്തിലുള്ള ദീർഘയാത്രയായിരുന്നില്ല വീട്ടുകാരുടേത്. വീട്ടിലെ അമ്മ വന്ന് ടിന്റുവിന് ആഹാരം കൊടുത്തിട്ടു പറഞ്ഞു: 'ഞങ്ങൾ ഒരു യാത്ര പോവുകയാണ്. നാളെ ഉച്ചയാകും തിരിച്ചുവരാൻ.'

മനസ്സിലായ മട്ടിൽ ടിന്റു മുരണ്ടു. അവന് യാത്ര പോകാൻ കഴിയാത്തതിൽ കുണ്ഠിതം തോന്നി. സന്ധ്യയ്ക്ക് ഇരട്ടക്കുട്ടികളായ ഭുവനും മനുവും അവനുമായി കളിക്കുന്ന പതിവുണ്ടായിരുന്നു. ഉത്സാഹം കെട്ട് അവൻ കാലിൽ തല വച്ച് കിടന്നു.

അന്ന് രാത്രി വൈകിയപ്പോ ഒരു സംഭവമുണ്ടായി. ചിക്കൻകാലുമായി പകൽ വന്ന ചേട്ടൻ വീണ്ടും വന്നു. ഗേറ്റ് പൂട്ടിയിരിക്കുകയായിരുന്നു. അയാൾ വന്ന് മതിലിനു മുകളിൽ കയറിയിരുന്നു. എന്നിട്ട് ചിക്കൻകാലെടുത്ത് എറിഞ്ഞുകൊടുത്തു. ടിന്റുവിന് ഒട്ടും വിശപ്പുണ്ടായിരുന്നില്ല. എങ്കിലും പൊരിച്ച ചിക്കൻ കണ്ടപ്പോ ആർത്തിയോടെ ഓടിച്ചെന്നു. ചിക്കൻ കടിച്ചുപറിച്ചു തിന്നു. കുറച്ചു നേരം അവിടെയിരുന്നിട്ട് ചേട്ടൻ മതിലിന് ഇപ്പുറം ചാടി.

അതു കണ്ടപ്പോ അവനെന്തോ ഒരു പന്തികേടു തോന്നി. അവനൊന്നു മുരണ്ടു. പക്ഷേ കാര്യമായി ശബ്ദം പുറത്തുവന്നില്ല. തല താഴ്ത്തി അവൻ കിടന്നു. ചേട്ടൻ അവന്റെ അടുത്തിരുന്ന് കുറേ നേരം നെറ്റിയും കഴുത്തും തടവിക്കൊടുത്തു. അതോടെ അവന്റെ എതിർപ്പ് ഇല്ലാതായി.

കുറച്ചു കഴിഞ്ഞ് ഒരു മുറുമുറുക്കൽ കേട്ടാണ് അവൻ ഉണർന്നത്. നോക്കിയപ്പോൾ മഞ്ഞൻ. മറ്റേ ചേട്ടനെ കാണാനില്ല. എഴുന്നേൽക്കാൻ ടിന്റു ശ്രമിച്ചെങ്കിലും കഴിയുന്നില്ല. മഞ്ഞൻ വീടിനു പിന്നിലേക്കൊരു കുതിപ്പ് കുതിക്കുന്നതു കണ്ടു. എന്താടാ പ്രശ്നം എന്നു ചോദിക്കാനാഞ്ഞെങ്കിലും ശബ്ദം പുറത്തേക്കു വന്നില്ല.



ടിന്റു മയങ്ങിപ്പോയി. പക്ഷേ എന്നിട്ടും സ്വപ്നത്തിലെന്ന വിധം പശ്ചാത്തലത്തിൽ മഞ്ഞന്റെ അതികഠിനമായ കുര കേൾക്കുന്നുണ്ട്. വേറെയുമെന്തൊക്കെയോ ബഹളം.

•

പിറ്റേന്ന് ആരോ വന്നു തട്ടിയപ്പോഴാണ് ടിന്റു ഉണർന്നത്. കണ്ണു തുറന്നപ്പോ മുന്നിൽ വീട്ടിലെ അച്ഛനും അമ്മയും മക്കളും. അയ്യോ ഉച്ചയായോ? ടിന്റു തല പൊക്കാൻ നോക്കി. തലയ്ക്കൊരു കനം. വീട്ടിലെ അമ്മ വന്ന് അവനെ കെട്ടിപ്പിടിച്ചു. 'ടിന്റുവിനെ അവന്മാർ ഉപദ്രവിച്ചെന്നു തോന്നുന്നു. എന്റെ തങ്കക്കുട്ടാ'എന്നുപറഞ്ഞ് അമ്മ കൈ അവന്റെ കഴുത്തിലൂടെയിട്ട് കെട്ടിപ്പിടിച്ചു.

അവൻ മെല്ലെ തലയുയർത്തി നോക്കി. അയൽക്കാരൊക്കെ ഉണ്ട്. വീട്ടിലെ അച്ഛൻ വന്ന് പറഞ്ഞു.

'നീ ഇത്രയും ധൈര്യശാലിയാണെന്നു ഞങ്ങൾ വിചാരിച്ചതേയില്ലെടാ. നീയൊരു പേടിത്തൊണ്ടനും മടിയനുമാണെന്നാ ഞാൻ കരുതിയിരുന്നത്. നീ കടിച്ചു പറിച്ചുകളഞ്ഞല്ലോ ആ കള്ളനെ. നിന്നെ അവൻ വല്ലതും

ചെയ്തോടാ?'

ടിന്റു മെല്ലെ എഴുന്നേറ്റപ്പോൾ വീട്ടുകാർക്ക് ആശ്വാസമായി. അവൻ വീടിന്റെ പിന്നിലേക്കു കുതിച്ചു. അവിടം മണത്തു നോക്കി. അതാ മഞ്ഞന്റെ രോമങ്ങൾ. അവനെവിടെ പോയി? പിന്നീട് അവനെങ്ങോട്ടാണു പോയത്. വീണ്ടും മണത്തു. നേരേ ഓടി അവൻ കയറിവരാറുള്ള ദ്വാരത്തിന്റെ ഭാഗത്തേക്കു നോക്കി മണത്തു. അവന്റെ ചോരയുടെ മണം. അവന് മുറിഞ്ഞിട്ടുണ്ട്. മതിലിനു മുകളിലേക്ക് ചാടിക്കയറി ടിന്റു ഉറക്കെ കുരച്ചു : 'മഞ്ഞാ... മഞ്ഞാ...'

അയലത്തുകാരിലൊരാൾ മഞ്ഞൻ കയറി വരുന്ന ദ്വാരം കണ്ടു. അയാളത് ചൂണ്ടിക്കാട്ടി അതു മൂടിക്കളയണമെന്നു പറഞ്ഞു. ടിന്റു അയാളുടെ നേരെ ദേഷ്യത്തോടെ കുരച്ചു. വീട്ടിലെ അച്ഛൻ പറഞ്ഞു. 'പിന്നീടാവട്ടെ.' അതു കേട്ടപ്പോൾ ടിന്റുവിനു സമാധാനമായി. എങ്കിലും എന്തോ ഒരു അസ്വസ്ഥത. അവനെന്തെങ്കിലും പറ്റിയിട്ടുണ്ടാകുമോ?

'ടിന്റുവിന് വിശക്കുന്നുണ്ടാകും' എന്നുപറഞ്ഞ് അയൽക്കാരൻ പോയി ചിക്കൻചേർത്ത ചോറു കൊണ്ടുവന്നു. ടിന്റുവിന് വിശപ്പുണ്ടായിരുന്നു. പക്ഷേ അവനത് കഴിച്ചില്ല. മഞ്ഞൻ പറഞ്ഞത് അവന് ഓർമയുണ്ടായിരുന്നു. ഇത് അർഹതപ്പെട്ടതല്ല.

ആഹാരം മണത്തു പോലും നോക്കാതെ അവൻ വീടിന്റെ ചുറ്റും ഓടിനടന്ന്, മതിലിന്റെ കീഴിലേക്ക് നോക്കി. എവിടുന്നെങ്കിലും മഞ്ഞന്റെ മൂക്കു തുളച്ചു വരുന്നുണ്ടോ? വരും. വരാതിരിക്കില്ല.

---

കുട്ടിക്കവിത

# സ്നേഹക്കൂട്

**കുഞ്ഞുമോൾ സി എൻ**

തെങ്ങോലത്തുമ്പത്തു കാറ്റത്തിളകുന്ന
പുന്നാരക്കിളിക്കൂടുണ്ടേ
നാരുകൾ ചേർത്തു കൊരുത്തുമെനഞ്ഞൊരു
കുഞ്ഞാറ്റക്കിളിക്കൂടുണ്ടേ
കൂട്ടിന്നകത്തു ചിറകുമുളയ്ക്കാത്ത
കുഞ്ഞിക്കിളികളു നാലുണ്ടേ
വായും പിളർന്നിട്ടു കീ കീ കരയുന്ന
കുഞ്ഞിക്കിളികളു നാലുണ്ടേ
ഏറെപ്പറന്നു തളർന്നന്തിനേരത്തു
കുഞ്ഞാറ്റക്കിളിപ്പെണ്ണെത്തും
വായിൽക്കരുതിയ തീറ്റ തൻ മക്കൾക്കു
നൽകിത്തഴുകിത്താലോടീടും
തെങ്ങോലത്തുമ്പത്തു കാറ്റത്തിളകുമീ
സ്നേഹത്തിൻ കൂടൊന്നു കണ്ടോളൂ...



വര: ആശ ആർ

# ചേർക്കുട്ടി

ഗ്രേസി

തുണിപ്പാവ പൊക്കിപ്പിടിച്ച് തലയിളക്കി അമ്മു പാട്ട് കെട്ടാൻ തുടങ്ങി.

"ചേന്ദമംഗലം പാവയാണേ!
ചേറുക്കുട്ടിപ്പാവയാണേ!
ഇത്തരം പാവയെ കണ്ടിട്ടുണ്ടോ?"

ചോദ്യം അമ്മൂമ്മയോടാണ്. ഇതാണ് അമ്മൂന്റെ രീതി. നിമിഷനേരം കൊണ്ട് പാട്ടു കെട്ടും. അമ്മൂമ്മയും മോശക്കാരിയൊന്നുമല്ല. അതേപോലെ തന്നെ ഒരു പാട്ടു കെട്ടി അങ്ങോട്ടും കൊടുക്കും. ഏതായാലും ഈ പാട്ടുകേട്ട് അമ്മൂമ്മ ചിരിച്ചതേയുള്ളൂ. മൂന്ന് പല്ലുകൾ കൊഴിഞ്ഞുപോയതുകൊണ്ട് ചൂളംകുത്തുന്നതുപോലെയാണ് അമ്മൂമ്മ ചിരിക്കാറ്. കൊഴിഞ്ഞുപോയത് പല്ലുകളല്ലെന്നും ഭൂതവും വർത്തമാനവും ഭാവിയുമാണെന്നും പറഞ്ഞ് അച്ഛൻ അമ്മൂമ്മയുടെ ചുളുങ്ങിപ്പോയ താടിയിൽ പിടിച്ച് ഇടയ്ക്കൊക്കെ കുലുങ്ങിച്ചിരിക്കാറുണ്ട്. അച്ഛന്റെ പല്ലുകൾക്ക് എന്തുവെളുപ്പ് എന്ന് അപ്പോഴൊക്കെയും അമ്മു അതിശയിച്ചിട്ടുമുണ്ട്. അമ്മുവിന്റെ ഉള്ളിലിരുപ്പ് വായിച്ച് അമ്മൂമ്മ പാടും.

"വെളുപ്പൊന്നും വെളുപ്പല്ല
കറുപ്പൊന്നും കറുപ്പല്ല!"

ഈ വീട്ടിലാരും വെളുത്തിട്ടല്ലാത്തതുകൊണ്ട് അച്ഛൻ മാത്രമല്ല അമ്മയും അതുകേട്ട് ചിരിക്കും.

തുണിപ്പാവയെ കൈയിലെടുത്ത് താലോലിച്ച് അമ്മൂമ്മ പറഞ്ഞു:

"ഞങ്ങള് കുട്ടിക്കാലത്ത് ഇതുപോലത്തെ പാവകൊണ്ടാ കളിച്ചത്!"

അതിശയത്തോടെ അമ്മു ചോദിച്ചു

"നേരായിട്ടും?"

അമ്മൂമ്മ മറുപടിയൊന്നും പറഞ്ഞില്ല. പതുക്കെ അമ്മൂമ്മയുടെ കണ്ണിലൊരു തിളക്കം പരക്കുന്നതും നരച്ചമുടി കറുക്കുന്നതും മുഖത്തെ ചുളിവുകൾ നിവരുന്നതും കൊഴിഞ്ഞുപോയ പല്ലുകൾ തിരിച്ചു വരുന്നതും കണ്ട് അമ്മു സ്വപ്നം കാണുകയാണോ എന്ന് ശങ്കിച്ച് കണ്ണുകൾ തിരുമ്മി. അന്നേരം ഒരു പൊട്ടിച്ചിരിയോടെ അമ്മുവിന്റെ കൈക്കുപിടിച്ച് അമ്മൂമ്മ പറഞ്ഞു.

"വാ കൊച്ചേ! നമുക്ക് മണ്ണപ്പം ചുട്ടുകളിക്കാം!"

അവർ മുറ്റത്തേക്കിറങ്ങി. എത്ര അന്വേഷിച്ചിട്ടും ചിരട്ടയോ ഒരു തരി മണ്ണോ കാണാതെ നിരാശരായി. പൊടുന്നനെ അമ്മൂമ്മയുടെ കണ്ണുകളിലെ തിളക്കം കെട്ടതും മുടി നരച്ചതും മുഖത്താകെ ചുളിവുകൾ നിറഞ്ഞതും മൂന്ന് പല്ലുകൾ കൊഴിഞ്ഞതും കണ്ട് അമ്മുവിന്റെ മുഖം മങ്ങി.

അമ്മുവിനെ നെഞ്ചോടു ചേർത്തുപിടിച്ച് ഒരു നെടുവീർപ്പോടെ അമ്മൂമ്മ പറഞ്ഞു:

"ഈ ഭൂമീല് ആദ്യായിട്ട് ജീവനൊണ്ടായത് ചേറീന്നാ! ദാ ഈ പാവേം ചേർക്കുട്ടിയല്ലേ?"

ഈ അമ്മൂമ്മയ്ക്കിന്നെന്തു പറ്റി? പാട്ടൊന്നും വരുന്നില്ലല്ലോ എന്നൊരു ഖേദം അമ്മുവിന്റെ മുഖത്ത് തെളിഞ്ഞു. അതുകണ്ടപ്പോൾ അമ്മൂമ്മ ഒരു പാട്ടെടുത്ത് അമ്മുവിന് കൊടുത്തു.

"തൊട്ടില് കെട്ടടി
താരാട്ടുപാടടീ
ഇങ്കുകുറുക്കടീ അമ്മുക്കുട്ടീ!"




വര: ബോബി എം പ്രഭ

# ചൊവ്വയുടെ ആന്തരികഘടന തേടി ഇൻസൈറ്റ്


ഡോ. എൻ ഷാജി

ചൊവ്വയുടെ അകക്കാമ്പിനെക്കുറിച്ച് പഠിക്കാൻ നാസ തയ്യാറാക്കിയ റോബോട്ടിക് ലാൻഡർ ഇൻസൈറ്റ് ചൊവ്വയിൽ ഇറങ്ങി ചരിത്രനേട്ടം കൈവരിച്ചിരിക്കുന്നു. ശാസ്ത്രലോകം ഏറെ ആകാംക്ഷയോടെ നിരീക്ഷിക്കുന്ന ഇൻസൈറ്റ് രണ്ടു വർഷം നീളുന്ന പര്യവേഷണമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ചൊവ്വാഗ്രഹത്തിൽ ഉണ്ടാകുന്ന ചൊവ്വാകമ്പങ്ങൾ ഉൾപ്പെടെയുള്ള ചലനങ്ങളെ കുറിച്ചുള്ള പഠനങ്ങളാണ് ഇതു നടത്തുന്നത്. ഇൻസൈറ്റിനെ കുറിച്ച് കൂടുതൽ അറിയാൻ സഹായിക്കുന്ന ഈ ലേഖനം വായിക്കൂ...

ബുധൻ, ശുക്രൻ, ഭൂമി, ചൊവ്വ, വ്യാഴം, ശനി, യുറാനസ്, നെപ്റ്റ്യൂൺ എന്നിങ്ങനെ 8 ഗ്രഹങ്ങൾ ആണല്ലോ സൗരയൂഥത്തിൽ ഉള്ളത്? ഇവയിൽ ഒടുവിലത്തെ നാലെണ്ണം വാതക ഭീമന്മാർ (Gas Giants)എന്ന് അറിയപ്പെടുന്നു. ആദ്യ നാല് ഗ്രഹങ്ങൾ ഭൂസമാന ഗ്രഹങ്ങൾ (Terrestrial Planets) എന്നറിയപ്പെടുന്നു. ഇവയ്ക്ക് ഭൂമിയുമായി കുറെയൊക്കെ സാമ്യമുള്ളിനാലാണ് ഈ പേര് വരാൻ ഇടയായത്. ഭൂമിയിൽ വസിക്കുന്നവർക്ക് ഈ ഗ്രഹങ്ങളെ കുറിച്ചറിയാൻ താത്പര്യം ഉണ്ടാവുന്നത് സ്വാഭാവികം. ഇത്തരം പഠനങ്ങളിൽ നിന്ന് ഭൂമിയെ കുറിച്ച് ധാരാളം കാര്യങ്ങൾ പഠിക്കാൻ കഴിയും എന്ന പ്രതീക്ഷയിലാണ് ശാസ്ത്രജ്ഞർ. ചൊവ്വയെ കുറിച്ച് ആഴത്തിൽ പഠിക്കാൻ വേണ്ടി ഭൂമിയിലെ ശാസ്ത്രജ്ഞർ ഇൻസൈറ്റ് എന്ന ഒരു പേടകം ചൊവ്വയിൽ വിജയകരമായി സ്ഥാപിച്ചിരിക്കുന്നു. ഏറെക്കാലത്തെ പരിശ്രമത്തിനൊടുവിൽ നവംബറിലാണ് ഇത് സാധ്യമായത്. വിവിധ രാജ്യങ്ങളിലെ ശാസ്ത്രജ്ഞരുടെ സഹായത്തോടെ



ഇൻസൈറ്റ്


Credit NASA JPL Caltech

അമേരിക്കൻ ബഹിരാകാശ ഗവേഷണ ഏജൻസിയായ നാസയാണ് ഈ പരിപാടിക്ക് നേതൃത്വം നൽകുന്നത്. ഇതിനു മുമ്പ് വിവിധ രാജ്യങ്ങൾ അവിടേക്ക് നിരവധി പേടകങ്ങളെ അയച്ചിട്ടുണ്ടെങ്കിലും അവയിൽ പകുതിയിൽ താഴെ മാത്രമാണ് വിജയകരമായി ദൗത്യം പൂർത്തിയാക്കിയത്. അതിനാൽത്തന്നെ ഇൻ സൈറ്റിന്റെ കാര്യത്തിൽ ആശങ്കയുണ്ടായിരുന്നു. എന്നാൽ വളരെ സുരക്ഷിതമായി തന്നെ അത് ചൊവ്വയിലിറങ്ങി. ഇതിനു മുമ്പുള്ള ഗവേഷണ പദ്ധതികളുമായി താരതമ്യം ചെയ്യുമ്പോൾ ഇതിനെ വ്യത്യസ്തമാക്കുന്ന കുറച്ചു കാര്യങ്ങളുണ്ട്. ഒന്നാമതായി മുൻകാലങ്ങളിൽ ചൊവ്വയുടെ ഉപരിതലത്തെക്കുറിച്ചും അന്ത രീക്ഷത്തെക്കുറിച്ചുമാണ് നമ്മൾ പഠിച്ചത്. ഇത്ത വണ ഇതാദ്യമായി ചൊവ്വയുടെ അകത്ത് എന്താ ണെന്നാണ് നമ്മൾ അന്വേഷിക്കുന്നത്. അതി നായി ചെയ്യുന്ന പ്രധാനപ്പെട്ട കാര്യം വളരെ സൂക്ഷ്മതയുള്ള ഒരു സ്പന്ദമാപിനി (Seismograph) സ്ഥാപിക്കുക എന്നതാണ്. ഭൂമിക്ക കത്ത് എന്തൊക്കെ, എവിടെയൊക്കെ ഉണ്ടെന്ന് നാം കണ്ടെത്തുന്നത് അതിന്റെ അത്യഗാധതയി ലേക്ക് തുരന്നു നോക്കിയിട്ടല്ല. ഭൂമിയുടെ വ്യാസ ത്തിന്റെ ആയിരത്തിലൊരു ഭാഗം ആഴത്തിലേക്കു പോലും നാം ഇതുവരെ കുഴിച്ചിട്ടില്ല. പ്രധാന മായും ഭൂകമ്പ തരംഗങ്ങൾ ഭൂമിക്കകത്തു കൂടെ എങ്ങനെ സഞ്ചരിക്കുന്നുവെന്നത് പഠിച്ചി ട്ടാണ് ഭൂമിയുടെ അകത്തെ ഘടനയെ കുറിച്ച് നമ്മൾ മനസ്സിലാക്കിയിട്ടുള്ളത്. ഭൂമിക്കകത്തു കൂടെ കടന്നുപോകുമ്പോൾ തരംഗങ്ങളുടെ വേഗതയിലും ദിശയിലും ഉണ്ടാകുന്ന മാറ്റങ്ങളിൽ നിന്ന് കുറേ വിവരങ്ങൾ നമുക്ക് കിട്ടും. ഭൂമിയിൽ ചെറുതും വലുതുമായ ഭൂകമ്പങ്ങൾ തുടരത്തുടരെ ഉണ്ടാകുന്നുണ്ട്. എന്നാൽ ഇതിന് സമാന്തരമായ ചൊവ്വാകമ്പങ്ങൾ ചൊവ്വയിൽ ഉണ്ടാകുന്നതായി നമുക്കറിയില്ല. അതേ സമയം തന്നെ സൗരയൂഥഗ്രഹങ്ങളിൽ വെച്ചേറ്റവും ഉയർന്ന അഗ്നിപർവ്വതമുള്ളത് ചൊവ്വയിലാണെന്നതും രസകരമായ ഒരു വിവരമാണ്. നമ്മുടെ എവറസ്റ്റ് കൊടുമുടിയുടെ ഇരട്ടിയിലധികം ഉയരമുള്ള ഒളിമ്പസ്മോൺസ് എന്ന പർവ്വതം എന്നോ കെട്ടുപോയെന്നു കരുതുന്ന അഗ്നിപർവ്വതം ബാക്കി വെച്ചതാണ്. അതായത് ചൊവ്വയുടെ അന്തർഭാഗം മുമ്പു കാലങ്ങളിൽ സജീവമായിരുന്നുവെന്നു കരുതാം. അതിപ്പോഴും അങ്ങനെയെങ്കിൽ ഇടയ്ക്കിടെ ചൊവ്വാകമ്പ തരംഗങ്ങൾ ഉണ്ടാകണം. പുറത്തു നിന്നു പതിക്കുന്ന ഉൽക്കകളും തരംഗങ്ങൾ ഉണ്ടാക്കുമെന്നും അവയെ നിരീക്ഷിക്കാമെന്നും ശാസ്ത്രജ്ഞർ കരുതുന്നു. ചൊവ്വയുടെ ഉപ രിതലത്തിൽ ഒരു കിണറിന്റെ ആഴത്തിൽ 15 മീറ്റർ തുരന്ന് അവിടുത്തെ താപനിലയും മറ്റും പരിശോധിക്കാനുള്ള സംവിധാനവും ഇൻസൈറ്റിലുണ്ട്.

ഭൂമിയെപോലെ ചൊവ്വയ്ക്ക് ശക്തമായ കാന്തി കതയില്ല. പക്ഷേ ദുർബ്ബലമായ കാന്തശക്തി യുണ്ടെങ്കിൽ അത് കണ്ടെത്താനുള്ള സംവി ധാനവും ഇൻസൈറ്റിലുണ്ട്. അവിടുത്തെ കാലാവസ്ഥ പഠിക്കാനുള്ള വിവിധ ഉപ കരണങ്ങളും ഇതിലുണ്ട്. ഇത്തരം ഉപ കരണങ്ങൾ റിക്കാർഡ് ചെയ്ത കാറ്റിന്റെ ശബ്ദം അടുത്ത കാലത്ത് വാർത്താപ്രാധാന്യം നേടി. വിവിധ തരം ക്യാമറകളും റോബോട്ടിക് സംവിധാനങ്ങളും ഇൻസൈറ്റിന്റെ ഭാഗമാണ്. എന്നാൽ ഉപരിതലത്തിൽ യാത്ര ചെയ്യാനുള്ള വാഹനങ്ങളൊന്നും ഇതിന്റെ ഭാഗമല്ല.

# അമ്പാടിക്കള്ളൻ

അമ്പലപ്പുഴ ഗോപകുമാർ

തൈർക്കുടം പൊട്ടിച്ചതാരാണോ
ഉറിയിൽക്കയറിയതാരാണോ
ഉരലുവലിച്ചിട്ടതാരാണോ
നറുവെണ്ണകട്ടതുമാരാണോ
വികൃതികളമ്പാടിക്കള്ളന്മാർ
കുസൃതികൾ, എല്ലാം കുറുമ്പന്മാർ
വീടായവീടൊക്കെക്കേറിയിറങ്ങിയേ-
തേടാകൂടത്തിലും ചാടുന്നോർ.
ആരാണവരുടെനേതാവ്
അമ്പാടിതന്നിലെപ്പൊന്നുണ്ണി
ഉണ്ണിക്കുപിന്നാലെകൂടീടാൻ
ഉണ്ടെന്നുമോരോകുരുന്നുപറ്റം.
അമ്മയശോദയ്ക്കുസ്വൈരമില്ലാ
ചുമ്മാതിരിക്കുവാൻ നേരമില്ലാ
അയലത്തെപ്പെണ്ണുങ്ങൾ നൂറുകൂട്ടം
പരിഭവമെന്നും പറഞ്ഞിടുന്നൂ



വര: സജി വി

പറയുന്നതൊക്കെയും കണ്ണനുണ്ണി
പലമട്ടിൽക്കാട്ടിയ കുറ്റമത്രേ
പൊറുതികെട്ടവനുടെ കുന്നായ്മകൾ–
ക്കറുതിവരുത്തുവാനെത്തുമത്രേ
        പലവട്ടം കേട്ടപ്പോളമ്മവേഗം
        കോലക്കുഴലു പിടിച്ചുവാങ്ങി
        നീലക്കാർവർണനെത്തല്ലുവാനായ്
        നീട്ടിയകൈയിൽപിടിച്ചുവത്രേ
തല്ലല്ലേതല്ലല്ലേയെന്റെയമ്മേ
ഇല്ല ഞാനൊന്നുമറിഞ്ഞതില്ലാ
വല്ലോരും ചെയ്തതിനെന്തിനെന്നെ–
ത്തല്ലുന്നു, ഞാനൊരു പാവമല്ലേ!
        ഒന്നുമറിയാത്തമട്ടിലവൻ
        നിന്നൊരുകള്ളച്ചിരിചിരിക്കെ
        വാത്സല്യംതോന്നിച്ചിരിച്ചുപോയി
        വന്നവരൊക്കെത്തിരിച്ചുപോയി.
കണ്ണനാമുണ്ണിതൻ കൗശലങ്ങൾ
എണ്ണിയാൽത്തീരാത്ത മട്ടിലത്രേ
കണ്ണിറുക്കിക്കാട്ടിനിന്നിടുമ്പോൾ
പെണ്ണുങ്ങൾക്കുള്ളം കുളിർക്കുമത്രേ
        തൈർക്കുടമുടച്ചതു കണ്ണനല്ലാ
        ഉറിയിൽപ്പിടിച്ചതും കണ്ണനല്ലാ
        ഉരലുവലിക്കുന്നശീലമില്ലാ
        തല്ലുകൊള്ളിക്കുവാൻ ഞങ്ങളില്ലാ
ഈ മട്ടിലമ്പാടിമുറ്റത്തെന്നും
നാടകമോരോന്നു കണ്ടിടുമ്പോൾ
കോടക്കാർവർണന്റെ പുഞ്ചിരിയിൽ
നാടലിഞ്ഞാനന്ദപ്പാൽക്കടലായ്...
        ഇന്നുമീമണ്ണിൻ മനസ്സിനുള്ളിൽ
        നിന്നുമൊഴിയാത്തൊരോർമകളിൽ
        ഓടിക്കളിച്ചുനടന്നിടുന്ന
        ഓമനക്കണ്ണനെക്കാണ്മതില്ലേ
        ഓടക്കുഴൽവിളിയെങ്ങുനിന്നോ
        ഊറിത്തുടിപ്പതും കേൾപ്പതില്ലേ...



# ബ്രൗണിയുടെ കഥ

പി വത്സല

ബ്രൗണി ഒരു ടർക്കിക്കോഴിയാണ്. അതിന് ഉടമകളില്ല. 'പൂങ്കാവനം' എന്നുപേരുള്ള വില്ലേജിലെ അണ്ഡാകൃതിയിലുള്ള പാത തെക്കുവടക്ക് നീണ്ടുകിടക്കുന്നു. അതിന്റെ പുറംചുറ്റിലാണ് വീടുകൾ. അറുപതു മാളികകൾ. എന്നാൽ കഴിഞ്ഞ നൂറ്റാണ്ടിന്റെ വാസ്തുവിലാണെങ്കിലും ഓരോ ഗൃഹത്തിനും പ്രത്യേക ഘടനയാണ്. കാഴ്ചയിൽ തിരിച്ചറിയാം. ഒരാൾക്കും നമ്പറില്ലാതെതന്നെ തിരിച്ചറിയാൻ പാകത്തിനു ഗ്രാമപാലകർ ഓരോ വീട്ടുമുറ്റത്തും ചെറിയ ഇടത്തരം മരങ്ങൾ സൗജന്യമായി നട്ടുപിടിപ്പിച്ചിട്ടുണ്ട്. പിന്നെയെല്ലാം ഉടമയുടെ ഇഷ്ടപ്രകാരം. പൂങ്കാവനത്തിലെ വീട്ടിന് എന്റെ മകൻ പേരിട്ടിട്ടില്ല. നമ്പർ മാത്രം... അമ്പത്തിരണ്ട്. അതുമതി. അവിടെ പേരിനു വലിയ പ്രാധാന്യമില്ല. ബ്രൗണി ഏതു ഭവനത്തിൽ നിന്നാണ് പ്രഭാത സഞ്ചാരത്തിനിറങ്ങുന്നതെന്ന് ഞാനാലോചിക്കുന്നു. അറിയാൻ പറ്റുന്നില്ല. അതറിയേണ്ട എന്നു വച്ചു. ബ്രൗണിക്ക് ഒരു ചെമ്പിന്റെ ബ്രൗൺ നിറം. വേഷം വിചിത്രം. കഴുത്തിൽ പട്ടുകൊണ്ട് തയ്ച്ചതു പോലെ ഒരു ടൈ. ദൈവത്തിന്റെ സമ്മാനമെന്നു ഞാൻ നിശ്ചയിച്ചു. ബ്രൗണി തടിച്ച ശരീരം പേറി ആക്കത്തിൽ ചുവടുവയ്ക്കുന്നതിനൊപ്പം ടൈ ആടിക്കൊണ്ടിരിക്കും. എന്നാൽ പുൽത്തകിടിയെ ഒന്നും സ്പർശിക്കുകയില്ല ടൈ. അതു കെട്ടിക്കൊടുത്ത ആൾ വിചിത്ര സ്വഭാവിതന്നെ. കഴുത്തിന്റെ പുറകിൽ വച്ചു നെറുകയിലേക്കു പതിച്ച്, പിന്നെ മുതുകിലൂടെ കുറിയ വാലറ്റം വരെ ശോഭിക്കുന്ന ഒരു ആഭരണം പോലെ. മനുഷ്യർ ധരിക്കുന്ന സ്വർണമാലയുടെ ഒരു പണിത്തരം. നമ്മുടെ നാട്ടാനകൾക്കും ഉത്സവസമയത്ത് ധരിക്കാൻ ഇങ്ങനൊന്ന് ചേരും എന്നാണ് എന്റെ തോന്നൽ. ബ്രൗണി മഞ്ഞക്കാലുകൾ പതിച്ചു വീട്ടിനു പിൻവശത്തൂടെ പുൽത്തകിടിയിൽ താളം ചവുട്ടി നടന്നുപോകും. പ്രാതലിന്റെ സമയത്ത് കൃത്യമായെത്തും. അപ്പോൾ കിച്ചണിലെ പാത്രം കഴുകുന്ന സിങ്കിന്റെ ചെറിയ ബഹളം കേൾക്കും. വെള്ളക്കുഴലിന്റെ തൊണ്ടയിലെ ഗുളുഗുളുസ്വരം മന്ദമായിക്കേട്ടാലുടനെ അവിടെത്തന്നെ നിൽക്കും. ചില്ലിലൂടെ നോക്കിയാൽ അടുപ്പും പാത്രവും ആഹാരത്തിന്റെ ആവിയും കാണും. അപ്പോൾ ബ്രൗണി കഴുത്തുനീട്ടി ജനലിനപ്പുറത്തെ തന്റെ 'പോറ്റമ്മ'യെ ധൃതിപിടിച്ച പണികൾക്കിടയിൽ ഒരു നോക്കുകാണും.

തന്റെ വരവറിയിക്കേണ്ട വിശേഷപ്പെട്ട ഒരു കരകര ശബ്ദത്തിൽ പറയും. 'കര... കറ... കര... കറ...'

എനിക്കു വിശക്കുന്നുണ്ട്. മറുവാക്ക് കിട്ടുംവരെ നിൽക്കും.

'ഓ! ബ്രൗണി, മൈ ഡിയർ... വന്നു അല്ലേ? ഇന്ന് ഉപ്പുമാവാണ്. പഴവും തരട്ടെ?'

അതിനു ചോറും കറിയുമാണിഷ്ടം. ഞായറാഴ്ചയാവട്ടെ. നോക്കാം എന്നു കസ്തൂരി. കസ്തൂരി ഗൃഹനായികയാണ്.

തിരക്കിലാണ്. ഉടുപ്പേ ധരിച്ചിട്ടുള്ളൂ. വേഷം മാറണം. സ്കർട്ട്, ഷർട്ട്, കോട്ട്, സോക്സ്,



വര: ബോബി എം പ്രഭ

പാന്റ്സ്, ബൂട്ട്, കണ്ണട. വസ്ത്രം മാറ്റിയാൽ തന്റെ അന്നദാതാവ് അടുക്കളയിൽ കേറില്ല. ദൂരെ മഹാനഗരത്തിലേക്ക് ഒരു മണിക്കൂർ വണ്ടിയോടിച്ചു പോകണം. തന്നത്താൻ ഒരു വമ്പൻ കാറിൽ, സ്റ്റിയറിങ്ങിനു കൈകൊടുത്തുകൊണ്ട് - കസ്തൂരി ധൃതിയിൽ ഉപ്പുമാവും ഒരു പഴക്കഷണവും കിണ്ണത്തിലിട്ട് അടുക്കളയുടെ ബാൽക്കണിയിലേക്കുള്ള വലിയ വാതിൽ തുറക്കുന്നു. ബ്രൗണി അത് തിരിച്ചറിയുന്നു. 'ഇതാ എന്റെ അന്നം വര്ണു! 'കീഴെ പുൽത്തകിടിയിലെത്തിനിൽക്കുന്ന മരക്കോണി ഒച്ച വച്ചിറങ്ങുമ്പോൾ ബ്രൗണി പുഞ്ചിരിക്കുന്നു. കസ്തൂരിക്കല്ലാതെ മറ്റാർക്കും മനസ്സിലാക്കാൻ കഴിയാത്ത ഒരു മന്ദഹാസം.

പ്രത്യേകം കുഞ്ഞിക്കിണ്ണത്തിൽ ലഭിച്ച ആഹാരം കഴിക്കുന്നതിനിടയിൽ ബ്രൗണി കഴുത്തുയർത്തി, കാട്ടിലേക്കു കാതോർക്കും. മുറ്റത്തെ വിശാലമായ പുൽത്തകിടിയിലേക്കു പ്രവേശിക്കാൻ വടക്കും തെക്കും മൂലകളിൽ മൾബറി മരക്കാട് വകഞ്ഞ് മാനുകൾ പണിയെടുത്തു സ്വയം വഴിയൊരുക്കീട്ടുണ്ട്. രണ്ടു മാൻകുടുംബങ്ങൾ ഇതുവഴിക്ക് പുൽത്തകിടിയിലേക്കു വരും. അച്ഛൻ, അമ്മ, രണ്ടോ നാലോ ചിലപ്പോൾ അഞ്ചോ മക്കൾ വീതം. ചേട്ടൻ, ചേച്ചി, അനിയന്മാർ, അനിയത്തിമാർ- വലിയ കുടുംബങ്ങളുണ്ട് മാനുകൾക്ക്. ബ്രൗണിയുടെ വീട്ടിൽ നിന്ന് ആരോ നാടുവിട്ടുപോയോ? വഴി തെറ്റിയോ? മഹാനഗരം അല്ലേ? പാവം! ബ്രൗണിക്ക് ആഹാരത്തോടു ആർത്തി കുറഞ്ഞു. പാത്രം കിലുങ്ങിയാലും തിരിഞ്ഞു നോക്കാതായി. കസ്തൂരി എന്ന വീട്ടമ്മ തീറ്റയിട്ട പാത്രവുമായി അവന്റെ വഴിക്കു നോക്കിനിന്നു. പാത്രം തിരികെ പുറകുവശത്തെ ബാൽക്കണിച്ചോട്ടിൽ അണ്ണാൻ കുസൃതികൾ കാട്ടാത്തവിധം മറച്ചുവച്ചു.

അന്നു വൈകുന്നേരം വണ്ടിയോടിച്ചു കസ്തൂരി വീടെത്തി.



വണ്ടിയെ ഗ്യാരേജിൽ കേറ്റിയിട്ടു. ഉടുപ്പുമാറുംമുമ്പ് ബ്രൗണിയുടെ പാത്രത്തിലെത്തിനോക്കി. ഒരു വറ്റുപോലും കഴിച്ചിട്ടില്ല. ബ്രൗണിക്കിഷ്ടമുള്ള ബ്രൗൺ നിറത്തിലുള്ള കടലമണിയിൽ ഉറുമ്പരിക്കുന്നു.

പുൽത്തകിടിയുടെ അരികിൽ ഒഴുകുന്ന തോട്ടുവക്കിലെ ഇടതിങ്ങിയ ഓക്കുമരങ്ങളിൽ അണ്ണാന്മാർ കേറിയിറങ്ങി കേറിയിറങ്ങി വസന്താഗമം ആഘോഷിക്കുന്നു. ബ്രൗണി അതെല്ലാം പുറകിൽത്തള്ളി വാഹനങ്ങൾ ഒഴുകിമറയുന്ന റോഡിലെ ചെറിയ വിടവുകളിലൂടെ അക്കരയ്ക്കു നോക്കി ഒരേയൊരു നിൽപ്പ്. ഇമ പൂട്ടാതെ.

'എന്താണു നിനക്കു പറ്റിയത് ബ്രൗണി?' കസ്തൂരി ചോദിച്ചു.

അത് കരയാൻ ശ്രമിച്ചു. ഒച്ച പുറത്തു വന്നില്ല. പിന്നെ നാലുവാഹനങ്ങൾ വാലിന്മേൽ വാലായി ഒഴുകിപ്പോയതിനു ശേഷം ഒരു വിടവുകണ്ടു. ഒരൊറ്റപ്പറക്കൽ. ബ്രൗണി അക്കരെ മൈതാനത്തിന്റെ അരിക് അലങ്കരിക്കുന്ന കുറ്റിച്ചെടികൾക്കപ്പുറം മാഞ്ഞുപോയി. കസ്തൂരിക്കു കരച്ചിൽ വന്നു. അവൾ തിരികെയെത്തി ബ്രൗണിയുടെ തീറ്റത്തളിക, ബാൽക്കണിയുടെ താഴെപ്പടവിൽ ഒരു നിഴലിൽ മാറ്റി വച്ചു. അണ്ണാൻകൂട്ടം വസന്തോത്സവം ആഘോഷിച്ചു പുറകിലെ തോട്ടുവക്കിൽ രാത്രി കഴിച്ചു. പിറ്റേന്നു വെളിച്ചമോടി കാട്ടിൽ നിന്നു പുറത്തുകടന്നു.

അതാ നിൽക്കുന്നു, ഒരു മന്ദസ്മിതത്തോടെ ബ്രൗണിയും അവന്റെ ഇണയും. അവർ ബാൽക്കണിയുടെ കോണികയറി. അണ്ണാന്മാർ തൊട്ടുകേടുവരുത്താത്ത ശുദ്ധജലത്തിൽ സൂര്യൻ മുഖം നോക്കിച്ചിരിക്കുന്നു. ബ്രൗണി ആദ്യം പാത്രത്തിലെ സൂര്യകാന്തി വിത്തുകൾ പെറുക്കിത്തിന്നു. പിന്നെ വെള്ളം കുടിച്ചു. കിച്ചൺ വാതിലിനു നേർക്കു കണ്ണോടിച്ചു. വരട്ടെ, ചേച്ചി എന്നു പറഞ്ഞു. അണ്ണാന്മാരുടെ ഉത്സവത്തിൽ പങ്കെടുക്കാൻ ഇണയെക്കൂട്ടി ഓടിപ്പോയി. വെയിൽ മഞ്ഞ ധരിച്ചു ഊറിച്ചിരിച്ചു.

# വായന കൊണ്ട് വാനോളം വളർന്നവൻ

ബഷീർ ചുങ്കത്തറ


അമേരിക്കൻ ഐക്യനാടുകളുടെ 16-ാം പ്രസിഡന്റായിരുന്നു ഏബ്രഹാം ലിങ്കൺ. അമേരിക്കയിലെ അടിമത്തത്തിനെതിരെയുള്ള പോരാട്ടത്തിന്റെ മുഖ്യനായകനും. പ്രസിഡന്റായിരിക്കെ അടിമത്തം അവസാനിപ്പിക്കുന്നതിനായി ശക്തമായ നിലപാടു കൈക്കൊണ്ട ലിങ്കൺ സ്വീകരിച്ച പ്രധാന നിയമ നടപടിയായിരുന്നു 1863ലെ വിമോചന വിളംബരം. സ്വന്തം ആദർശങ്ങളിൽ ഉറച്ചുനിൽക്കാനുള്ള മനസ്സും കഠിനമായ പരിശ്രമവും ഉണ്ടെങ്കിൽ എത്ര കടുത്ത പ്രതികൂല സാഹചര്യങ്ങളെയും തോൽപ്പിക്കാൻ കഴിയും എന്നതാണ് ഏബ്രഹാം ലിങ്കൺ സ്വന്തം ജീവിതംകൊണ്ട് നമുക്കു നൽകിയ പാഠം.




അമേരിക്കയിലെ കെന്റക്കി എന്ന സംസ്ഥാനത്ത് ജീവിച്ചിരുന്ന തീർത്തും ദരിദ്രനായ ഒരു മരപ്പണിക്കാരനായിരുന്നു തോമസ് ലിങ്കൺ. ഭാര്യയും രണ്ടുമക്കളും മാത്രമുള്ള ഒരു ചെറിയ കുടുംബമായിരുന്നു അവരുടേത്.

എന്നിട്ടും അവർക്ക് ജീവിക്കാൻ ആവശ്യമുള്ള അത്രയും വരുമാനം അയാൾക്ക് കിട്ടിയിരുന്നില്ല. അതിനാൽ അയാളുടെ ഭാര്യ നാൻസ് ഹാക്സും രണ്ടു മക്കളുംകൂടി ജോലി ചെയ്താണ് കാര്യങ്ങൾ നടത്തിയിരുന്നത്. അവർക്ക് നല്ല വസ്ത്രങ്ങൾ ഉണ്ടായിരുന്നില്ല. മരപ്പണിയിൽ മിച്ചം വരുന്ന ചെറിയ മരപ്പലകകൾകൊണ്ട് തട്ടിക്കൂട്ടിയുണ്ടാക്കിയിരുന്ന ഒരു മരക്കുടിലിലാണ് അവർ താമസിച്ചിരുന്നത്.

ആ വീട്ടിലെ കുട്ടികളായ സാറയെയും ഏബ്രഹാമിനെയും സ്കൂളിൽ ചേർക്കേണ്ട പ്രായമായിട്ടും സ്കൂളിൽ ചേർത്തിരുന്നില്ല. അവർ താമസിക്കുന്ന സ്ഥലത്തിന്റെ അടുത്തൊന്നും ഒരു സ്കൂളും ഉണ്ടായിരുന്നില്ല. അത്രയ്ക്ക് ഉൾനാട്ടിലായിരുന്നു അവരുടെ കുടിൽ. അതിനാൽ കുട്ടികൾ രണ്ടുപേരും അച്ഛന്റെ ജോലികൾക്ക്



ഏബ്രഹാം ലിങ്കൺ



Credit : National Park Service

ഏബ്രഹാം ലിങ്കണിന്റെ ജന്മസ്ഥലം

പറ്റുന്ന സഹായങ്ങളൊക്കെ ചെയ്തുകൊടുത്ത് അങ്ങനെ കഴിഞ്ഞുപോന്നു.

കുറച്ചുകാലം കഴിഞ്ഞപ്പോൾ അവരുടെ കുടിലിൽ നിന്നും കുറച്ച് അകലെയായി ഒരു സ്കൂൾ തുടങ്ങി. സാറയെയും ഏബ്രഹാമിനെയും ആ സ്കൂളിൽ ചേർത്തു. ഏതാനും മാസത്തേക്ക് മാത്രമേ ആ കുട്ടികൾക്ക് പഠനം നടത്താൻ കഴിഞ്ഞുള്ളൂ. തോമസ് ലിങ്കണും കുടുംബത്തിനും ഇൻഡ്യാന എന്ന സ്ഥലത്തേക്ക് താമസം മാറ്റേണ്ടിവന്നു. അതോടെ ആ കുട്ടികളുടെ പഠനം നിന്നു. പുതിയ താമസസ്ഥലം കുറേക്കൂടി ഉൾപ്രദേശത്തായിരുന്നു. അവിടെയടുത്തൊന്നും ഒരു സ്കൂളും ഉണ്ടായിരുന്നില്ല. ഏബ്രഹാമിന് അപ്പോൾ ഏഴു വയസ്സായിരുന്നു.

ഇൻഡ്യാനയിലും ലിങ്കൺ കുടുംബം താമസിച്ചിരുന്നത് ഒരു മരക്കുടിലിൽ തന്നെയായിരുന്നു. കടുത്ത തണുപ്പുള്ള കാലത്ത് നല്ല വിരിപ്പോ കമ്പിളി വസ്ത്രങ്ങളോ ഇല്ലാതെ അവർ കഷ്ടപ്പെട്ടു. കൊച്ച് ഏബ്രഹാം തണുപ്പിൽ നിന്നും രക്ഷപ്പെടാനായി ഉണങ്ങിയ ഇലകൾ കൂട്ടിയിട്ട് ഒരു കിടക്കപോലെയാക്കി അതിനു മുകളിലാണ് കിടന്നിരുന്നത്.

ഏബ്രഹാമിനെ വീട്ടിൽ എല്ലാവരും ഏബ് എന്നാണ് വിളിച്ചിരുന്നത്. ഏഴാം വയസ്സിൽ തന്നെ പഠനം നിന്നുപോയ ഏബും അവന്റെ ചേച്ചിയും അച്ഛനെ ജോലിയിൽ സഹായിച്ചു കഴിഞ്ഞു. ഏബിന് ഒമ്പതു വയസ്സായപ്പോൾ നാട്ടിൽ പടർന്നുപിടിച്ച പകർച്ചവ്യാധിയിൽ അവരുടെ അമ്മ മരണമടഞ്ഞു. അത് ആ കുടുംബത്തിന് വലിയ ഒരു ആഘാതമായിരുന്നു. കൊച്ച് ഏബ് ദുഃഖംകൊണ്ട് തകർന്നുപോയി.

മരപ്പണികളും വീട്ടുജോലിയും ഒപ്പം കൊണ്ടുപോകാൻ കഴിയാതെ തോമസ് ലിങ്കൺ വിഷമിച്ചു. കുറച്ചുകാലം കഴിഞ്ഞപ്പോൾ തന്നെപ്പോലെ വിഷമം അനുഭവിക്കുന്ന മറ്റൊരു കുടുംബത്തെ അയാൾ കണ്ടെത്തി. മൂന്നു മക്കളുള്ള വിധവയായ ഒരു സ്ത്രീയെ തോമസ് ലിങ്കൺ വിവാഹം കഴിച്ചു. ഏബിന്റെ ചേച്ചിയുടെ പേരു തന്നെയായിരുന്നു അവരുടേതും. സാറ. അവർ അഞ്ചു മക്കൾക്കും അമ്മയായി.

ഏഴാം വയസ്സിൽ സ്കൂൾപഠനം നിന്നുപോയ ഏബിന് പതിനൊന്നാം വയസ്സിൽ അത് തുടരാൻ ഒരു അവസരം കിട്ടി. അവർ താമസിക്കുന്നിടത്ത് നിന്നും നാല് നാഴിക അകലെ ഒരു സ്കൂൾ വന്നപ്പോൾ ഏബ് അവിടെ ചേർന്നു. രണ്ടാനമ്മ സാറയും അവനെ പഠിക്കാൻ പ്രോത്സാഹിപ്പിച്ചു. തന്റെയും കുടുംബത്തിന്റെയും കഷ്ടപ്പാടുകൾ തീരണമെങ്കിൽ വിദ്യാഭ്യാസം നേടണമെന്ന് അവൻ മനസ്സിൽ ഉറപ്പിച്ചു.

പഠനം എന്നത് അവന് വലിയ ഒരു അധ്വാനം തന്നെയായിരുന്നു. എല്ലാ ദിവ

സവും രാവിലെ നാലുനാഴിക സ്കൂളിലേക്ക് അങ്ങോട്ടും തിരിച്ച് ഇങ്ങോട്ടുമുള്ള നടത്തം. അതുകഴിഞ്ഞ് കിട്ടുന്ന സമയം ജോലിയിൽ അച്ഛനെ സഹായിക്കണം. അതോടെ രാത്രി യാകും. അവന് പഠിക്കാനായി കിട്ടിയിരുന്ന സമയം രാത്രി മാത്രമായിരുന്നു. വീട്ടിൽ ആവ ശ്യത്തിന് വിളക്കുകളോ അത് കത്തിക്കാനുള്ള എണ്ണയോ ഉണ്ടായിരുന്നുമില്ല.


എങ്കിലും ഏബ് നിരാശനായില്ല. അമ്മ ഭക്ഷണം പാകം ചെയ്യുന്നതിനായി കൽക്കരി കത്തിക്കുമ്പോൾ ഉണ്ടാകുന്ന വെളിച്ചത്തിൽ അടുപ്പിനടുത്ത് ഇരുന്ന് അവൻ പഠിച്ചു.

പാഠപുസ്തകത്തിലെ അറിവുകൾ മാത്രം പോരെന്ന് തോന്നിയ ഏബ് കഴിയുന്നത്ര പുസ്തകങ്ങൾ കണ്ടെത്തി വായിക്കാൻ ശ്രമിച്ചു. അതിനുവേണ്ടി അവൻ പുസ്തകങ്ങൾ സ്വന്ത മായി ഉള്ള ആളുകളുമായി പരിചയപ്പെട്ടു. അവരിൽ നിന്നും പുസ്തകങ്ങൾ വാങ്ങിവാ യിച്ചു. വായിച്ചശേഷം തിരിച്ചുകൊടുത്തു. അതിനുവേണ്ടിയും ഏബിന് വളരെ ദൂരം നട ക്കേണ്ടി വന്നിരുന്നു.

വായിക്കുന്ന പുസ്തകങ്ങളിൽ മനസ്സിൽ തട്ടിയ ചില കാര്യങ്ങൾ എവിടെയെങ്കിലും ഒന്നു കുറിച്ചുവച്ചാൽ നന്നായിരിക്കും എന്ന് ഏബിന് തോന്നി. അതിനും ഒരു തടസ്സമുണ്ടായിരുന്നു. ആവശ്യത്തിന് കടലാസുകൾ കിട്ടാൻ അവന് വഴിയുണ്ടായിരുന്നില്ല. അക്കാലത്ത് കടലാസിനു നല്ല വില കൊടുക്കേണ്ടിയിരുന്നു.


സ്കൂളിലെ ആവശ്യങ്ങൾക്കുപോലും കട ലാസ് വാങ്ങാൻ അച്ഛൻ പ്രയാസപ്പെട്ടിരുന്നു. അപ്പോൾ മറ്റ് ആവശ്യങ്ങൾക്കുവേണ്ടി കടലാസ് വാങ്ങാൻ അച്ഛനോടു പണം ചോദിക്കാൻ ഏബിന് തോന്നിയില്ല. ഒടുവിൽ അവൻ ഒരു വഴി കണ്ടുപിടിച്ചു.

അച്ഛന്റെ മരപ്പണിക്കിടയിൽ ബാക്കിയാവുന്ന കട്ടികുറഞ്ഞ പലകകൾ അവൻ ശേഖരിച്ചു വച്ചു. അടുക്കളയിൽ ഭക്ഷണം പാകം ചെയ്യുമ്പോൾ കിട്ടിയിരുന്ന കരിക്കട്ടകൾ ഉപയോഗിച്ച് അവൻ പുസ്തകങ്ങളിലെ ഓർത്തിരിക്കേണ്ട കാര്യങ്ങൾ ആ മരപ്പലകകളിൽ കുറിച്ചുവച്ചു. എന്നിട്ടും ഏബിന്റെ സ്കൂൾപഠനം നിന്നുപോയി.


Credit: Nicholas H. Shepherd
യുവാവായ ഏബ്രഹാം ലിങ്കൺ

അച്ഛന്റെ ജോലികളിൽ സഹാ യിക്കാൻ കൂടുതൽ സമയം വേണ്ടിവന്നപ്പോൾ അവന് പഠനം നിർത്തേണ്ടിവന്നു. ആകെ ഒരു വർഷക്കാലം മാത്രമേ ഏബിന് സ്കൂളിൽ ചേർന്ന് പഠിക്കാൻ ഭാഗ്യം കിട്ടിയുള്ളൂ. കിട്ടിയ സമയം കൊണ്ട് അക്ഷരങ്ങൾ പഠിച്ച് അവൻ നല്ല ഒരു വായനക്കാര നായി മാറിയിരുന്നു. അതിനാൽ സ്കൂളിൽ പോയില്ലെങ്കിലും പുസ്തകവായന വഴിയുള്ള സ്വയംപഠനം അവൻ തുടർന്നു.

എല്ലാ പ്രയാസങ്ങളെയും മറികടന്ന് ഏബ് വായനയിലും സ്വയംപഠനത്തിലും മുഴുകി. കുറേക്കഴിഞ്ഞപ്പോൾ സ്വന്തമായി എന്തെങ്കിലുമൊക്കെ എഴുതിയാൽ കൊള്ളാമെന്ന് അവനുതോന്നി. മനസ്സിൽ തോന്നിയ കാര്യങ്ങൾ കവിതകളും ലേഖനങ്ങളുമാക്കി അവൻ എഴുതിവച്ചു. കിട്ടുന്ന എല്ലാ തുണ്ടുകടലാസുകളും പെറുക്കി ശേഖരിച്ച് വേണമായിരുന്നു അവന്



**വളരുന്തോറും ഏബിന്റെ വായനാശീലവും വളർന്നു. അതോടെ വലിയ വലിയ ആശയങ്ങളും ആ കുട്ടിയുടെ മനസ്സിൽ ഉയരാൻ തുടങ്ങി. മറ്റുള്ളവർക്ക് കാര്യങ്ങൾ പറഞ്ഞുകൊടുക്കണമെങ്കിൽ പ്രസംഗിക്കാൻ പഠിക്കണമെന്ന് അവൻ മനസ്സിലാക്കി. അതോടെ പ്രസംഗത്തിലും അവൻ ശ്രദ്ധിച്ചു.**

കടലാസ് കണ്ടെത്താൻ. അങ്ങനെ തുണ്ടുകടലാസുകളിൽ താൻ തയ്യാറാക്കിയ കുറിപ്പുകൾ അറിവുള്ള ആർക്കെങ്കിലും ഒന്നു കാണിച്ചുകൊടുക്കണമെന്ന് അവൻ ആഗ്രഹിച്ചു.

ഏബ് തന്നെ അതിനു പറ്റിയ ഒരാളെ കണ്ടെത്തി. അയൽക്കാരനായിരുന്ന വില്യം വുഡ്. ഒരു നല്ല വായനക്കാരനായിരുന്ന വില്യം കൊച്ച് ഏബിനെ പ്രോത്സാഹിപ്പിച്ചു. ഒരു സൗകര്യവുമില്ലാത്ത വീട്ടിലെ കുട്ടിയായിട്ടും ഏബിന് അത്രയൊക്കെ മികച്ച രീതിയിൽ എഴുതാൻ കഴിയുന്നതിൽ വില്യം ഏബിനെ അഭിനന്ദിച്ചു.

കൊച്ച് ഏബിന്റെ കുറിപ്പുകളിൽ കൂടുതൽ മികച്ചത് എന്നു തോന്നിയവ വില്യം വുഡ് ചില പത്രങ്ങൾക്ക് അയച്ചുകൊടുത്തു. അവയിൽ ചിലതൊക്കെ ചില പത്രങ്ങളിൽ അച്ചടിച്ചുവന്നു. ഏബിന് അത് വലിയ ആത്മവിശ്വാസം പകർന്നു. തന്റെ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങളെ കുറിച്ചൊക്കെ ഏബ് ലേഖനം എഴുതി. അവയിൽ പലതും പ്രസിദ്ധീകരിക്കുകയും ചെയ്തു.

ഏബിന്റെ ലേഖനങ്ങളിൽ ശ്രദ്ധിക്കപ്പെട്ട ഒന്ന് മനുഷ്യൻ മൃഗങ്ങളോടു കാണിക്കുന്ന ക്രൂരതകളെക്കുറിച്ചായിരുന്നു. സ്വന്തം കഷ്ടപ്പാടുകളേക്കാളേറെ തന്റെ ചുറ്റും കാണുന്ന പ്രശ്നങ്ങളെക്കുറിച്ചായിരുന്നു ഏബ് ചിന്തിച്ചത്. എല്ലാ ജീവികളോടും സ്നേഹത്തോടെ പെരുമാറുക എന്നത് ഏബിന്റെ ഒരു സ്വഭാവമായിരുന്നു. വളർത്തുമൃഗങ്ങളെയെല്ലാം അവൻ കുടുംബാംഗങ്ങളെപോലെ സ്നേഹിച്ചു.

വളരുന്തോറും ഏബിന്റെ വായനാശീലവും വളർന്നു. അതോടെ വലിയ വലിയ ആശയങ്ങളും ആ കുട്ടിയുടെ മനസ്സിൽ ഉയരാൻ തുടങ്ങി. മറ്റുള്ളവർക്ക് കാര്യങ്ങൾ പറഞ്ഞുകൊടുക്കണമെങ്കിൽ പ്രസംഗിക്കാൻ പഠിക്കണമെന്ന് അവൻ മനസ്സിലാക്കി. അതോടെ പ്രസംഗത്തിലും അവൻ ശ്രദ്ധിച്ചു. മഹാന്മാരായ പലരുടെയും പ്രസിദ്ധമായ പ്രസംഗങ്ങൾ പുസ്തകങ്ങളായി അച്ചടിച്ചുവന്നത് അവൻ വായിച്ചുപഠിച്ചു. ലോകത്ത് വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ കാരണക്കാരായ വലിയ നേതാക്കളെക്കുറിച്ചുള്ള പുസ്തകങ്ങളായിരുന്നു അവയിൽ പലതും.

അമേരിക്കയുടെ സ്വാതന്ത്ര്യസമരത്തിന് നേതൃത്വം കൊടുത്തത് ജോർജ് വാഷിങ്ടൺ ആയിരുന്നു. അദ്ദേഹത്തിന്റെ ആത്മകഥ ഏബിന് വായിക്കാൻ കിട്ടി. അദ്ദേഹത്തെപ്പോലെ സ്വന്തം നാടിനുവേണ്ടി എന്തെങ്കിലും ചെയ്യാൻ കഴിയുന്ന ആളാവണമെന്ന് ഏബ് ആഗ്രഹിച്ചു.

ആ ആത്മകഥാപുസ്തകം കുറച്ചകലെയുള്ള ഒരു പരിചയക്കാരനിൽ നിന്നും വായ്പവാങ്ങിയതായിരുന്നു. വളരെ ശ്രദ്ധയോടെ ഏബ് ആ പുസ്തകം വായിച്ചുതുടങ്ങി. രാത്രി ഭക്ഷണം തയ്യാറാക്കുന്ന അടുപ്പിലെ തീയുടെ വെളിച്ചത്തിൽ പകുതിയിലേറെ ഭാഗം വായിച്ചുതീർത്തു. അതിനുശേഷം പുസ്തകം കിടക്കുന്നതിന്റെ തൊട്ടടുത്ത് ഒരു മരപ്പലകയ്ക്കടിയിൽവച്ച് ഏബ് ഉറങ്ങാൻ കിടന്നു. പുസ്തകത്തിന്റെ ബാക്കിഭാഗം വായിക്കാനായി പലകമാറ്റി നോക്കിയപ്പോൾ അതാകെ നനഞ്ഞു കുതിർന്നിരുന്നു. ചുമരുകളില്ലാത്ത ഏബിന്റെ കുടിലിലെ മരപ്പലകകൾക്കിടയിലൂടെ വീശിയ മഞ്ഞുകാറ്റു പറ്റിച്ച പണിയായിരുന്നു അത്. നനവ് പറ്റിയിരുന്നെങ്കിലും പുസ്തകം ഏബ് വായിച്ചു മുഴുവനാക്കി.

വായിച്ചുകഴിഞ്ഞ പുസ്തകം തിരിച്ചുകൊടുക്കാനായി ഏബ് പുസ്തകത്തിന്റെ ഉടമയുടെ വീട്ടിലെത്തി. നനവ് പറ്റിയ പുസ്തകം തിരിച്ചുവാങ്ങാൻ അയാൾ കൂട്ടാക്കിയില്ല. ഒന്നുകിൽ വേറെ പുസ്തകം തരണം അല്ലെങ്കിൽ അതിന്റെ വില തരണം. അയാൾ ആവശ്യപ്പെട്ടു. രണ്ടിനാണെങ്കിലും പണം വേണം. ഏബിന്റെ കൈവശം ഒന്നും ഉണ്ടായിരുന്നില്ല. അപ്പോൾ ഏബ് പറഞ്ഞു.

''വില തരാനായി എന്റെ കൈയിൽ പണമില്ല.

പകരം ഞാൻ കൂലിയില്ലാതെ താങ്കളുടെ തോട്ടത്തിൽ ജോലി ചെയ്യാം.'' പുസ്തകത്തിന്റെ ഉടമ സമ്മതിച്ചു. അങ്ങനെ മൂന്നുദിവസം തോട്ടത്തിൽ ജോലി ചെയ്താണ് ഏബ് ആ കടം വീട്ടിയത്. ഇങ്ങനെ പല ത്യാഗങ്ങളും സഹിച്ചായിരുന്നു ഏബ് വായിക്കാൻ പുസ്തകങ്ങൾ സംഘടിപ്പിച്ചിരുന്നത്.


കുറച്ച് മുതിർന്നപ്പോൾ കുടുംബത്തെ സഹായിക്കാനായി എന്തെങ്കിലും ഒരു സ്ഥിരം ജോലി ഏബ് അന്വേഷിച്ചു. ഒരു ഈർച്ച മില്ലിൽ കണക്കെഴുത്തുകാരനായി പണി കിട്ടി. അൽപ്പകാലം കഴിഞ്ഞപ്പോൾ ആ മില്ല് പ്രവർത്തനം നിർത്തി. അതോടെ ഏബിന്റെ ജോലിയും പോയി. ഒരു കട നടത്തി കുറച്ചു നാളുകൾ കഴിഞ്ഞു. അതിലും വലിയ മെച്ചമൊന്നും കിട്ടിയില്ല. അതോടെ അതും നിർത്തി. കിട്ടുന്ന ഏതു ജോലിയും ചെയ്തുകൊണ്ട് ഏബ് കുടുംബത്തെ സഹായിച്ചു. അക്കാലത്ത് അവൻ വഞ്ചിയുടെ തുഴച്ചിൽക്കാരനായും തോണികൾ ഉണ്ടാക്കുന്ന സ്ഥാപനത്തിലെ ആശാരിയായും ജോലി ചെയ്തു. സർക്കാരിനുവേണ്ടി സർവേ ജോലികൾ ചെയ്തിരുന്ന സംഘത്തിൽ സഹായിയായും കുറച്ചുനാളുകൾ കഴിഞ്ഞു.

പലതരം ജോലികളുമായി ഓടിനടക്കുമ്പോഴും തന്റെ വായനയ്ക്കും പഠനത്തിനും മുടക്കം വരാതിരിക്കാൻ ഏബ് ശ്രദ്ധിച്ചു. ഒരു വർഷം മാത്രമേ സ്കൂളിൽ പഠിക്കാൻ അവനു കഴിഞ്ഞിരുന്നുള്ളൂ. എങ്കിലും ഉന്നതവിദ്യാഭ്യാസം നേടിയ ആളുകളേക്കാൾ പല കാര്യങ്ങളിലും അറിവുള്ള ആളായി ആ ബാലൻ മാറി.

തോമസ് ലിങ്കണും കുടുംബവും താമസിച്ചിരുന്ന പ്രദേശത്ത് ഭൂരിപക്ഷംപേരും ദരിദ്രരായിരുന്നു. പ്രത്യേകിച്ചും കറുത്തവർഗക്കാർ. ഏബിന്റെ കുടുംബം വെള്ളക്കാരായിരുന്നുവെങ്കിലും അവർ കറുത്തവരെപ്പോലെ തന്നെ പാവപ്പെട്ടവരായിരുന്നു.

അന്ന് വെള്ളക്കാരായ പണക്കാരിൽ ചിലർ വളരെ ക്രൂരമായ ഒരു ഇടപാട് നടത്തിയിരുന്നു. ആഫ്രിക്കയിൽ നിന്നും ബലമായി പിടിച്ചുകൊണ്ടുവന്ന നീഗ്രോവംശജരായ കറുത്ത മനുഷ്യരെ അടിമകളാക്കിവച്ച് അടിച്ചു പണിയെടുപ്പിച്ചിരുന്നു. ജീവിക്കാനുള്ള ഭക്ഷണം മാത്രമല്ലാതെ കൂലിയൊന്നും അവർക്ക് കൊടുത്തിരുന്നില്ല. അമേരിക്കയിലെ അന്നത്തെ നിയമം അനുസരിച്ച് അടിമകൾക്ക് ഒന്നിനും സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. ക്രൂരരായ യജമാനന്മാരുടെ അടുത്തുനിന്നും ഓടിപ്പോയാലും അവർ ശിക്ഷിക്കപ്പെട്ടിരുന്നു. അടിമകളുടെ ഉടമസ്ഥർക്ക് അവരെ വിൽക്കാനും മറ്റുള്ളവർക്കുവേണ്ടി പണിയെടുക്കാനായി വാടകയ്ക്ക് കൊടുക്കാനും അവകാശമുണ്ടായിരുന്നു.

ഏബ് താമസിച്ചിരുന്ന ഭാഗത്ത് വെള്ളക്കാരും പാവങ്ങളായിരുന്നതിനാൽ അവർക്കാർക്കും അടിമകൾ ഉണ്ടായിരുന്നില്ല. ദൂരദേശത്തേക്ക് യാത്ര ചെയ്യാനുള്ള സാഹചര്യവും ഏബിന് കിട്ടിയിരുന്നില്ല. അതിനാൽ കുട്ടിക്കാലത്തൊന്നും ഒരു അടിമമനുഷ്യനെയും ഏബ് കണ്ടിരുന്നില്ല. അടിമകളെ കച്ചവടം ചെയ്തുകൊണ്ട് വലിയ പണക്കാരായി തീർന്ന അടിമവ്യാപാരികൾ



നൂറ്റാണ്ടുകൾക്കു മുമ്പ് നിലനിന്നിരുന്ന അടിമകച്ചവടം

ഫോട്ടോ : Sanchezn

ധാരാളം പേരുണ്ടായിരുന്നു. ആഫ്രിക്കയിൽ നിന്നും കൂട്ടത്തോടെ കപ്പലിൽ കൊണ്ടുവന്നിരുന്ന നീഗ്രോ വംശജരെ ഒന്നിച്ചു കുറഞ്ഞ വിലയ്ക്ക് അവർ വാങ്ങും. എന്നിട്ട് ആ നിസ്സഹായരായ മനുഷ്യരെ അടിമച്ചന്തകളിൽ കൊണ്ടുപോയി ആവശ്യക്കാർക്ക് കൂടിയ വിലയ്ക്ക് വിൽക്കും. ഇതായിരുന്നു അവരുടെ വ്യാപാരം.

കുറച്ച് മുതിർന്നുകഴിഞ്ഞ് പത്തൊമ്പതാം വയസ്സിൽ കുറച്ച് ദൂരെ ഒരു സ്ഥലത്തേക്ക് പോകേണ്ടി വന്നപ്പോഴാണ് ഏബ് ആദ്യമായി ഒരു അടിമസംഘത്തെ കണ്ടത്. ആ കാഴ്ച ഏബിന്റെ മനസ്സിൽ വലിയ വിഷമം ഉണ്ടാക്കി. ആ അടിമകളുടെ ചുമലുകളിൽ കനത്ത ഭാരങ്ങൾ വച്ചു കെട്ടിക്കൊടുത്തിരുന്നു. പലരും നടക്കാൻ കഴിയാത്ത വിധം അവശരായിരുന്നു. എങ്കിലും അവരെ നടത്തിക്കൊണ്ട് പോന്നിരുന്ന വെള്ളക്കാരന്റെ മർദനം പേടിച്ച് അവർ പ്രയാസപ്പെട്ടു നടന്നുകൊണ്ടിരുന്നു. ചെറിയ ക്ഷീണം പ്രകടിപ്പിക്കുന്നവരെ അയാൾ ചമ്മട്ടികൊണ്ട് അടിക്കുന്ന കാഴ്ച ഏബിനെ ദുഃഖിതനാക്കി. അടിമക്കൂട്ടത്തിലെ പലരുടെയും ദേഹത്തെ അടിയേറ്റ മുറിവുകളിൽ നിന്നും ചോരയൊലിക്കുന്നുണ്ടായിരുന്നു.

അതിദയനീയമായ ആ കാഴ്ച കണ്ട് ഏബ് തളർന്നുപോയി. അടിമത്തം എന്നത് തന്റെ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ തെറ്റും ക്രൂരതയുമാണെന്ന് ഏബിനു തോന്നി. തനിക്ക് എന്തെങ്കിലും ചെയ്യാൻ കഴിവുള്ള ഒരു കാലം വന്നാൽ ഈ അടിമത്തസമ്പ്രദായം ഇല്ലാതാക്കാൻ തന്നെക്കൊണ്ട് ആവുന്നത് ചെയ്യണം. ആ യുവാവ് മനസ്സിൽ പ്രതിജ്ഞയെടുത്തു.

ആദ്യം വായനയിലും പിന്നെ എഴുത്തിലും തുടർന്ന് പ്രസംഗത്തിലും താത്പര്യം കാണിച്ച ഏബിന് യുവാവായപ്പോൾ രാഷ്ട്രീയത്തോടും താത്പര്യം തോന്നി. നാട്ടിൽ എന്തെങ്കിലും മാറ്റങ്ങൾ കൊണ്ടുവരാൻ കഴിയുക രാഷ്ട്രീയ പ്രവർത്തനങ്ങൾകൊണ്ടാണെന്നും ഏബ് മനസ്സിലാക്കി. സന്ദർഭം കിട്ടുമ്പോഴൊക്കെ രാഷ്ട്രീയപാർട്ടികളുടെ യോഗങ്ങളിൽ പ്രസംഗം കേൾക്കാനും ഏബ് പോയിരുന്നു.

പ്രസംഗങ്ങൾ വായിച്ചുപഠിക്കുകയും സ്വയം പരിശീലിക്കുകയും ചെയ്ത ഏബ് നല്ലൊരു പ്രാസംഗികനായി മാറി. വീടിനടുത്ത് നടന്നിരുന്ന സാഹിത്യ സമാജത്തിൽ അവൻ പങ്കെടുക്കുകയും പ്രസംഗങ്ങൾ നടത്തുകയും ചെയ്തു. പ്രസംഗിക്കാനുള്ള ഏബിന്റെ കഴിവ് നാട്ടിലെ രാഷ്ട്രീയപ്രവർത്തകർ ശ്രദ്ധിച്ചു. അവർ ഏബിനെ

**അതിദയനീയമായ ആ കാഴ്ച കണ്ട് ഏബ് തളർന്നുപോയി. അടിമത്തം എന്നത് തന്റെ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ തെറ്റും ക്രൂരതയുമാണെന്ന് ഏബിനു തോന്നി. തനിക്ക് എന്തെങ്കിലും ചെയ്യാൻ കഴിവുള്ള ഒരു കാലം വന്നാൽ ഈ അടിമത്തസമ്പ്രദായം ഇല്ലാതാക്കാൻതന്നെക്കൊണ്ട് ആവുന്നത് ചെയ്യണം. ആ യുവാവ് മനസ്സിൽ പ്രതിജ്ഞയെടുത്തു.**

അവരുടെ പ്രവർത്തകനാക്കി കൂടെ കൂട്ടി. അക്കാലത്ത് സജീവമായിരുന്ന വിഗ്ഗ് കക്ഷിക്കാരാണ് ഏബിനെ കൂടെ ചേർത്തത്. വളരെ വേഗം തന്നെ വിഗ്ഗ് കക്ഷിയുടെ ആ പ്രദേശത്തെ ഒരു നേതാവായി ആ യുവാവ് മാറി.

ഇരുപത്തിമൂന്നാം വയസ്സിൽ തോമസ് ലിങ്കൺ എന്ന മരപ്പണിക്കാരന്റെ മകൻ ഏബ്രഹാം ലിങ്കണെ അമേരിക്കയിലെ ഇല്ലിനോയി സ്റ്റേറ്റ് നിയമസഭയിലേക്ക് വിഗ്ഗ് കക്ഷി സ്ഥാനാർഥിയാക്കി. തന്റെ ആദ്യത്തെ തെരഞ്ഞെടുപ്പ് മത്സരത്തിൽ ലിങ്കൺ തോറ്റു. എന്നാൽ രണ്ടുവർഷം കഴിഞ്ഞ് ഒരു തെരഞ്ഞെടുപ്പുകൂടി വന്നു. അതിലും വിഗ്ഗ് കക്ഷി ലിങ്കണെ തന്നെ മത്സരിപ്പിച്ചു. അതിൽ വിജയിച്ച ലിങ്കൺ ഇരുപത്തഞ്ചാം വയസ്സിൽ നിയമസഭാംഗമായി.

അക്കാലത്ത് അമേരിക്കയിൽ നിയമസഭയിൽ ഒരു അംഗമായാൽ കാര്യമായ വരുമാനമൊന്നും കിട്ടുമായിരുന്നില്ല. എങ്കിലും ജനങ്ങളുടെ പല പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ ആ പദവി ലിങ്കൺ ഉപയോഗിച്ചു. വീട്ടിൽ എല്ലാവരും ഏബ് എന്ന് സ്നേഹത്തോടെ വിളിച്ചിരുന്ന ഏബ്രഹാം ലിങ്കൺ അതോടെ കുറെയൊക്കെ അറിയപ്പെടുന്ന ഒരാളായി മാറി.

ഒരു നിയമസഭാംഗമായെങ്കിലും കൂടുതൽ അറിവുനേടുക, അതിനായി കൂടുതൽ പുസ്തകങ്ങൾ വായിക്കുക എന്നീ ശീലങ്ങൾക്കൊന്നും ഒരു മാറ്റവും ലിങ്കൺ വരുത്തിയില്ല. സ്കൂൾ പഠനം കിട്ടിയിട്ടില്ലാത്തവർക്കും പരീക്ഷയെഴുതി വിജയിച്ചു നേടാവുന്ന ബിരുദങ്ങളെക്കുറിച്ച് ലിങ്കൺ അന്വേഷിച്ചു. അങ്ങനെയാണ് നിയമബിരുദം നേടാനായി പഠനം തുടങ്ങിയത്. അതിന് വിലകൂടിയ കുറേ പുസ്തകങ്ങൾ വാങ്ങേണ്ടതുണ്ടായിരുന്നു. വളരെക്കാലം ജോലി ചെയ്ത് മിച്ചംവച്ചു വാങ്ങിയിരുന്ന പല വീട്ടുപകരണങ്ങളും അത്തരം പുസ്തകങ്ങൾ

വാങ്ങാനായി അദ്ദേഹം വിറ്റു.

ഒഴിവുകിട്ടുന്ന സമയം മുഴുവൻ പഠനത്തിനായി നീക്കിവച്ച് കഠിനമായി പരിശ്രമിച്ച് ലിങ്കൺ നല്ല നിലയിൽ നിയമബിരുദം നേടി. അതോടെ അദ്ദേഹം അഭിഭാഷകനായി ജോലി ചെയ്യാനും തുടങ്ങി. തന്റെ രാഷ്ട്രീയ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുതന്നെ ചെയ്യാൻ കഴിഞ്ഞിരുന്ന ഒന്നായിരുന്നു ലിങ്കണ് ആ ജോലി.

ഇല്ലിനോയി നിയമസഭയിലെ അംഗമായി രാഷ്ട്രീയപ്രവർത്തനം നടത്തിയിരുന്ന ഏബ്രഹാം ലിങ്കൺ തുടർന്ന് ദേശീയ രാഷ്ട്രീയത്തിലേക്ക് പ്രവേശിച്ചു. അമേരിക്കൻ കേന്ദ്ര പാർലമെന്റായ ജനപ്രതിനിധി സഭയിലേക്ക് വിഗ്ഗ് കക്ഷി ലിങ്കണെ മത്സരിപ്പിച്ചു. ആദ്യത്തെ തവണ തോറ്റുവെങ്കിലും അടുത്ത തെരഞ്ഞെടുപ്പിൽ അദ്ദേഹം ജയിച്ചു പാർലമെന്റ് അംഗമായി.

അപ്പോഴേക്കും ലിങ്കൺ പ്രവർത്തിച്ചുകൊണ്ടിരുന്ന വിഗ്ഗ്കക്ഷി ക്ഷയിച്ചു തുടങ്ങിയിരുന്നു. അക്കാലത്താണ് കുറേക്കൂടി പുരോഗമന സ്വഭാവമുള്ള ഒരു പാർട്ടി, റിപ്പബ്ലിക്കൻ പാർട്ടിയെന്ന പേരിൽ പ്രവർത്തിച്ചു തുടങ്ങിയത്. അധികം താമസിയാതെ ലിങ്കൺ റിപ്പബ്ലിക്കൻ പാർട്ടിയിൽ ചേർന്നു. ഏബ്രഹാം ലിങ്കന്റെ കഴിവുകൾ മനസ്സിലാക്കിയ റിപ്പബ്ലിക്കൻ പാർട്ടി വളരെ വേഗം തന്നെ അദ്ദേഹത്തെ നേതൃത്വത്തിലേക്കു കൊണ്ടുവന്നു.

രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും ലിങ്കൺ പ്രസംഗിച്ചു. അടിമത്തം അവസാനിപ്പിക്കണമെന്ന ആശയം അദ്ദേഹം എല്ലായിടത്തും ശക്തമായി പറഞ്ഞു. നല്ല മനസ്സുള്ള ആളുകളെല്ലാം ആ ആശയത്തെ അനുകൂലിച്ചു. എന്നാൽ അടിമത്തംകൊണ്ട് പണം വാരിക്കൂട്ടിയിരുന്നവർ അദ്ദേഹത്തെ എതിർത്തു.

അമേരിക്കയുടെ പ്രസിഡന്റ് സ്ഥാനത്തേക്ക് റിപ്പബ്ലിക്കൻ പാർട്ടി ഏബ്രഹാം ലിങ്കണെ സ്ഥാനാർഥിയാക്കി. ആദ്യമത്സരത്തിൽ അദ്ദേഹം തോറ്റു, എങ്കിലും ഏബ്രഹാം ലിങ്കൺ എന്ന നേതാവിന്റെ പ്രശസ്തി അമേരിക്കയിലാകെ പരന്നു. തൊട്ടടുത്ത തവണ നടന്ന പ്രസിഡന്റ് തെരഞ്ഞെടുപ്പിലും റിപ്പബ്ലിക്കൻ പാർട്ടി അദ്ദേഹത്തെ തന്നെ സ്ഥാനാർഥിയാക്കി. 1860 നവംബറിൽ നടന്ന ആ മത്സരത്തിൽ അദ്ദേഹം ജയിച്ചു. 51-ാം വയസ്സിൽ ഏബ്രഹാം ലിങ്കൺ അമേരിക്കയുടെ പ്രസിഡന്റായി.

അടിമക്കച്ചവടം വഴി സമ്പത്തുണ്ടാക്കിയിരുന്നവർ കൂടുതലും അമേരിക്കയുടെ തെക്കുഭാഗത്തെ സ്റ്റേറ്റുകളിൽ ഉള്ളവരായിരുന്നു. അവർ

**അടിമക്കച്ചവടം വഴി സമ്പത്തുണ്ടാക്കിയിരുന്നവർ കൂടുതലും അമേരിക്കയുടെ തെക്കുഭാഗത്തെ സ്റ്റേറ്റുകളിൽ ഉള്ളവരായിരുന്നു. അവർ ഏബ്രഹാം ലിങ്കൺ പ്രസിഡന്റായതോടെ അദ്ദേഹത്തിന്റെ ഭരണത്തിനെതിരെ പ്രക്ഷോഭം തുടങ്ങി. പതി നൊന്ന് സംസ്ഥാനങ്ങളിൽ അവർക്ക് വലിയ സ്വാധീനം ഉണ്ടായിരുന്നു. അവരുടെ പ്രക്ഷോഭം ഒരു ആഭ്യന്തരയുദ്ധമായി മാറി.**

ഏബ്രഹാം ലിങ്കൺ പ്രസിഡന്റായതോടെ അദ്ദേഹത്തിന്റെ ഭരണത്തിനെതിരെ പ്രക്ഷോഭം തുടങ്ങി. പതിനൊന്ന് സംസ്ഥാനങ്ങളിൽ അവർക്ക് വലിയ സ്വാധീനം ഉണ്ടായിരുന്നു. അവരുടെ പ്രക്ഷോഭം ഒരു ആഭ്യന്തരയുദ്ധമായി മാറി. എങ്കിലും ലിങ്കൺ തന്റെ നിലപാടിൽ ഉറച്ചുനിന്നു.

1862 സെപ്റ്റംബർ 22 ന് ചരിത്രപ്രസിദ്ധമായ ആ വിളംബരം അമേരിക്കൻ പ്രസിഡന്റ് പ്രഖ്യാപിച്ചു. 1863 ജനുവരി ഒന്നുമുതൽ അമേരിക്കയിൽ അടിമത്തവും അടിമക്കച്ചവടവും നിരോധിച്ചിരിക്കുന്നു എന്നതായിരുന്നു ആ വിളംബരം. ഇപ്പോൾ അടിമകളായി കഴിയുന്ന മുഴുവൻ മനുഷ്യരും അന്നുമുതൽ സ്വതന്ത്ര മനുഷ്യരായിരിക്കും എന്നും വിശദമാക്കപ്പെട്ടു.

എതിർപ്പുള്ളവരുടെ നേതൃത്വത്തിൽ ആഭ്യന്തരകലഹം തുടർന്നുകൊണ്ടിരുന്നു. എങ്കിലും ലിങ്കണ് ജനപിന്തുണ കൂടുകയാണ് ചെയ്തത്. അടുത്ത തവണ തെരഞ്ഞെടുപ്പിലും ലിങ്കൺ തന്നെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു.

നാലു വർഷത്തോളം തുടർന്ന ആഭ്യന്തരയുദ്ധത്തെ എതിർത്ത് തോൽപ്പിച്ചുകൊണ്ട് ഏബ്രഹാം ലിങ്കൺ അമേരിക്കയിൽ അടിമകളുടെ മോചനം യാഥാർഥ്യമാക്കി. അടിമത്തം എന്ന ക്രൂരമായ വ്യവസ്ഥിതി ലോകത്താകെ തന്നെ ഇല്ലാതാക്കുന്നതിൽ അത് വലിയ പങ്കുവഹിച്ചു.

സ്വന്തം ആദർശങ്ങളിൽ ഉറച്ചുനിൽക്കാനുള്ള മനസ്സും കഠിനമായ പരിശ്രമവും ഉണ്ടെങ്കിൽ എത്ര കടുത്ത പ്രതികൂല സാഹചര്യങ്ങളെയും തോൽപ്പിക്കാൻ കഴിയും എന്നതാണ് ഏബ്രഹാം ലിങ്കൺ സ്വന്തം ജീവിതംകൊണ്ട് നമുക്കു നൽകിയ പാഠം.

നൂറുകണക്കിന് പ്രസിഡന്റുമാർ അമേരിക്ക ഭരിച്ചിട്ടുണ്ട്. അവരിൽ ലോകം ഏറ്റവും കൂടുതൽ ആദരവോടെ ഓർമിക്കുന്നത് ഇപ്പോഴും ഏബ്രഹാം ലിങ്കണെ തന്നെയാണ്. മനുഷ്യസമൂഹം ഉള്ളിടത്തോളം കാലം അദ്ദേഹം ഓർമിക്കപ്പെടും.

# ആണ്ടുപിറപ്പ്

സുമേഷ്ക്ക്യഷ്ണൻ എൻ എസ്




വരവായി പുതുവർഷം കുരുന്നുകളേ
വരവേൽക്കാൻ വരിയായിട്ടൊരുങ്ങിനിൽക്കൂ.
കരത്തിൽ പൂച്ചെണ്ടുവേണം, വിളക്കുവേണം
ചിരിക്കുന്ന മുഖവുമായ് നിരന്നുനിൽക്കൂ
തനിച്ചല്ലെന്നൊരു തോന്നൽ കൊളുത്തിവയ്ക്കൂ
ഇനിക്കും സ്വപ്നവുമായി വഴിയിൽ നിൽക്കൂ.
പുലരിച്ചോപ്പതാകാൺമൂ കിഴക്കേവാനിൽ
കളിവിളക്കൊളിയായിട്ടുണർന്നൂ സൂര്യൻ.
കനൽക്കാലക്കരിങ്കോലം തെഴുത്തനാട്ടിൽ
അഴൽപ്പൂക്കളൊരുനൂറുവിരിഞ്ഞവാഴ്‌വിൽ
കടക്കെണിക്കുരുക്കേറെമുറുകുന്നേരം
ഇടനെഞ്ചിലിടിവെട്ടുതിമിർക്കുന്നേരം
ചതഞ്ഞുള്ളം തളർന്നാകെത്തകരുന്നേരം
പുതുവർഷം വരുന്നതൊട്ടറിയുന്നീല
അരിക്കാശിന്നലയുന്നൊരച്ഛനെയോർക്കേ
കരഞ്ഞേറെത്തളരുന്നോരമ്മയെയോർക്കേ
മറുതുണിയെഴാത്തോരുപെങ്ങളെയോർക്കേ
മറിമായക്കളിയാളും കളങ്ങളോർക്കേ
പുതുതലമുറയൊട്ടുമറിയുന്നില്ല
പുതുവർഷാഗമഘോഷമുണരുന്നില്ല.
ഇതൊക്കെയാണവസ്ഥയെന്നാകിലും നമ്മൾ
ഇതൾവിരിച്ചെടുക്കേണം പുതിയ സ്വപ്നം.
ഇളനീരിന്നിനിപ്പാർന്നമൊഴിയുമായി
ഇളയമൊട്ടുകളേയിന്നൊരുങ്ങൂനിങ്ങൾ
വരവായീപുതിയൊരാണ്ടിതിനെ നമ്മൾ
വിരിഞ്ഞ പൂക്കളുമേന്തിവരവേൽക്കണം.

വര: സചീന്ദ്രൻ കാറഡുക്ക

# തേൻമിഠായി

**എം കൃഷ്ണദാസ്**

ബാക്ക് ബെഞ്ചിലെ ഗ്രൂപ്പിന്റെ പേര്, കലിപ്പെന്നാണ്. അവർ അഞ്ചുപേരാണ്. കലിപ്പിന്റെ ലീഡർ ജോണാണ്. ഇന്ന് ജോണിന്റെ പിറന്നാളാണ്. കേക്കുമുറിക്കാനൊന്നും അവന്റെ കൈയിൽ കാശില്ല. അമ്മച്ചി രാവിലെ കടയിൽ പോയി അരിയും പലചരക്കും വാങ്ങാൻ വിട്ട കൂട്ടത്തിൽ വാങ്ങിയ അഞ്ച് തേൻമിഠായികൾ പത്രക്കടലാസിൽ പൊതിഞ്ഞ് ട്രൗസറിന്റെ പോക്കറ്റിൽ കരുതിയിരുന്നു. ലക്ഷ്മിക്കുട്ടിടീച്ചർ പേരുവിളി തുടങ്ങിയ നേരത്താണ് ജോൺ വാതിൽക്കലെത്തിയത്. അവനെക്കണ്ടതേ പിൻബെഞ്ചിൽ ഇളക്കമുണ്ടായി. ചെന്നിരുന്നതും ചെകുത്താൻമാർ ട്രൗസർ പോക്കറ്റിൽ കൈയിട്ട് പൊതിയെടുത്തു. അതു തുറന്ന് ഉള്ളിലെ തേൻമിഠായി വീതംവെക്കുന്നതിനു മുമ്പ് ടീച്ചർ വന്ന് അത് തൊണ്ടിയോടെ പിടിച്ചെടുത്തു.



വര: എൻ ടി രാജീവ്

തുറന്നയുടൻ ടീച്ചറത് ചുരുട്ടിയെടുത്ത്, മേശപ്പുറത്തെ തന്റെ മണിപ്പേഴ്സിൽ തിരുകി.

ആദ്യ പീര്യേഡ് കഴിഞ്ഞ് ടീച്ചർ പോകാൻ നേരം തൊണ്ടിമുതൽ തിരികെ തരുമെന്നു കരുതിയ കലിപ്പുസംഘത്തിന്റെ പ്രതീക്ഷയെ തകർത്തു കൊണ്ട്, ടീച്ചർ മണിപ്പേഴ്സും രജിസ്റ്ററുകളുമായി സ്റ്റാഫ്റൂമിലേക്ക് നടന്നു. കലിപ്പുസംഘം ടീച്ചറുടെ പിറകെ ആർത്തിയോടെ പൂച്ച നടത്തത്തോടെ ചെന്നു.

ഓഫീസിൽ കേറിയ ടീച്ചർ മണിപ്പേഴ്സ് തുറന്ന് തേൻമിഠായികൾ പങ്കിടുന്നതും,ഹെഡ്മാസ്റ്റർ തെളിഞ്ഞ ചിരിയോടെ വാങ്ങിക്കൊണ്ട്:

''അല്ല, എന്താത് തേൻമിഠായിയോ...! ഇതൊക്കെ ഇപ്പോഴും ണ്ടോ...? എത്രണ്ണണ്ട്... ഒന്നു കൂടി താ ടീച്ചറേ... ''

ജനൽമറവിൽ നിന്ന് ഇതു കേട്ട കലിപ്പുകൂട്ടം ഹെഡ്മാസ്റ്ററുടെ മിഠായിത്തീറ്റ കണ്ട് , വായിൽ കിനിയുന്ന തുപ്പൽ മധുരത്തോടെ വിഴുങ്ങി, കലിപ്പടക്കിക്കൊണ്ട് തിരിച്ചു നടന്നു.


സ്കൂൾ ഡെയ്സ്
എൻ ടി രാജീവ്
കുട്ടാ അച്ഛൻ തിരുവനന്തപുരത്തിന് പോകുവാ... ഇനി ന്യൂഇയറിന് കാണാം. ഹാപ്പി ന്യൂ ഇയർ!
? ? ? ?
എടാ, അച്ഛനോടൊരു ഹാപ്പി ന്യൂ ഇയർ പറയാൻപോലും പറ്റാത്തത്ര തിരക്കെന്താടാ നിനക്ക്...?
തിരക്കല്ലമ്മേ. ഈ ഹോം വർക്കും മാറുന്നില്ല, ടീച്ചറും മാറുന്നില്ല... ക്ലാസിലെ കളിയാക്കൽ വിരുതന്മാരും മാറുന്നില്ല... പിന്നെ ഈ ന്യൂ ഇയർ മാത്രം മാറിയിട്ടെന്താ കാര്യം? ന്യൂ ഇയറിന് തന്നെ വഴക്ക് ഉറപ്പാ...!
എന്നാലും നല്ലോണം പഠിച്ചാ ന്യൂ ഇയറിന് ചില മാറ്റങ്ങളൊക്കെ പ്രതീക്ഷിച്ചൂടെ...?
ന്യൂ ഇയർ മാറിയില്ലെങ്കിലും ആ കണക്ക് ടീച്ചർ മാറിയാലേ എനിക്ക് പ്രതീക്ഷയ്ക്കു വകയുള്ളൂ...

# ഡിക് വിറ്റിംഗ്ടണിന്റെ പൂച്ച

ചിത്രീകരണം: വെങ്കി

ഇംഗ്ലണ്ടിലെ ഒരു ഗ്രാമത്തിൽ ഡിക് വിറ്റിംഗ്ടൺ എന്നൊരു അനാഥ ബാലൻ ഉണ്ടായിരുന്നു. ലണ്ടനിലെ തെരുവുകളെല്ലാം സ്വർണം പാകിയതാണെന്ന് ആരോ പറഞ്ഞ് അവൻ വിശ്വസിച്ചു.






ഒരുദിവസം അവനൊരു വണ്ടിക്കാരനെ പരിചയപ്പെട്ടു.



ഡിക്കിന് ഒന്നും ആലോചിക്കാനില്ലായിരുന്നു.



രാത്രിയായപ്പോൾ...




അവർ യാത്ര തുടർന്നു. ഒടുവിൽ...





നഗരത്തിൽ....




എത്ര നടന്നിട്ടും സ്വർണംപാകിയ തെരുവ് മാത്രം കണ്ടില്ല. ഒടുവിൽ...




32 വ്യാപാരിയായ മിസ്റ്റർ ഫിറ്റ്സ് വാറന്റെ വീടായിരുന്നു അത്. അദ്ദേഹത്തിന്റെ പാചകക്കാരി അതുവഴി വന്നു.




അകത്തെത്തിയപ്പോൾ...







കുറേക്കഴിഞ്ഞപ്പോൾ...




33

പക്ഷേ, തന്നെക്കാത്ത് അടുക്കളപ്പുറത്തിരിക്കുന്ന വലിയ ദുരിതത്തെപ്പറ്റി പാവം ഡിക് ഒന്നും അറിഞ്ഞില്ല...



# പഴമൊഴിച്ചെപ്പ് തുറക്കുമ്പോൾ

ശ്രീജിത് പെരുന്തച്ചൻ

നമ്മുടെ സംസ്കാരത്തിന്റെയും ജീവിത രീതിയുടെയും പാദമുദ്രകൾ വീണുകിടക്കുന്ന അക്ഷയ ഖനിയാണ് പഴമൊഴികൾ. പഴമൊഴികളെക്കുറിച്ചുള്ള അറിവ് നമ്മുടെ പൂർവികരെക്കുറിച്ചുള്ള അറിവു കൂടിയാണ്. നമ്മുടെ മുത്തച്ഛനോ മുത്തശ്ശിക്കോ ഒപ്പം ചെലവഴിക്കുന്നതു പോലെയാണ് പഴമൊഴികൾക്കായി നാം സമയം നീക്കിവയ്ക്കുമ്പോൾ തോന്നുക. കൃഷി, ആരോഗ്യം, ഭക്ഷണം, ആചാരാനുഷ്ഠാനങ്ങൾ എന്നിങ്ങനെ നിത്യജീവിതവുമായി ബന്ധപ്പെട്ട എല്ലാറ്റിനെയും കുറിച്ചുള്ള പഴമൊഴികളുണ്ട്. *നുറുക്കിത്തിന്നാൽ നൂറു വയസ്സ്* എന്ന പഴമൊഴി കൂട്ടുകാർ കേട്ടിട്ടുണ്ടാവുമല്ലോ? ഭക്ഷണം നന്നായി ചവച്ചരച്ചു കഴിക്കണമെന്നാണ് ഇതിനർഥം.ഭക്ഷണം ചെറിയ കഷണങ്ങളാക്കി കഴിച്ചാൽ ദഹനേന്ദ്രിയത്തിന് കൂടുതൽ അധ്വാനം കൊടുക്കാതിരിക്കാം എന്നതുകൂടി കണക്കിലെടുത്താണ് ഇങ്ങനെ പറഞ്ഞിരുന്നത്.

*മരുന്നും വിരുന്നും മൂന്നു നേരം* എന്ന പഴമൊഴിയുടെ അർഥമെന്താണ്? ഒരു നേരം മരുന്നു കഴിച്ചിട്ട് എന്റെ അസുഖം മാറിയില്ല എന്നു പറഞ്ഞിട്ട് കാര്യമില്ല. ഒരു നേരം മരുന്നു കഴിച്ചാൽ ആറുമണിക്കൂറാണ് ശരീരത്തിൽ അതിന്റെ പ്രവർത്തനം. അപ്പോൾ ദിവസം മുഴുവൻ മരുന്നിന്റെ ഫലം കിട്ടണമെങ്കിൽ മൂന്നു നേരം മരുന്നു കഴിക്കണമല്ലോ. പിന്നെ വിരുന്നിന്റെ കാര്യം. മറ്റൊരു വീട്ടിൽ നിന്ന് മൂന്നു നേരത്തിൽ കൂടുതൽ ഭക്ഷണം കഴിക്കരുത്, കഴിച്ചാലത് അനൗചിത്യമാണ് എന്നു കൂടിയാണ് ഈ പഴമൊഴി സൂചിപ്പിക്കുന്നത്. അതിഥികൾ മൂന്നു നേരത്തിലധികം ഒരു വീട്ടിൽ നിന്ന് ഭക്ഷണം കഴിക്കരുത് എന്നു പറഞ്ഞാൽ അതിന്റെ അർഥം എന്താണ്? ഒരു ദിവസത്തിൽ കൂടുതൽ ഒരു വീട്ടിലും തങ്ങരുതെന്നു ചുരുക്കം.

പഴമക്കാർ പറയുമായിരുന്നു *ഉഴുതു വരുന്നവനെ തൊഴണം* എന്ന്. കാർഷികവൃത്തിയുടെ അന്തസ്സ് ഉയർത്തിക്കാട്ടുന്ന പഴമൊഴി എന്ന നിലയിലാണ് ഇതിനു പ്രസക്തി. കലപ്പ പിടിക്കുന്നവരെയും കന്നുപൂട്ടുന്നവരെയും ബഹുമാനിക്കണമെന്ന അർഥത്തിലുള്ള ഈ പഴഞ്ചൊല്ല് കാർഷിക സംസ്കൃതിക്ക് ഒരു കാലത്ത് നാം കൽപ്പിച്ചിരുന്ന പ്രാധാന്യം വിളിച്ചോതുന്നു. *കുംഭച്ചേന കുടത്തോളം, മീനച്ചേന മീൻകണ്ണോളം* എന്ന പഴഞ്ചൊല്ലിൽ അടങ്ങിയിരിക്കുന്നത് ചേനക്കൃഷിക്ക് പറ്റിയ കാലമേതാണ് എന്ന അറിവാണ്. ചേന, നനകിഴങ്ങ്, കാച്ചിൽ തുടങ്ങിയ കിഴങ്ങുവർഗങ്ങൾ കുംഭമാസത്തിൽ നട്ടാൽ നല്ല വിളവ് ലഭിക്കും. ചേന കുംഭത്തിൽ നട്ടാൽ കുംഭത്തിലെ കൊടും വേനലിനെ അതിജീവിച്ച് മീനത്തിൽ മുളപൊട്ടി മേടമാസത്തിൽ വേരിറങ്ങും. ആ ചേന വളരെയേറെ വലിപ്പം വയ്ക്കും. മീനത്തിൽ ചേന നട്ടാൽ തീരെച്ചെറിയ ചേനയെ കിട്ടൂ എന്നതിനാലാണ് മീൻകണ്ണോളം എന്നു പറയുന്നത്.


*മുരിങ്ങയുണ്ടെങ്കിൽ മരുന്നു വേണ്ട* എന്നു മുത്തശ്ശിമാർ പറയുമ്പോൾ മുരിങ്ങയുടെ ഔഷധഗുണമാണ് വ്യക്തമാവുന്നത്. മുരിങ്ങയില കരോട്ടിന്റെ കലവറയാണ്. കണ്ണുകൾക്ക് അത് അത്യുത്തമമാണ്. കൊളസ്ട്രോൾ കുറയ്ക്കാൻ മുരിങ്ങയില വെളുത്തുള്ളി ചേർത്തരച്ച് കഴിച്ചാൽ മതിയെന്ന് പഴമക്കാർ പറയുന്നു. മുരിങ്ങയിലയിൽ ധാരാളം വൈറ്റമിനുകൾ അടങ്ങിയിട്ടുണ്ട്. ശരീരത്തിലെ നീരുകുറയാൻ മുരിങ്ങമരത്തിന്റെ തോല് ഇടിച്ചുപിഴിഞ്ഞ് അരിക്കാടിയിൽ ചേർത്ത് പുരട്ടിയിരുന്നു. മുറ്റത്തൊരു മുരിങ്ങയുണ്ടെങ്കിൽ ഇങ്ങനെ എന്തെല്ലാം ഗുണങ്ങളാണെന്നോ?

*മത്തി മക്കളെപ്പോറ്റും* എന്ന പഴഞ്ചൊല്ല് മത്സ്യത്തൊഴിലാളികൾ പണ്ട് പറഞ്ഞിരുന്നതാണ്. ഒരു കാലത്ത് കടലിലെ മത്സ്യസമ്പത്തിന്റെ ഏറിയകൂറും മത്തിയായിരുന്നു. അതുകൊണ്ടു തന്നെ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ വരുമാനം പ്രധാനമായും മത്തിയുടെ ലഭ്യതയെ ആശ്രയിച്ചായിരുന്നു. ഇങ്ങനെ ഓരോ പരമ്പരാഗത










**പഴമൊഴികളെക്കുറിച്ചുള്ള അറിവ് നമ്മുടെ പൂർവികരെക്കുറിച്ചുള്ള അറിവു കൂടിയാണ്. കൃഷി, ആരോഗ്യം, ഭക്ഷണം, ആചാരാനുഷ്ഠാനങ്ങൾ എന്നിങ്ങനെ നിത്യജീവിതവുമായി ബന്ധപ്പെട്ട എല്ലാറ്റിനെയും കുറിച്ചുള്ള പഴമൊഴികളുണ്ട്.**

തൊഴിലുമായി ബന്ധപ്പെട്ട് ഓരോ നാട്ടിലും പല പഴമൊഴികൾ പ്രചാരത്തിലിരുന്നു.

*അമരത്തടത്തിൽ തവള കരയണം* എന്നപഴമൊഴിയിൽ നിന്ന് നാം എന്താണ് മനസ്സിലാക്കേണ്ടത്? അമരവിത്ത് മേടമാസത്തിലാണ് നടേണ്ടത്. ഇക്കാലത്ത് മഴയില്ലാത്തതിനാൽ നന്നായി നനച്ചുകൊടുക്കണം. അമരക്കൃഷിക്ക് വെള്ളം നന്നായി വേണം. വെള്ളം ഉള്ളിടത്ത് തവള കാണുമല്ലോ. തുലാമാസത്തിലാണ് അമരക്കൃഷി വിളവെടുപ്പിന് പാകമാവുക. അമരവള്ളികൾ പടർന്നു കയറാൻ കമ്പുകുത്തിക്കൊടുത്ത് അമരപ്പന്തലാക്കുന്നതിനെക്കുറിച്ച് മുത്തച്ഛനോടോ മുത്തശ്ശിയോടോ കുട്ടികൾ ചോദിച്ച് മനസ്സിലാക്കുമല്ലോ.

അതുമാത്രമല്ല ഓരോ നാട്ടിലും പ്രചാരത്തിലിരുന്ന ഇത്തരം പഴമൊഴികൾ കുട്ടികൾക്ക് പഴമക്കാരിൽ നിന്ന് ചോദിച്ചറിയുകയുമാവാം. എന്നിട്ടവ ഒരു നോട്ടുപുസ്തകത്തിൽ എഴുതിസൂക്ഷിക്കുമല്ലോ. എല്ലാ കുട്ടികളും ഇങ്ങനെ ചെയ്താൽ ഭാവിതലമുറയ്ക്ക് കൈമാറാൻ പറ്റിയ നല്ലൊരു ഉപഹാരമാവും അത്. മുത്തശ്ശിവൈദ്യവും പഴയകാല ജീവിതശൈലിയും ആരോഗ്യപരമായ ശീലങ്ങളുമൊക്കെ അതിൽ സ്പന്ദിക്കുന്നത് നിങ്ങൾക്കറിയാൻ കഴിയും.

# നേതാജി കഥകൾ

പയ്യന്നൂർ കുഞ്ഞിരാമൻ

## ഒന്ന്

നേരം പുലരുന്നതേയുള്ളൂ. പ്രഭാവതിയമ്മ കുളിച്ചൊരുങ്ങി. ക്ഷേത്രത്തിൽ ചെന്ന് പ്രാർഥിച്ചതിനുശേഷമേ അവർ നിത്യകർമ്മങ്ങളിൽ ഏർപ്പെട്ടിരുന്നുള്ളൂ. അമ്മയുടെ കൂടെ എന്നും അമ്പലത്തിൽ പോകാറുള്ളത് മകൻ സുഭാഷ് ചന്ദ്ര മാത്രം.

വരാന്തയിലിറങ്ങിനിന്ന അമ്മ അകത്തേക്കു നോക്കിവിളിച്ചു. ''സുഭീ, ഇനിയും ഒരുങ്ങിയില്ലേ?''

''ഇതാ വന്നമ്മേ...'' മകൻ വിളിച്ചുപറഞ്ഞു. ഒറ്റമുണ്ടുടുത്ത് മകൻ ഓടിയിറങ്ങി. അമ്മ മകനെ സുഭീ എന്നേ വിളിക്കാറുള്ളൂ. അത് ഓമനപ്പേരാണ്. സഹോദരങ്ങളും അങ്ങനെതന്നെ വിളിക്കും. ആ വിളികേൾക്കാൻ അവന് എന്തിഷ്ടമാണെന്നോ. അതിൽ സ്നേഹത്തിന്റെ കുളിർമയുണ്ട്.

പ്രഭാവതിയമ്മയ്ക്കും ജാനകീനാഥ് ബോസിനും പതിനാലുമക്കളാണ്. ഒമ്പതാമത്തെ പുത്രനാണ് സുഭാഷ്ചന്ദ്ര. മക്കളിൽ അവനുമാത്രം എന്തോ പ്രത്യേകതയുണ്ടായിരുന്നു. കാഴ്ചയിൽത്തന്നെ ചുറുചുറുക്കുള്ള പ്രകൃതം. കണ്ടതിനെക്കുറിച്ചെല്ലാം ചോദ്യങ്ങൾ ചോദിക്കുന്ന സ്വഭാവം. ഭാവിയിൽ തങ്ങളുടെ മകൻ നാടിന്റെ അഭിമാനഭാജനമായിത്തീരുമെന്ന് ആ മാതാപിതാക്കൾ കരുതിയിട്ടുണ്ടാവില്ല.

അമ്മയുടെ പിന്നാലെ മകൻ ക്ഷേത്രത്തിലേക്കു നടന്നു. വഴിയിലുള്ള കാഴ്ചകൾ കാണുന്നതിലാണ് അവന് ഏറെ കൗതുകമുണ്ടായത്. തിരിഞ്ഞും മറിഞ്ഞും നോക്കിക്കൊണ്ടാണ് അവന്റെ നടപ്പ്. അത് കണ്ട് അമ്മ 'വേഗം നടക്ക്' എന്ന് ധൃതികൂട്ടും.

ഭക്തിയെക്കുറിച്ചൊന്നും സുഭാഷ്ചന്ദ്രയ്ക്ക് അറിവില്ലായിരുന്നു. അമ്മയുടെ കൂടെ എന്നും പോകുന്നത് ഒരു ശീലമാക്കിയെന്നേയുള്ളൂ. അവിടെ ചെന്നാലും അമ്മ ചെയ്യുന്നതുപോലെ ചെയ്യും. എല്ലാം ഒരു രസമായിട്ടാണ് അവന് തോന്നിയത്.

അമ്മ മക്കൾക്ക് കഥകൾ പറഞ്ഞുകൊടുക്കുമായിരുന്നു. പുരാണകഥകളും അവയിൽ ഉൾപ്പെടും. കഥകൾ കേൾക്കാൻ ഏറ്റവും കൂടുതൽ താത്പര്യം കാട്ടിയത് സുഭാഷ്ചന്ദ്രയാണ്. കഥകളിലെ രംഗങ്ങൾ അവൻ ഭാവനയിൽ കാണാൻ ശ്രമിക്കും. കഥാപാത്രങ്ങളോടൊപ്പം സഞ്ചരിക്കുകയും ചെയ്യും.

അവർ ക്ഷേത്രത്തിനടു



വര: ടി ആർ രാജേഷ്

ത്തെത്തി. നല്ല തിരക്കുണ്ടായിരുന്നു. പെട്ടെന്ന് സുഭാഷിന്റെ ശ്രദ്ധ ഗോപുരത്തിന് പുറത്തുള്ള ഒരു കുട്ടിയിൽ ചെന്നുതങ്ങി. ആ കുട്ടി വരുന്നവരോടും പോകുന്നവരോടും കൈനീട്ടി യാചിക്കുന്നുണ്ടായിരുന്നു. ചിലർ നാണയങ്ങളിട്ടുകൊടുക്കുന്നു. അവന്റെ കുപ്പായം മുഷിഞ്ഞിരുന്നു. അയഞ്ഞ ട്രൗസറാണു ഉടുത്തിരിക്കുന്നത്. തലമുടി അലസമായി പാറിപ്പറക്കുന്നു. ആകെ ഒരു ദൈന്യത അവനിൽ നിഴലിച്ചിരുന്നു.

''സുഭീ, എന്താ നിന്നു കളഞ്ഞത്?

അമ്മേ, അതാ നോക്ക്... ഒരു കുട്ടി.''

''അത് ഭിക്ഷക്കാരനാണ്. അനാഥൻ...''

''അവനെന്താ പുറത്തു നിൽക്കുന്നത്?''

''നീയെന്തിനാ ഇതൊക്കെ ചിന്തിക്കുന്നത്?''

''അമ്മേ.., അവനും എന്നെപ്പോലെ ഒരു കുട്ടിയല്ലേ?''

''അവൻ അനാഥനായിരിക്കണം.''

''ഭിക്ഷക്കാരൻ...അനാഥൻ... ഇങ്ങനൊക്കെ പറഞ്ഞാൽ എന്താണമ്മേ അർഥം?''

''നീ ചോദ്യം തുടങ്ങിയോ? അതൊക്കെ വീട്ടിൽ ചെന്നിട്ടു പറഞ്ഞുതരാം.''

''എങ്കിലും അമ്മേ...അനാഥനെന്നു പറഞ്ഞാലെന്താ?''

''അച്ഛനും അമ്മയും ഇല്ലാത്തതുകൊണ്ടാ അനാഥനായിപ്പോയത്?''

''അവന് അച്ഛനുമമ്മയും ഇല്ലെന്നോ?''

''അവർ മരിച്ചുപോയിരിക്കും...''

''അയ്യോ, കഷ്ടം തന്നെ.'' പിന്നെങ്ങനെ ഇവൻ ജീവിക്കും?

''മറ്റുള്ളവർ കൊടുക്കുന്നതുകൊണ്ട് കഴിഞ്ഞുകൂടും.''

അമ്മയുടെ മറുപടിയൊന്നും മകനെ തൃപ്തിപ്പെടുത്തിയില്ല. അവൻ അമ്മയുടെ കൂടെ ക്ഷേത്രത്തിനുള്ളിലാകെ നടന്നു. പുറത്തിറങ്ങുമ്പോഴും ആ കുട്ടി അവിടെത്തന്നെ നിന്നിരുന്നു. സുഭാഷിനെ നോക്കി അവൻ ചിരിക്കാൻ ശ്രമിച്ചു. അവൻ അമ്മയുടെ കയ്യിൽനിന്നു നാണയം വാങ്ങി ആ കുട്ടിക്കു കൊടുത്തു. ആ കുട്ടി അവൻ കൊടുത്ത നാണയം തിരിച്ചും മറിച്ചും നോക്കി. സുഭാഷ് അവനെ നോക്കിച്ചിരിച്ചുകൊണ്ട് അമ്മയുടെ കൂടെ നടന്നുപോയി.

**അമ്മയുടെ മറുപടിയൊന്നും മകനെ തൃപ്തിപ്പെടുത്തിയില്ല. അവൻ അമ്മയുടെ കൂടെ ക്ഷേത്രത്തിനുള്ളിലാകെ നടന്നു. പുറത്തിറങ്ങുമ്പോഴും ആ കുട്ടി അവിടെത്തന്നെ നിന്നിരുന്നു. സുഭാഷിനെ നോക്കി അവൻ ചിരിക്കാൻ ശ്രമിച്ചു. അവൻ അമ്മയുടെ കയ്യിൽനിന്നു നാണയം വാങ്ങി ആ കുട്ടിക്കു കൊടുത്തു. ആ കുട്ടി അവൻ കൊടുത്ത നാണയം തിരിച്ചും മറിച്ചും നോക്കി.**

## രണ്ട്

സുഭാഷ് ചന്ദ്രയുടെ ജ്യേഷ്ഠന്മാരും ജ്യേഷ്ഠത്തിമാരും സ്കൂളിൽ ചേർന്നു പഠിക്കാൻ തുടങ്ങി. അവർ പുസ്തകങ്ങളുമായി നടന്നുപോകുന്നത് അവൻ നെടുവീർപ്പോടെ കണ്ടുനിൽക്കും. തനിക്കും അവരുടെ കൂടെ പോകണം. പുസ്തകം കയ്യിലൊതുക്കി തുള്ളിച്ചാടണം. പക്ഷേ സ്കൂളിൽ ചേരാൻ ഒരു തടസ്സം. വയസ്സ് നാലു കഴിഞ്ഞിട്ടേയുള്ളൂ. അഞ്ച് പൂർത്തിയാകാതെ സ്കൂളിൽ ചേർക്കില്ലല്ലോ.

സുഭാഷ്ചന്ദ്ര വിഷമത്തോടെ നാളുകൾ തള്ളിനീക്കി. വൈകുന്നേരങ്ങളിൽ സഹോദരങ്ങൾ സ്കൂൾ വിട്ടുവന്നാൽ ഒന്നിച്ച് കളിക്കാനിറങ്ങും.അപ്പോഴാണ് അവന് ആശ്വാസം കിട്ടുക. സഹോദരങ്ങളുടെ പുസ്തകമെടുത്ത് മറിച്ചുനോക്കുകയും ചെയ്യും.

കാത്തുകാത്ത് ആ ദിവസം വന്നെത്തി. സുഭാഷ് ചന്ദ്രയ്ക്ക് 5 വയസ്സു പൂർത്തിയായി. അന്നവനുണ്ടായ സന്തോഷത്തിന് അതിരില്ലായിരുന്നു. ''ഞാനും സ്കൂളിൽ ചേരാൻ പോകുന്നു.'' അവൻ ഉറക്കെ വിളിച്ചുപറഞ്ഞു.

അമ്മ രാവിലെ തന്നെ മകനെ കുളിപ്പിച്ചൊരുക്കി. സഹോദരങ്ങൾക്കും സന്തോഷമായി. സുഭാഷ് ആവേശത്തിലായിരുന്നു. ആദ്യമായി സ്കൂളിൽ പോവുകയാണ്. എല്ലാവർക്കും മുമ്പെ അവൻ ഒരുങ്ങിയിറങ്ങി. കുട്ടികളെ പതിവായി സ്കൂളിൽ കൊണ്ടുപോയിരുന്നത് കുതിരവണ്ടിയിലാണ്. മുറ്റത്ത് കുതിരവണ്ടി തയ്യാറായി നിന്നിരുന്നു. ആദ്യം വണ്ടിയിൽ ഓടിക്കയറണമെന്ന് സുഭാഷ് ചന്ദ്രയ്ക്ക് തോന്നി.

അവൻ വീട്ടിനുള്ളിൽ നിന്നും പുറത്തിറങ്ങി ഒറ്റ ഓട്ടം. കുതിരവണ്ടിയുടെ പടികളിൽ തുള്ളിക്കയറാൻ ശ്രമിച്ചു. പെട്ടെന്ന് കാലുതെന്നിപ്പോയി. നിലത്തു കമിഴ്ന്നടിച്ചു വീണു. തലയ്ക്ക് നേരിയ മുറിവുപറ്റി. നെറ്റിയിലും മുഖത്തും ചോരയൊഴുകി.

നിലവിളി കേട്ട് അമ്മ ഓടിവന്നു. സഹോദരങ്ങളും അടുത്തെത്തി. അമ്മ മകനെ പിടിച്ചെഴുന്നേല്പിച്ചു മുറിവ് കഴുകി തുണിയെടുത്ത് ചുറ്റിക്കെട്ടി. ''ഇന്നിനി സ്കൂളിൽ പോകണ്ട. '' അമ്മ പറഞ്ഞു.

സുഭാഷ്ചന്ദ്ര സങ്കടപ്പെടുകയായിരുന്നു. ആറ്റുനോറ്റ് സ്കൂളിൽ പോകാനിരുന്ന ദിവസം ഇങ്ങനെ സംഭവിച്ചുവല്ലോ. സഹോദരങ്ങൾക്കും വിഷമമായി. അനുജനെയും



**വിദ്യാർഥികളെ സംസ്കാരസമ്പന്നരാക്കുക എന്നത് അധ്യാപകരുടെ കടമയായിരുന്നു. എങ്കിലും ഇന്ത്യൻകുട്ടികളെ വേറിട്ട വർഗമെന്ന രീതിയിൽ കണക്കാക്കുന്നത് സുഭാഷ് ഇഷ്ടപ്പെട്ടില്ല. ഇത് അവന്റെ മനസ്സിനെ മുറിപ്പെടുത്തി. ഒരു ഇന്ത്യൻസ്കൂളിൽ ചേർന്നുപഠിക്കണമെന്ന് അവൻ മോഹിച്ചു. അവിടെയാകുമ്പോൾ സ്വന്തം വീടുപോലെ സ്വസ്ഥത കിട്ടും.**

കൂട്ടി സ്കൂളിൽ പോകാനിരുന്നതാണ്. അതിന് തടസ്സം നേരിട്ടു. നിരാശയോടെ സുഭാഷ്ചന്ദ്ര മുറിയിലെ കട്ടിലിൽ കിടന്നു.

മുറിവ് സുഖപ്പെട്ട ശേഷം സുഭാഷിനെ സ്കൂളിൽ ചേർത്തു. മിഷനറിമാരുടെ സ്കൂളായിരുന്നു. സായിപ്പൻമാരുടെ കുട്ടികളാണ് അവിടെ കൂടുതലും പഠിച്ചിരുന്നത്. അധ്യാപകരും ഇംഗ്ലണ്ടുകാരായിരുന്നു.

പഠിപ്പിൽ സുഭാഷ് മിടുക്കനായിരുന്നു. പാഠഭാഗങ്ങളെല്ലാം അവന് ഹൃദിസ്ഥമായിരുന്നു. അധ്യാപകന്റെ ഏത് ചോദ്യങ്ങൾക്കും കൃത്യമായി ഉത്തരം പറയും. മറ്റുകുട്ടികൾ ആദരവോടെയാണ് സുഭാഷിനെ നോക്കിയിരുന്നത്. വിദ്യാർഥികളെ സംസ്കാരസമ്പന്നരാക്കുക എന്നത് അധ്യാപകരുടെ കടമയായിരുന്നു.

എങ്കിലും ഇന്ത്യൻകുട്ടികളെ വേറിട്ട വർഗമെന്ന രീതിയിൽ കണക്കാക്കുന്നത് സുഭാഷ് ഇഷ്ടപ്പെട്ടില്ല. ഇത് അവന്റെ മനസ്സിനെ മുറിപ്പെടുത്തി. ഒരു ഇന്ത്യൻസ്കൂളിൽ ചേർന്നുപഠിക്കണമെന്ന് അവൻ മോഹിച്ചു. അവിടെയാകുമ്പോൾ സ്വന്തം വീടുപോലെ സ്വസ്ഥത കിട്ടും.

ഒരുതവണ അധ്യാപകൻ കുട്ടികളുടെ ഭാവിയെക്കുറിച്ച് പരാമർശിച്ചു. ഭാവിയിൽ നിങ്ങൾ ആരാകാനാണ് ആഗ്രഹിക്കുന്നതെന്ന് അദ്ദേഹം ചോദിച്ചു. അതേക്കുറിച്ച് ചെറിയ കുറിപ്പുകളെഴുതി ഏല്പിക്കുവാൻ നിർദേശിച്ചു. ഡോക്ടർ, എഞ്ചിനീയർ, കമ്മീഷണർ, ബാരിസ്റ്റർ, ജഡ്ജി എന്നിങ്ങനെ കുട്ടികൾ തങ്ങൾക്കിഷ്ടപ്പെട്ട ജോലിയെക്കുറിച്ച് കുറിപ്പുകൾ തയ്യാറാക്കി.

സുഭാഷ് ഒരു മജിസ്ട്രേറ്റ് ആകാനാണ് ആഗ്രഹിച്ചത്. ഒരു ന്യായാധിപനായാൽ ഒരുപാട് ഉത്തരവാദിത്തങ്ങൾ ഉണ്ടാകുമെന്ന് അവൻ കുറിപ്പിലെഴുതി. എങ്കിലും ജനങ്ങൾക്ക് സത്യത്തിന്റെയും നീതിയുടെയും വെളിച്ചം പകരുവാൻ ഒരു ന്യായാധിപന് കഴിയും. അപരാധികളെ ശിക്ഷിച്ച് നിരപരാധികളെ രക്ഷിക്കാനും സാധിക്കും.

മനുഷ്യജീവിതത്തിൽ ധാർമിക മൂല്യങ്ങൾക്ക് പ്രാധാന്യം ഉണ്ടാകണമെന്ന് സുഭാഷിന്റെ കുഞ്ഞുമനസ്സ് ചിന്തിച്ചു. അവൻ ചെറുപ്പത്തിലെ വേറിട്ടു ചിന്തിച്ചു. വേറിട്ട പ്രവർത്തനങ്ങളിൽ താത്പര്യം പുലർത്തി. പണവും പദവിയുമല്ല ജീവിതത്തെ നിർണയിക്കുന്നതെന്ന് വിശ്വസിച്ചു. പുസ്തകവായനയിലൂടെ അറിവും കഴിവും വളർത്തുവാൻ പരിശ്രമിച്ചു.

# പുലരി

ജനാർദ്ദനൻ പള്ളിക്കുന്ന്



വര: ആശ ആർ

കിഴക്കിന്റെ
മുഖത്തതാ
ചുവപ്പിന്റെ
ചെറുവട്ടം

നരച്ചോരു
പുതപ്പിന്മേൽ
നിറത്തിന്റെ
നിഴലാട്ടം

മരത്തിന്റെ
തളിർക്കൊമ്പിൽ
മണിക്കാറ്റി-
ന്നൂയലാട്ടം

മലർമൊട്ടി-
ന്നധരത്തിൽ
മന്ദഹാസ-
ത്തിരനോട്ടം

മുഴക്കത്തിൽ
മണിത്താളം
കിലുക്കുന്ന
കിളിക്കൂട്ടം

ഉഷസ്സിന്റെ
വരവായെ-
ന്നുരയ്ക്കുന്നു
പലവട്ടം.



# ചരിത്രസ്മരണകളുടെ ആനന്ദഭവനം

സെബാസ്റ്റ്യൻ പള്ളിത്തോട്



**സ്വാതന്ത്ര്യസമരവുമായും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സുമായും ചരിത്രം പങ്കുവയ്ക്കുന്ന മനോഹര സൗധമാണ് ആനന്ദഭവനം. അതിന്റെ പ്രവേശന കവാടത്തിൽ വലിയൊരു ശിലാഖണ്ഡത്തിലായി ഹിന്ദിയിലും ഇംഗ്ലീഷിലും ഇപ്രകാരം എഴുതി വച്ചിട്ടുണ്ട്.**
**'കല്ലും കുമ്മായവും ചേർത്തുവച്ചുണ്ടാക്കിയ വെറുമൊരു കെട്ടിടമല്ല ഇത്. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ പോരാട്ടങ്ങളുമായി അഭേദ്യമാം വിധത്തിൽ ഇതു ബന്ധപ്പെട്ടിരിക്കുന്നു. ഒരുപാട് തീരുമാനങ്ങൾക്കും ഒത്തിരി ചരിത്രസംഭവങ്ങൾക്കും സാക്ഷ്യം വഹിച്ചതാണ് ഇതിന്റെ അകത്തളങ്ങൾ...'**
**മനോഹരമായ ഈ ചരിത്രസ്മാരകത്തെ കുറിച്ച് കൂടുതൽ അറിയാൻ ഈ ലേഖനം വായിക്കൂ...**

വരണ്ടഗ്രാമങ്ങൾക്കും ഉണങ്ങിയ മനുഷ്യർക്കും ഇടയിലൂടെയുള്ള യാത്ര നഗരത്തിൽ അവസാനിച്ചപ്പോൾ, അവിടെയാണു കൂടുതൽ പച്ചപ്പെന്നും തണുപ്പെന്നും തോന്നി. വെറും തോന്നലല്ല. യാഥാർഥ്യവും അതു തന്നെയാണെന്ന് ഒപ്പമുണ്ടായിരുന്ന പാലക്കാട്ടു നിന്നുള്ള ശിവരാമ അയ്യങ്കാർ പറഞ്ഞു.

അയ്യങ്കാരും മകനും മരുമകളും ഉൾപ്പെടുന്ന കുടുംബം നേരിട്ട് ഞങ്ങളുടെ യാത്രാസംഘത്തിൽ ചേരാതെ, അവർ തനിയെ വാരാണസിയിൽ എത്തുകയായിരുന്നു. ഹോട്ടലുകളും ഭക്ഷണവും ഒന്നിച്ചു പങ്കുവയ്ക്കുമ്പോഴും അവർ സ്വകാര്യ ടാക്സിയിൽ എപ്പോഴും ഞങ്ങളുടെ പഴഞ്ചൻ ലക്ഷ്വറി കോച്ചിനു മുമ്പേ ലക്ഷ്യസ്ഥാനങ്ങളിൽ എത്തിച്ചേർന്നിരുന്നു. മറ്റുള്ളവരുമായി വളരെ കുറച്ചുമാത്രം ഇടപഴകുകയും അതിലും കുറച്ചു മാത്രം സംസാരിക്കുകയും ചെയ്യുന്ന അയ്യങ്കാർ സംഘത്തെ അതുകൊണ്ടുതന്നെ ഞങ്ങളും ഒഴിവാക്കാൻ ശ്രമിച്ചുപോന്നു.

വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളുടെ പൊതുവായുള്ള ഒരു പ്രത്യേകതയാണത്. നഗരങ്ങളെ വിരുന്നൂട്ടുന്ന ഗ്രാമങ്ങൾ പലതും ശോഷിച്ചും വിളറിയുമിരിക്കുക. നഗരങ്ങളാകട്ടെ കൊഴുത്തുരുണ്ട് പ്രൗഢിയിലും പ്രസരിപ്പിലും. വല്ലാത്തൊരു

വിരോധാഭാസംതന്നെയാണത്. ഉത്തർപ്രദേശിലെ ഗ്രാമങ്ങൾ പറയുന്ന കഥയും വേറൊന്നല്ല. നിങ്ങൾ പക്ഷേ ലക്നൗവിലോ അലഹബാദിലോ എത്തുമ്പോൾ കാര്യങ്ങൾ പാടെ തകിടം മറിയുന്നു. എന്നാൽ അലഹബാദിൽത്തന്നെ നഗരഹൃദയത്തിൽ നിന്നും അധികദൂരത്തല്ലാതുള്ള ഫൈസാബാദ് റോഡിന്റെ ഓരം ചേർന്ന് ഇരുപത് ഏക്കറിൽ പടർന്നു കിടക്കുകയാണ് പച്ചപ്പിന്റെ ഒരു ലോകമപ്പാടെ. യൂറോപ്പിലോ റഷ്യയിലോ കാണാൻ ഇടവരുന്ന അതിസമ്പന്നമായ ഒരു എസ്റ്റേറ്റിന്റെ എല്ലാവിധ ഹരിതകാന്തിയോടും കൂടെ- 'ആനന്ദഭവനം' എന്ന ചരിത്രസ്മരണകളുടെ കൊട്ടാരം!

വിശാലമായ വളപ്പിനുള്ളിൽ കുട്ടികൾക്കു പ്രവേശനം സൗജന്യമാണെങ്കിലും മുതിർന്നവർ ചെറിയൊരു തുകയ്ക്കുള്ള പ്രവേശന ടിക്കറ്റ് എടുക്കണം. ഇലക്ട്രോണിക് കവാടം കടന്നാലും തുടരുന്ന സുരക്ഷാ പരിശോധനകൾ... യോഗി ആദിത്യനാഥിന്റെ നാട്ടിലും കാവിയുടുത്ത്, നരച്ചതാടിയുമായി കടന്നുചെന്ന എന്നെ കടത്തിവിടേണ്ടതുണ്ടോ എന്ന മട്ടിൽ സുരക്ഷാ ഉദ്യോഗസ്ഥൻ അയാൾക്കു തൃപ്തിവരാത്ത മട്ടിൽ രണ്ടോ മൂന്നോ തവണ എന്നെ തുറിച്ചുനോക്കുക തന്നെ ചെയ്തു. അപ്പോഴേക്കും ഞങ്ങളുടെ ചെറുസംഘം പലേടത്തുമായി ചിതറപ്പെട്ടു കഴിഞ്ഞിരുന്നു.




ആനന്ദഭവനിലേക്കുള്ള പ്രവേശനകവാടത്തിൽ സ്ഥാപിച്ചിരിക്കുന്ന ശിലാഖണ്ഡം

ആനന്ദഭവനിലേക്കുള്ള പ്രവേശനകവാടത്തിൽ വലിയൊരു ശിലാഖണ്ഡത്തിലായി ഹിന്ദിയിലും ഇംഗ്ലീഷിലും ഇപ്രകാരം എഴുതി വച്ചിരിക്കുന്നതു നമുക്കു വായിക്കാം. 'കല്ലും കുമ്മായവും ചേർത്തുവച്ചുണ്ടാക്കിയ വെറുമൊരു കെട്ടിടമല്ല ഇത്. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ പോരാട്ടങ്ങളുമായി അഭേദ്യമാം വിധത്തിൽ ഇതു ബന്ധപ്പെട്ടിരിക്കുന്നു. ഒരുപാട് തീരുമാനങ്ങൾക്കും ഒത്തിരി ചരിത്രസംഭവങ്ങൾക്കും സാക്ഷ്യം വഹിച്ചതാണ് ഇതിന്റെ അകത്തളങ്ങൾ...'

എന്നാൽ, സ്വാതന്ത്ര്യസമരവുമായും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സുമായും നെഹ്റു കുടുംബവുമായും ചരിത്രം പങ്കുവയ്ക്കുന്ന ആനന്ദഭവനം എന്ന ഈ മനോഹര സൗധത്തിനു പിന്നിൽ അധികമാർക്കും അറിഞ്ഞുകൂടാത്ത ഒരുപാട് ചരിത്രങ്ങൾ ഒളിഞ്ഞു കിടക്കുന്നതു കാണാം.

'ശിപായി ലഹള' എന്നു ബ്രിട്ടീഷുകാർ അധിക്ഷേപിച്ച 1857 ലെ ഒന്നാം സ്വാതന്ത്ര്യസമര പ്രക്ഷോഭകാലത്ത് അലിഗഡ് സ്വദേശിയും വിദ്യാഭ്യാസ പ്രവർത്തകനുമായ സൈദ് അഹമ്മദ് ഖാന് നേരിടേണ്ടിവന്ന നഷ്ടങ്ങളെ പരിഗണിച്ച് വടക്കു പടിഞ്ഞാറൻ പ്രോവിൻസു (North Western Province) കളുടെ ഗവർണറായിരുന്ന സർ വില്യം മെയിർ (Sir William Muir) സംഭാവനയായി നൽകിയതാണ് ഇരുപത് ഏക്കറോളം വരുന്ന ഈ ഭൂപ്രദേശം. അലിഗഡിൽ നിന്നും നിരന്തരമായി അലഹബാദിൽ എത്തേണ്ട ആവശ്യമുള്ള ഒരാൾ എന്ന നിലയിൽ അയാൾക്കവിടെ വാസയോഗ്യമായ ഒരു മന്ദിരം പണിയാനുള്ള പ്രേരണയും ബുദ്ധിമാനായ ഗവർണറുടെ

തായിരുന്നു. അവിടെ 1871 ൽ അഹമ്മദ് ഖാൻ നിർമിച്ച 'മുഹമ്മദ് മൻസിൽ' എന്ന മനോഹരമായ മന്ദിരമാണ് ഇന്നു നാമറിയുന്ന ആനന്ദഭവനമായി കാലാന്തരത്തിൽ രൂപാന്തരം പ്രാപിച്ചത്. അഹമ്മദ് ഖാനുശേഷം തലമുറകൾ പലതും കടന്നുപോവുകയും മുഹമ്മദ് മൻസിൽ പലവിധമായ അവകാശ തർക്കങ്ങൾക്കും വ്യവഹാരങ്ങൾക്കും കാരണമാവുകയും ഒടുവിൽ ജപ്തി ചെയ്യപ്പെടുകയും ചെയ്തു.

**നാൽപ്പത്തിരണ്ടു മുറികളും ഒരേ സമയം നൂറിലധികം ആളുകൾക്ക് താമസിക്കാൻ തക്ക സൗകര്യങ്ങളുമുള്ള മന്ദിരത്തെ എവ്വിധവും സ്വന്തമാക്കാനും ബ്രിട്ടീഷ് പ്രതാപത്തിന്റെ ഭാഗമാക്കാനും ലഫ്റ്റനന്റ് ഗവർണർ മോഹിച്ചെങ്കിലും അതിനോടകം അത് അഭിഭാഷകനായ മോത്തിലാൽ നെഹ്റുവിന്റെ കൈകളിൽ എത്തിച്ചേർന്നിരുന്നു. ഇരുപതിനായിരം രൂപയ്ക്കാണ് ആ ഇരുപതേക്കർ സ്ഥലവും വീടും അദ്ദേഹം സ്വന്തമാക്കുന്നത്.**

നാൽപ്പത്തിരണ്ടു മുറികളും ഒരേ സമയം നൂറിലധികം ആളുകൾക്ക് താമസിക്കാൻ തക്ക സൗകര്യങ്ങളുമുള്ള മന്ദിരത്തെ എവ്വിധവും സ്വന്തമാക്കാനും ബ്രിട്ടീഷ് പ്രതാപത്തിന്റെ ഭാഗമാക്കാനും ലഫ്റ്റനന്റ് ഗവർണർ മോഹിച്ചെങ്കിലും അതിനോടകം അത് അഭിഭാഷകനായ മോത്തിലാൽ നെഹ്റുവിന്റെ കൈകളിൽ എത്തിച്ചേർന്നിരുന്നു. അക്കാലത്തെ അതിസമ്പന്നനായിരുന്ന മോത്തിലാൽ 1900 ൽ ഇരുപതിനായിരം രൂപയ്ക്കാണ് ആ ഇരുപതേക്കർ സ്ഥലവും വീടും സ്വന്തമാക്കുന്നത്. പിന്നീടു നടന്ന നിരവധിയായ നിർമാണ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുശേഷമാണ് നാം ഇന്നു കാണുന്ന നിലയിലേക്ക്, ഒരിംഗ്ലീഷ് എസ്റ്റേറ്റിന്റെ പ്രൗഢിയിലേക്ക് ആനന്ദഭവനം രൂപാന്തരം പ്രാപിക്കുന്നത്.

ജവഹർലാൽ നെഹ്റു നേതൃത്വനിരയിലേക്കും ഇന്ത്യൻ സ്വാതന്ത്ര്യസമരപ്രക്ഷോഭങ്ങളിലേക്കും എത്തിക്കഴിഞ്ഞിരുന്ന 1930 കളിൽ മോത്തിലാൽ ആനന്ദഭവനം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങൾക്കായി വിട്ടുനൽകുകയായിരുന്നു. അതോടെ ആൾ ഇന്ത്യാ കോൺഗ്രസ്സ് കമ്മറ്റിയുടെ ആസ്ഥാനമായി അതുമാറി. പിന്നീട് അതിന്റെ അകത്തളങ്ങളിൽ സംഭവിച്ചത് ഇന്ത്യൻ സ്വാതന്ത്ര്യസമര പോരാട്ടങ്ങൾക്ക് ഊർജം പകർന്ന അനവധി ചരിത്രസംഭവങ്ങൾ.

ഇത്രയ്ക്കു മനോഹരമായും വൃത്തിയിലും സൂക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ചരിത്രസ്മാരകങ്ങൾ ഇന്ത്യയിൽ മറ്റൊരിടത്തും കണ്ടെത്താൻ കഴിയുക പ്രയാസമായിരിക്കും. മോത്തിലാൽ നെഹ്റു, ജവഹർലാൽ നെഹ്റു, ഇന്ദിരാ ഗാന്ധി തുടങ്ങി നെഹ്റു കുടുംബത്തിൽ നിന്നുള്ള മുൻനിരനേതാക്കന്മാരുടെ ജീവിതവുമായി ബന്ധപ്പെട്ടുള്ള നിരവധി ചരിത്രസ്മരണകൾ ഇവിടെ പുനർജനിക്കുന്നു. അവർ മൂന്നുപേരുടെയും പഠനമുറികൾ, വിശ്രമമുറികൾ, ബാരിസ്റ്റർമാരായിരുന്ന മോത്തിലാലും ജവഹർലാലും ഉപയോഗിച്ചിരുന്ന നിയമഗ്രന്ഥ



ഇന്ദിരയും ഫിറോസും വിവാഹാനന്തരം ഫോട്ടോയെടുത്ത ആനന്ദഭവന്റെ പുറത്തളം

ങ്ങളുടെ അതിവിപുലമായ ശേഖരം, മഹാത്മാഗാന്ധി നൂൽനൂൽക്കാൻ ഉപയോഗിച്ചിരുന്ന ചർക്ക എന്നിങ്ങനെ ആ നിര നീളുകയാണ്.

1940 ജനുവരിയിൽ കോൺഗ്രസ്സ് പ്രവർത്തക സമിതിയോഗം ചേർന്ന വിശാലമായ ആ മുറി അതുപോലെ തന്നെ സംരക്ഷിച്ചിരിക്കുന്നു. മഹാത്മജിയും സർദാർ വല്ലഭായി പട്ടേലും, വിജയലക്ഷ്മി പണ്ഡിറ്റുമെല്ലാം അൽപ്പം മുമ്പുമാത്രമാണ് അവിടെ നിന്നും എഴുന്നേറ്റു പോയതെന്ന് ഒരാൾ വിചാരിച്ചു പോയാൽ അയാളെ കുറ്റം പറയാനാവില്ല. മുറിക്കുള്ളിലെ കാഴ്ചകളെല്ലാം കനത്ത കണ്ണാടിമറയിലൂടെ മാത്രമേ നമുക്കു കാണാൻ കഴിയൂ. ഒരുപക്ഷേ ആ കരുതലാകണം സ്മാരകത്തെ ഇന്നും അന്യൂനമായി നിലനിർത്തി പോരുന്നതും.

1917 ൽ ഇന്ദിരാപ്രിയദർശിനി പിറന്നുവീണത് ആനന്ദഭവനിലെ ഈ മുറിക്കുള്ളിൽ ആയിരുന്നുവെങ്കിൽ അവരുടെ രാഷ്ട്രീയ ജീവിതത്തിൽ കരിനിഴൽ വീഴ്ത്തിയ സംഭവവികാസങ്ങൾക്കു തുടക്കമിട്ടതും അധികം ദൂരത്തല്ലാതുള്ള ഫൈസാബാദിലെ അലഹബാദ് ഹൈക്കോടതിയിൽ നിന്നായിരുന്നു എന്നതും യാദൃച്ഛികമാകണമെന്നില്ല!

1971 ൽ റായ്ബറേലി മണ്ഡലത്തിൽ നിന്നും ലോക്സഭയിലേക്കു തെരഞ്ഞെടുക്കപ്പെടുകയും ഇന്ത്യയുടെ പ്രധാനമന്ത്രിയായി തീരുകയും ചെയ്ത ഇന്ദിരാഗാന്ധി, ആ തെരഞ്ഞെടുപ്പിൽ അഴിമതി കാണിച്ചു എന്നാരോപിച്ച് എതിർസ്ഥാനാർഥിയായ രാജ്നാരായണൻ സമർപ്പിച്ച ഹർജി അനുവദിച്ചു കൊണ്ട് അലഹബാദ് ഹൈക്കോടതിയിലെ ജസ്റ്റിസ് ജഗ്മോഹൻ ലാൽ സിൻഹ വിധി പുറപ്പെടുവിച്ചത് 1975 ജൂൺ 12 ന് ആയിരുന്നു. അതോടെ തെരഞ്ഞെടുപ്പ് അസാധുവാക്കപ്പെടുകയും നൂറുവർഷത്തേക്ക് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽനിന്നും ഇന്ദിരാഗാന്ധിയെ വിലക്കുകയും ചെയ്തു. ആ വിധി ഇന്ത്യൻ രാഷ്ട്രീയത്തിൽ വൻ ഭൂകമ്പങ്ങൾ സൃഷ്ടിക്കുകയുണ്ടായി. രാജ്യത്ത് അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുന്നതിനു കാരണമായിത്തീർന്ന ആ വിധി ആനന്ദഭവന്റെ ചുവരുകൾക്ക് ഉൾക്കൊള്ളാൻ കഴിയുന്നതായിരുന്നില്ല.


ആനന്ദഭവന്റെ മറ്റൊരു ദൃശ്യം

1977 ൽ നടന്ന തെരഞ്ഞെടുപ്പിൽ അവർ ദയനീയമായി പരാജയപ്പെട്ടു എന്നതും ഒരു കോൺഗ്രസ്സിതര സർക്കാർ അധികാരത്തിലേറി എന്നതും ആനന്ദഭവൻ സാക്ഷിയായ ബാക്കിപത്രം.

വിവാഹാനന്തരം ഇന്ദിരയും ഫിറോസും ഫോട്ടോ സെഷനു വേണ്ടി പ്രത്യക്ഷപ്പെട്ട ആനന്ദഭവന്റെ പുറത്തളത്തിൽ, ചരിത്രത്തിന്റെ ക്രൂരതകളറിയാത്ത ദമ്പതികൾ വീണ്ടും ഫോട്ടോക്കു വേണ്ടി പോസു ചെയ്യുന്നു.

ഏപ്രിലിലെ കത്തുന്ന വെയിയിൽ നിന്നു രക്ഷപ്പെടാൻവേണ്ടി ആനന്ദഭവന്റെ നിഴൽപ്പാടിലേക്കു ഞങ്ങൾ നീങ്ങിനിന്നു.

# കണക്കിൽ നൂറിൽ നൂറ്റിപത്ത് മാർക്ക്

പള്ളിയറ ശ്രീധരൻ


ഒരു കണക്ക് പരീക്ഷയിൽ ഒരു വിദ്യാർഥിക്ക് നൂറിൽ നൂറ്റിപ്പത്ത് മാർക്ക് കിട്ടുകയോ? അത്ഭുതം അഥവാ അസംഭാവ്യം തന്നെ അല്ലേ? എന്നാൽ സംഗതി സത്യമായിരുന്നു! 'ഒരു കണക്ക് പരീക്ഷ എഴുതിയ വിദ്യാർഥിക്ക് നൂറിൽ നൂറ്റിപത്ത് മാർക്ക് കിട്ടി; മാർക്ക് കൂട്ടിയപ്പോൾ തെറ്റിപ്പോയതൊന്നുമല്ല കേട്ടോ? അധ്യാപകൻ മന:പൂർവം കൊടുത്തതുതന്നെയാണ് !

സംഭവം നടന്നത് കൽക്കത്ത (ഇപ്പോഴത്തെ കൊൽക്കത്ത)യിലെ ഹിന്ദു ഹൈസ്കൂളിലായിരുന്നു. അവിടത്തെ സത്യേന്ദ്ര ബോസ് എന്ന വിദ്യാർഥിക്ക് കണക്ക് പരീക്ഷയിൽ അധ്യാപകൻ നൂറിൽ നൂറ്റിപത്ത് മാർക്ക് കൊടുത്തു. പരീക്ഷ കടലാസ് കിട്ടിയപ്പോൾ സത്യേന്ദ്രൻ അമ്പരന്നുപോയി! സത്യേന്ദ്രൻ മാത്രമല്ല മറ്റ് കുട്ടികളും. എന്തുകൊണ്ടാണ് ഇങ്ങനെ അസാധാരണമായ രീതിയിൽ മാർക്ക് നൽകിയത് എന്ന് ചോദിച്ചപ്പോൾ അധ്യാപകന്റെ മറുപടി ഇങ്ങനെയായിരുന്നു; സത്യേന്ദ്രൻ എല്ലാ ചോദ്യങ്ങൾക്കും ശരിയായ ഉത്തരമെഴുതി. ചില ചോദ്യങ്ങൾക്ക് വ്യത്യസ്തമായ വഴിയിൽ കൂടുതൽ ഉത്തരമെഴുതി. ഈ മിടുക്കൻ ഭാവിയിൽ വലിയ ശാസ്ത്രജ്ഞനാവുമെന്ന് അദ്ദേഹത്തിനും സഹപ്രവർത്തകർക്കും ഉറപ്പുണ്ടായിരുന്നു. അതുപോലെതന്നെ സംഭവിച്ചു.



ബോസോൺ കണ്ടെത്തിയ പ്രശസ്ത ഇന്ത്യൻ ശാസ്ത്രജ്ഞനാണ് സത്യേന്ദ്രനാഥ് ബോസ്.

1894 ജനുവരി 1 നാണ് സത്യേന്ദ്രനാഥ് കൊൽക്കത്തയിൽ ജനിച്ചത്. പിതാവ് റെയിൽവെ ഉദ്യോഗസ്ഥനായിരുന്ന സുരേന്ദ്രനാഥ് ബോസ്. മാതാവ് അമോദിനിദേവി. വളരെ ചെറുപ്പത്തിൽ തന്നെ ബോസ് അസാമാന്യമായ ബുദ്ധിശക്തി പ്രകടിപ്പിച്ചിരുന്നു എന്നു നാം മനസ്സിലാക്കിയല്ലോ.


PHYSICS DEPARTMENT.
Dacca University.

ഐൻസ്റ്റൈന് സത്യേന്ദ്രൻ അയച്ച കത്ത്

കോളേജ് ക്ലാസ്സുകളിൽ പഠിക്കുമ്പോൾ അദ്ദേഹം പ്രഫുല്ല ചന്ദ്രറായ് എന്ന പ്രശസ്തനായ ശാസ്ത്രജ്ഞനെ പരിചയപ്പെടാനിടയായി. ഭാരതീയ രസതന്ത്രത്തിന്റെ പിതാവായി അറിയപ്പെടുന്ന റായ്‌യുടെ വ്യക്തിത്വം ബോസിനെ വളരെയധികം സ്വാധീനിക്കുകയുണ്ടായി.


സത്യേന്ദ്രനാഥ് ബോസ്

കോളേജ് വിദ്യാഭ്യാസത്തിനുശേഷം കൊൽക്കത്ത സയൻസ് കോളേജിൽ അധ്യാപകനായി. ക്ലാസ്സിൽ ഐൻസ്റ്റൈന്റെ ആപേക്ഷികതാ സിദ്ധാന്തം പഠിപ്പിക്കാനുണ്ടായിരുന്നു. അത് പഠിപ്പിക്കാനുള്ള അധ്യാപകരോ പഠിപ്പിക്കാനാവശ്യമായ ഇംഗ്ലീഷ് പുസ്തകങ്ങളോ അക്കാലത്ത് ലഭ്യമായിരുന്നില്ല. ബോസ് ജർമൻ ഭാഷയിൽ നിന്ന് തർജ്ജമ ചെയ്തുകൊണ്ട് പഠിപ്പിക്കാനും പഠിക്കാനുമുള്ള സൗകര്യമൊരുക്കി. ഐൻസ്റ്റൈനുമായുള്ള ബന്ധം ഗവേഷണത്തിലേക്ക് നയിക്കുകയും ബോസോൺ കണികകൾ ഉൾപ്പെടെയുള്ള ചില കണ്ടുപിടിത്തങ്ങൾക്ക് വഴിയൊരുക്കുകയും ചെയ്തു. 1974 ഫെബ്രുവരി 4 നാണ് അദ്ദേഹം അന്തരിച്ചത്.

സത്യേന്ദ്രനെപ്പോലെ നിങ്ങളും കണക്കിൽ മിടുക്കരാകാൻ ശ്രമിക്കുക. ഭാവിയിൽ ഭാരതത്തിന് മികച്ച സംഭാവനകൾ നൽകാൻ ഇപ്പോൾ തന്നെ തയ്യാറെടുക്കുക.

palliyarasreedharan@gmail.com

# തളിര്

# വായനാമത്സരം

## 2019

## ജനുവരിയിൽ



ഇക്കൊല്ലത്തെ തളിര് വായനാമത്സരം സമയബന്ധിതമായി നടത്തുവാൻ കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് തീരുമാനിച്ചിരിക്കുകയാണ്. എല്ലാ അധ്യാപകരുടെയും കുട്ടികളുടെ സഹകരണം പ്രതീക്ഷിച്ചുകൊണ്ട് മത്സരത്തിന്റെ സുഗമമായ നടത്തിപ്പിനായി ഇൻസ്റ്റിറ്റ്യൂട്ട് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.

- തളിര് മാസികയ്ക്കു 10 വരിക്കാരെങ്കിലും ഉള്ള സ്കൂളുകളിലാണ് മത്സരം നടത്തുന്നത്. ഓരോ 10 വരിക്കാരിലും ഒരാൾക്ക് സമ്മാനം ലഭിക്കും. അതായത് 10 വരിക്കാരുള്ള സ്കൂളിന് ഒരു സമ്മാനം. 100 വരിക്കാരുണ്ടെങ്കിൽ 10 സമ്മാനം.
- സാക്ഷ്യപത്രവും 300- രൂപയുടെ പുസ്തകകൂപ്പണുമാണ് സമ്മാനം.
- 2019 ജനുവരി 10 നു തന്നെ തളിര് വായനാമത്സരം സംഘടിപ്പിക്കണം.
- ജനുവരി 20 നുള്ളിൽ വിജയികളുടെ വിവരം സ്കൂൾ മേധാവി സാക്ഷ്യപ്പെടുത്തി ഇൻസ്റ്റിറ്റ്യൂട്ടിൽ ലഭിക്കേണ്ടതാണ്. 20 നു ശേഷം ലഭിക്കുന്ന വിജയികളുടെ വിവരങ്ങൾ സ്വീകരിക്കുന്നതല്ല.
- ഫെബ്രുവരി 10 നകം വിജയികൾക്കുള്ള സർട്ടിഫിക്കറ്റും കൂപ്പണും ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും അയച്ചുതരുന്നതാണ്.
- കൂപ്പണുകൾ ലഭിക്കുന്ന വിജയികൾ ഫെബ്രുവരി 28 നകം കൂപ്പണിൽ പറഞ്ഞിട്ടുള്ള പുസ്തകശാലകളിൽ നിന്നോ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നോ കൂപ്പൺ നൽകി തുല്യതുകയ്ക്കുള്ള പുസ്തകങ്ങൾ കൈപ്പറ്റേണ്ടതാണ്. ഫെബ്രുവരി 28 നകം പുസ്തകങ്ങൾ കൈപ്പറ്റാത്ത പക്ഷം കൂപ്പൺ അസാധു ആകുന്നതാണ്.

**(കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.
ഫോൺ നമ്പർ. 0471 2327276, 2333790)**

# മണ്ണിലെ ജീവസംവിധാനം

**ഡോ. ജെ ജി റേയ്**

മണ്ണ് ഒരു ആവാസവ്യവസ്ഥാതലത്തിലുള്ള ജീവരൂപമാണ്. ആവാസവ്യവസ്ഥകളിൽ വിവിധ ജീവിതരീതികളിൽപ്പെടുന്ന ജീവികളുണ്ടാവണം. ഉൽപ്പാദകർ, ഉപഭോക്താക്കൾ, വിഘാടകർ എന്നിങ്ങനെ അവയെ നാം തരംതിരിക്കാറുണ്ട്. ആദ്യത്തെ കൂട്ടത്തിൽപ്പെടുന്ന സസ്യങ്ങളും പച്ചനിറത്തിലുള്ള സൂക്ഷ്മാണുക്കളും ആഹാരം ഉൽപ്പാദിപ്പിക്കുന്നു. അവയെ ഉപഭോക്താക്കളായ ജീവികൾ തിന്നുന്നു. സസ്യഭുക്കുകളായ ഉപഭോക്താക്കളെ മാംസഭുക്കുകളായ ഉപഭോക്താക്കൾ കഴിക്കുന്നു. അവസാനം ഇവയുടെ എല്ലാം കാലശേഷം ജീവനില്ലാത്ത അവയുടെ ശരീരഭാഗങ്ങളെയും വിസർജ്യങ്ങളെയും സൂക്ഷ്മാണുക്കൾ വിഘടിപ്പിക്കുന്നു. ഇങ്ങനെ തിന്നുകയും തിന്നപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നതായ ബന്ധങ്ങളുടെ ഒരു ആഹാരശ്രേണി മണ്ണിലെ ആവാസവ്യവസ്ഥയിലും നിലനിൽക്കുന്നു. പലതരം ആഹാരശ്രേണികൾ മണ്ണിലുണ്ടാവാം. ഒരേതരം ജീവികൾ പലതരം ആഹാരം കഴിക്കുന്നവയാകുമ്പോൾ, ആഹാരശ്രേണികൾ പരസ്പരം കെട്ടുപിണഞ്ഞ് ആഹാരശൃംഖല രൂപപ്പെടുന്നു. ഇങ്ങനെ ശൃംഖലപോലെ പരസ്പരം ബന്ധപ്പെട്ടു നിൽക്കുന്ന ജീവജാലങ്ങളിൽ ഓരോന്നും, മറ്റുപലതിനേയും ആശ്രയിച്ചാണ് നിലകൊള്ളുന്നത്. അതുകൊണ്ടുതന്നെ, ഒരു ജീവിയെപ്പോലും അത്തരം ഒരു ആവാസവ്യവസ്ഥയിൽ നിന്നും മാറ്റിനിർത്താനാവില്ല. അതായത് ഏതെങ്കിലും ഒന്നിന്റെ ജീവന് ഭീഷണിയാകുന്ന കാര്യങ്ങൾ മറ്റേതിന്റെ നിലനിൽപ്പിനെ ബാധിക്കുകയും അതോടെ ജീവൽ പ്രവർത്തനങ്ങൾ താറുമാറാവുകയും ചെയ്യും. അതുകൊണ്ടാണ് മണ്ണിന്റെ വളക്കൂറ് സുസ്ഥിരമായി നിലനിർത്താൻ





**മേൽമണ്ണിൽ മണ്ണിര ചെയ്യുന്ന സേവനം വളരെ വലുതാണ്. പാതി ദ്രവിച്ച ജൈവപദാർഥങ്ങളെ വിവിധ വലിപ്പത്തിലുള്ള മൺതരികളോടൊപ്പം ഇവ ആഹരിക്കുന്നു. മണ്ണിരയുടെ ഉള്ളിലൂടെ കടന്നുപോകുമ്പോൾ അവയുടെ ദഹനരസങ്ങളും ആന്തരിക സ്രവങ്ങളും ഇതുമായി കൂടിച്ചേരുന്നു. അവയ്ക്കാവശ്യമുള്ള ഊർജദായക പദാർഥങ്ങൾ വലിച്ചെടുത്തശേഷം ബാക്കിയുള്ളവ വിരക്കുപ്പയായി ഉപരിതലത്തിലേക്ക് പുറംതള്ളുന്നു.**

സർവജീവജാലങ്ങളെയും സംരക്ഷിക്കേണ്ടതുണ്ടെന്നു പറയുന്നത്.

മണ്ണിലെ സസ്യവൈവിധ്യത്തെ അപ്പാടെ നിലനിർത്തിക്കൊണ്ട് കൃഷി സാധ്യമല്ല എന്ന നിഗമനത്തിലാണ് നിലമൊരുക്കി വിളയിറക്കി കളകൾ പറിച്ചുമാറ്റുന്ന ആധുനിക കൃഷി രൂപപ്പെട്ടത്. എന്നാൽ ഇങ്ങനെ സ്വാഭാവിക സസ്യജന്തുജാലങ്ങളെ മൊത്തത്തിൽ നീക്കം ചെയ്യുമ്പോഴുണ്ടാകുന്ന ജൈവ അസുന്തലിതാവസ്ഥയിൽ നിന്നുടലെടുക്കുന്നതാണ് 'കളകളും' 'കീടങ്ങളും' എന്ന സത്യം നാം വിസ്മരിച്ചുകൂടാ.

മണ്ണിലെ ജീവജാലങ്ങളിൽ ഏറ്റവും പ്രധാനിയാണ് മണ്ണിര. മേൽമണ്ണിൽ മണ്ണിര ചെയ്യുന്ന സേവനം വളരെ വലുതാണ്. പാതി ദ്രവിച്ച ജൈവപദാർഥങ്ങളെ വിവിധ വലിപ്പത്തിലുള്ള മൺതരികളോടൊപ്പം ഇവ ആഹരിക്കുന്നു. മണ്ണിരയുടെ ഉള്ളിലൂടെ കടന്നുപോകുമ്പോൾ അവയുടെ ദഹനരസങ്ങളും ആന്തരിക സ്രവങ്ങളും ഇതുമായി കൂടിച്ചേരുന്നു. അവയ്ക്കാവശ്യമുള്ള ഊർജദായക പദാർഥങ്ങൾ വലിച്ചെടുത്തശേഷം ബാക്കിയുള്ളവ വിരക്കുപ്പയായി ഉപരിതലത്തിലേക്ക് പുറംതള്ളുന്നു. ഒരു വിരയുടെ ശരീരഭാരത്തിന്റെ അത്രയും പദാർഥങ്ങൾ ഓരോ വിരയും ഒരുദിവസം ചവച്ചരച്ച് വിരക്കുപ്പയായി ഉപരിതലത്തിലേക്ക് തള്ളുന്നു. മണ്ണിര ധാരാളമുള്ള ഉഷ്ണമേഖല പ്രദേശത്തെ നല്ല കന്നിമണ്ണിൽ ഒരു ഹെക്ടറിൽ ഏതാണ്ട് 110 ടണ്ണോളം വിരക്കുപ്പ വർഷാവർഷം ഉൽപ്പാദിപ്പിക്കപ്പെടുന്നതായി കണക്കാക്കിയിട്ടുണ്ട്. കൃഷിഭൂമിയിൽ ഇതിന്റെ പത്തിലൊന്നുപോലും ഉണ്ടാവില്ല. ജൈവപദാർഥത്തെ എളുപ്പം ദ്രവിപ്പിച്ചും സൂക്ഷ്മാണുപ്രവർത്തനത്തെ ത്വരിതപ്പെടുത്തിയും മണ്ണിൽ മൂലകചംക്രമണത്തിന്റെ തോത് വർധിപ്പിക്കുക എന്നതാണ് മണ്ണിരയുടെ പ്രധാന ധർമം. അതോടൊപ്പം മണ്ണിൽ ധാരാളം സൂക്ഷ്മ സുഷിരങ്ങൾ നിർമിക്കുകയും മണ്ണിൽ ജലപ്രതിരോധശേഷിയുള്ള മൺമുത്തുകൾ നിർമിക്കുകയും അങ്ങനെ ശരിയായ ഭൗതിക ഘടന രൂപപ്പെടുത്തി സസ്യവളർച്ചയെ സുസ്ഥിരപ്പെടുത്തുക എന്ന പരിസ്ഥിതിധർമവും മണ്ണിരകളിലൂടെ സാക്ഷാത്കരിക്ക

പ്പെടുന്നു. ഒരു സ്ക്വയർ മീറ്റർ നല്ല വളക്കൂറുള്ള മണ്ണിൽ 15 സെന്റീമീറ്റർ ആഴത്തിൽ 30–300 മണ്ണിരകളുണ്ടാവും. മണ്ണിരകൾ വിവിധ വർഗങ്ങളിലും ജാതികളിലും പെടുന്നവയുണ്ട്. മണ്ണിന്റെ രാസികാവസ്ഥയും ജൈവപദാർഥത്തിന്റെ പ്രത്യേകതകളും സസ്യങ്ങളുടെ പ്രത്യേകതകളും കാലാവസ്ഥയും എല്ലാം മണ്ണിരവർഗങ്ങളെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്.

ആഴത്തിലുള്ള മണ്ണുകിളയ്ക്കൽ മണ്ണിരകളുടെ നാശത്തിനു കാരണമാകാം. കലപ്പയുടെയും തൂമ്പയുടെയും മുന്നിൽപ്പെട്ട് ഉടനെതന്നെ അവ ചത്തുപോകാം. മുറിഞ്ഞുതുണ്ടായ വിരകൾ ജീവിച്ചിരിക്കുക വിരളമാണ്. വാലറ്റമാണ് മുറിഞ്ഞതെങ്കിൽ തല ഉൾക്കൊള്ളുന്ന മുന്നറ്റം മുറിവുണങ്ങി രക്ഷപ്പെട്ടേക്കാം പലപ്പോഴും മുറിവേറ്റ വിരകൾ ചത്തുപോകുകയാണ് പതിവ്. മണ്ണിരവർഗങ്ങളുടെ അനുകൂലമായ പരിതസ്ഥിതി ഘടകങ്ങളെ സംബന്ധിച്ചും ഓരോതരം വിളകൾക്കും അനുകൂലമായ വർഗങ്ങളെക്കുറിച്ചും നമ്മുടെ നാട്ടിൽ ധാരാളം ഗവേഷണങ്ങൾ ഇനിയും നടക്കേണ്ടിയിരിക്കുന്നു.

അടുത്തകാലത്തായി ജൈവകൃഷിയുടെ പ്രാധാന്യത്തോടൊപ്പം പറഞ്ഞുകേൾക്കുന്ന ഒരു വിഷയമാണ് മണ്ണിര കമ്പോസ്റ്റ്. യൂറോപ്പിലും വടക്കേ അമേരിക്കയിലും തണുപ്പുകൂടിയ പ്രദേശങ്ങളിൽ പൊതുവേയും മണ്ണിര മാത്രമാണ് മണ്ണിലെ പ്രധാന ജീവി. ശൈത്യകാലത്ത് അവ മണ്ണിൽ വിശ്രമത്തിലായിരിക്കുകയും ചെയ്യും. അതുകൊണ്ടുതന്നെ ത്വരിതഗതിയുള്ള ജൈവവിഘടനത്തിന് മണ്ണിരയെ ഉപയോഗിച്ചുള്ള കൃത്രിമ മാർഗങ്ങൾ അവലംബിക്കുകയെന്നത് അവരുടെ കൃഷിക്ക് അത്യന്താപേക്ഷിതമാണ്. നമ്മുടെ







മണ്ണിലെ കാര്യങ്ങൾ അങ്ങനെയല്ല. ഇവിടെ മേൽമണ്ണിൽ മണ്ണിരകളെ സഹായിക്കാനായി ജൈവവിഘടനത്തെ സഹായിച്ചുകൊണ്ട് വൈവിധ്യമാർന്ന ജീവജാലങ്ങളുടെ ഒരു പടതന്നെ നിലകൊള്ളുന്നു. അട്ടകളും ഒച്ചുകളും വിവിധയിനം ഉറുമ്പും ചിതലും മറ്റു പ്രാണിവർഗങ്ങളും ഇക്കൂട്ടത്തിൽപ്പെടും. അവയോടൊപ്പം ഉൾമണ്ണിലിരുന്ന് പണിയെടുക്കുന്ന തരം മണ്ണിരകളാണ് നമ്മുടെ മണ്ണിലധികവും.

മണ്ണിരക്കമ്പോസ്റ്റിങ്, മറ്റു ജീവജാലങ്ങളുടെ സഹായത്തോടെ സ്വാഭാവികമായ രീതിയിൽ മണ്ണിൽ തന്നെയാണ് നടക്കേണ്ടത്. ജൈവപദാർഥങ്ങൾ ധാരാളമായി മണ്ണിൽ ചേർത്തുകൊടുക്കുക മാത്രമേ വേണ്ടൂ. മണ്ണിര സ്വസ്ഥാനത്ത്, സ്വസ്ഥമായി പ്രവർത്തിക്കുമ്പോൾ മണ്ണിന്റെ ഭൗതികഘടന രൂപപ്പെടുകയും മണ്ണിലെ ജീവൽപ്രവർത്തനമാകെ ത്വരിതപ്പെടുകയും ചെയ്യും.

ജന്തുജീവജാലങ്ങളോടൊപ്പം മണ്ണിന്റെ വളക്കൂറിനെ സ്വാധീനിക്കുന്ന പ്രധാന ഘടകമാണ് ചെടികളുടെ വേരുപടലം. മണ്ണിൽ നിന്നും എല്ലാം ഊറ്റിക്കൊണ്ടുപോകുന്ന സസ്യാവയവമായി ആണ് പലരും വേരുകളെ കാണുന്നത്. എന്നാൽ മണ്ണിൽ വിവിധങ്ങളായ ജൈവസംയുക്തങ്ങൾ വിവിധ ആഴങ്ങളിൽ എത്തിച്ച് സൂക്ഷ്മജീവികളെ തീറ്റിപ്പോറ്റി അവയുടെ സഹായത്താൽ മണ്ണിലെ മൂലകലഭ്യതയെ ത്വരിതപ്പെടുത്താൻ വിവിധ ജാതി ചെടികളുടെ വേരുകൾക്കുള്ള കഴിവ് വ്യത്യസ്തമാണ്. അതോടൊപ്പം മൺമുത്തുകൾ നിർമിക്കപ്പെടുന്നതിലും മണ്ണൊലിപ്പ് തടഞ്ഞ് നല്ല ഭൗതിക ഘടനയോടെ മണ്ണ് ഒരു ഭൗതികസംവിധാനമായി കെട്ടുപിണഞ്ഞു ദൃഢതയോടെ നിലനിൽക്കുന്നതിനും വേരുപടലങ്ങൾ പ്രധാന പങ്കുവഹിക്കുന്നുണ്ട്.



**ജന്തുജീവജാലങ്ങളോടൊപ്പം മണ്ണിന്റെ വളക്കൂറിനെ സ്വാധീനിക്കുന്ന പ്രധാന ഘടകമാണ് ചെടികളുടെ വേരുപടലം. മണ്ണിൽ വിവിധങ്ങളായ ജൈവസംയുക്തങ്ങൾ വിവിധ ആഴങ്ങളിൽ എത്തിച്ച് സൂക്ഷ്മജീവികളെ തീറ്റിപ്പോറ്റി അവയുടെ സഹായത്താൽ മണ്ണിലെ മൂലകലഭ്യതയെ ത്വരിതപ്പെടുത്താൻ വിവിധ ജാതി ചെടികളുടെ വേരുകൾക്കുള്ള കഴിവ് വ്യത്യസ്തമാണ്.**

മണ്ണിലുള്ള ആൽഗകളും ഫംഗസുകളും ബാക്ടീരിയകളും പ്രോട്ടോസോവകളുമടങ്ങിയ സൂക്ഷ്മാണുവർഗജീവികളുടെ പ്രാധാന്യം വളരെയേറെ പഠനവിധേയമാക്കിയിട്ടുള്ള കാര്യങ്ങളാണ്. ഫംഗസുകളുടെ കൂട്ടത്തിൽ, ചെടികളുടെ വേരോടൊപ്പം പങ്കാളികളായി ചേർന്ന, വേരിന് പല മൂലകങ്ങളും പ്രത്യേകിച്ച് ഫോസ്ഫറസ് ലഭ്യമാക്കിക്കൊടുക്കുന്ന 'മൈക്കോറൈസ' വിഭാഗത്തിൽപ്പെടുന്ന ഫംഗസുകളുടെ പ്രാധാന്യം വളരെ വലുതാണ്. ഒരുകാലത്ത് ചില പ്രത്യേക ഇനം സസ്യങ്ങൾക്കു മാത്രമേ, മൈക്കോറൈസകളെ വേരോടൊപ്പം പങ്കാളിത്ത ജീവിതത്തിനു സഹായിക്കാൻ കഴിയൂ എന്നു കരുതിയിരുന്നു. പുതിയ അറിവനുസരിച്ച് സർവസസ്യലതാദികൾക്കും ഏതെങ്കിലും 'മൈക്കോറൈസ' ഫംഗസുകളുമായി പങ്കാളിത്തം സാധ്യമാണെന്ന വസ്തുത വെളിവാക്കപ്പെട്ടിട്ടുണ്ട്. ഇങ്ങനെ മൊത്തത്തിൽ പരിശോധിക്കുമ്പോൾ ചെടികളുടെ വേരുകളുടെ ഒപ്പം അനേകതരം സൂക്ഷ്മജീവികളുടെ സാന്നിധ്യവും അവയെ സഹായിച്ചുകൊണ്ട് മണ്ണിൽ കഴിയുന്ന അനേകതരം ജീവജാലങ്ങളുടെ കൂട്ടായ പ്രവർത്തനങ്ങളുമാണ് ചെടികൾക്ക് സുസ്ഥിരമായി മണ്ണിൽ പുഷ്ടിയോടെ വളരാനുള്ള സാഹചര്യം അഥവാ മണ്ണിന്റെ വളക്കൂറ് നിലനിർത്തുന്നത് എന്ന് വ്യക്തമാകും. അത് കേവലം വേരിനുള്ള മൂലക ലഭ്യതയായി ചുരുക്കിക്കണ്ട്, മണ്ണ് ചെടിക്കു മാത്രം വളരാനുള്ള വെറും ഒരു നിർജീവ വസ്തു എന്നു കരുതി മണ്ണിലിടപെട്ടാൽ മണ്ണ് ചതിക്കും. ആവശ്യത്തിനുള്ള ആഹാരോല്പാദനം നടക്കില്ല എന്നുമാത്രമല്ല, ഉൽപ്പാദിപ്പിക്കുന്നതത്രയും വിഷമയമായവ എന്ന തരത്തിൽ, മണ്ണിൽ മനുഷ്യനു പിടിച്ചുനിൽക്കാനുള്ള സാഹചര്യം നഷ്ടമാവും.

# മഹാഭാരതം

സുഗതകുമാരി

96

മിന്നൽപോലെ വാളുകൾ പൊങ്ങിത്താണു. കുണ്ഡലങ്ങളും തലപ്പാവുകളുമണിഞ്ഞ ശിരസ്സുകളും വില്ലെടുത്ത കൈകളും പൊന്മോതിരമണിഞ്ഞ വിരലുകളും ചിന്നിച്ചിതറിക്കാണായി. മുറിവേറ്റും നിലവിളിച്ചും കിടക്കുന്നവർ ചോരയിൽക്കിടന്നു മരിച്ചു. കുറേപ്പേരെ ശിബിരങ്ങളിലേക്ക് കൊണ്ടുപോയി ശുശ്രൂഷിച്ചു. മരണങ്ങൾ പെരുകിവന്ന യുദ്ധദിനങ്ങൾ അങ്ങനെ കടന്നുപൊയ്ക്കൊണ്ടിരുന്നു. ദുര്യോധന സഹോദരന്മാർ പലരും ഭീമന്റെ ഗദാഘാതമേറ്റ് ചത്തുവീണു. ഇരുഭാഗത്തും മഹാരാജാക്കന്മാർ പടയാളികൾക്കൊപ്പം തലയറ്റും കൈയറ്റും പടക്കളത്തിൽ കിടന്നു. കൊമ്പനാനകൾ പടയാളികളെ തുമ്പികൈയാൽ ചുറ്റിപ്പിടിച്ചെടുത്ത് നിലത്തടിക്കുന്നതും പടവെറിപൂണ്ട ആനകൾ കുത്തിമറിക്കുന്ന ഉടഞ്ഞതേരുകളും പാഞ്ഞോടുന്ന കുതിരകളും ചോരയിൽ വീണിഴയുന്ന

പടയെ അടിച്ചൊതുക്കി മറുഭാഗത്തേക്കെത്തിച്ചേർന്നു. ശൂന്യമായ ഭീമരഥം കണ്ട ധൃഷ്ടദ്യുമ്നൻ പരിഭ്രാന്തനായി. 'എവിടെ ഭീമൻ? എന്റെ സഹോദരനെവിടെ?' എന്നു ചോദിച്ചുകൊണ്ട് കൗരവപ്പടയ്ക്കകത്തേക്ക് കയറിച്ചെന്ന് യുദ്ധം തുടങ്ങി. അപ്പോൾ കൗരവസേനാവ്യൂഹം പിളർന്ന് ഭീമൻ പുറത്തിറങ്ങിയതറിഞ്ഞ് ഹർഷത്തോടെ ധൃഷ്ടദ്യുമ്നൻ ഭീമൻ പോയ വഴി ചത്തുമറിഞ്ഞ ആനകളെക്കൊണ്ട് അടയാളപ്പെടുത്തിയതിലൂടെ പുറത്തെത്തി. ഭീമനോട് ചേർന്ന് ധൃഷ്ടദ്യുമ്നൻ പോരു തുടങ്ങിയപ്പോൾ കൗരവസേന വിറച്ചു. ഇരുകക്ഷികളും ഘോരമായി പൊരുതിയും പിൻവാങ്ങിയും വീണ്ടും മുന്നേറിയും രാവിൽ മാത്രം വിശ്രമിച്ചും വീണ്ടും യുദ്ധോന്മാദത്തോടെ കുതിച്ചെത്തിയും അങ്ങനെ ഭയങ്കരമായ ദിനരാത്രങ്ങൾ കഴിഞ്ഞുപോയി. ഭീമനിൽനിന്ന് വീണ്ടും വീണ്ടും പരാജയമേറ്റ ദുര്യോധനൻ



## ഇരാവാൻ

കൊടിക്കൂറകളും യുദ്ധത്തിന്റെ ഭീകരദൃശ്യങ്ങളായി. ഭീഷ്മരും ധൃഷ്ടദ്യുമ്നനും തമ്മിലും അർജുനനും അശ്വത്ഥാമാവും തമ്മിലും ഭീമദുര്യോധനന്മാർ തമ്മിലും ഉഗ്രമായ ദ്വന്ദ്വയുദ്ധങ്ങളുണ്ടായി. ഓരോ സന്ധ്യയിലും തളർന്ന, മുറിവേറ്റ മഹാസൈന്യങ്ങൾ ശിബിരങ്ങളിലേക്ക് മടങ്ങി. ഓരോ പുലരിയിലും വർധിതവീര്യന്മാരായി ശംഖപടഹാദികൾ ഘോഷിച്ച് പടയ്ക്കിറങ്ങി. മുറിവില്ലാത്ത ശരീരങ്ങളില്ല, ഇതിനിടയിലൊരുനാൾ ഉഗ്രനായ ഭൂരിശ്രവസ്സ് സാത്യകിയുടെ പത്തു മക്കളെയും പോരിൽ വധിച്ചു. പാണ്ഡവസൈന്യം 'ഹാഹാ' കാരം മുഴക്കി. കൗരവസേന ആഹ്ലാദിച്ചു. ഓരോ ദിവസവും ഈ വിധത്തിൽ പ്രബലന്മാർ വീണുകൊണ്ടിരുന്നു. ഒരുനാൾ ഭീഷ്മ സൈന്യത്തിനിടയിൽ ഒറ്റയ്ക്കു കയറിച്ചെന്നു പൊരുതുന്ന ഭീമനെക്കണ്ട് ദുര്യോധനൻ സ്വാനുചരരോടു കല്പിച്ചു. 'അവനെ ജീവനോടെ പിടിക്കുവിൻ.' തേരുകളും ആനകളും കാലാളും ഭീമനെ വളഞ്ഞ് ആയുധങ്ങൾ വർഷിച്ചു. ഒറ്റപ്പെട്ടിട്ടും കുലുങ്ങാതെ ഭീമൻ ഗദയുമെടുത്ത് തേരിൽനിന്നു ചാടി

മുറിവേറ്റ് ചോരയൊലിക്കുന്ന മെയ്യുമായി ഒരു രാത്രിയിൽ കോപതാപങ്ങളോടെ ഭീഷ്മരുടെ നേർക്കു ചെന്നു. 'പിതാമഹ, എന്താണ് ഭാവം? അങ്ങ് പാണ്ഡവന്മാരെ ഒടുക്കുവാൻ ഉദ്ദേശിക്കുന്നില്ലേ?' എന്ന് ചൊടിച്ചു ചോദിച്ചു. 'എന്റെ



എട്ടു സഹോദരന്മാർ കൊല്ലപ്പെട്ടു കഴിഞ്ഞു. സുനാദനും ആദിത്യകേതുവും ബഹ്വാശിയും കുണ്ഡധരനും മഹോദരനും വിശാലാക്ഷനും പണ്ഡിതകനും അപരാജിതനും ഭീമന്റെ ഗദാഘാതമേറ്റു ചതഞ്ഞു ചത്തുവീഴുന്ന ഹൃദയഭേദകമായ കാഴ്ച എനിക്ക് കാണേണ്ടിവന്നു. ഇനിയുമതുകാണേണ്ടി വരുമോ, പിതാമഹ?'

അടുത്ത ദിവസം ഭീഷ്മർ ഉഗ്രകോപത്തോടെ വീണ്ടും യുദ്ധമാരംഭിച്ചു. ദ്രോണരും അശ്വത്ഥാമാവും പാണ്ഡവസൈന്യത്തെ ബാണവർഷംകൊണ്ടു ചിതറിച്ചു കൊന്നൊടുക്കുകയായി. ക്രുദ്ധനായ കാലനെപ്പോലെ ഭീമൻ അടരാടി. മഹാരഥനായ യുധിഷ്ഠിരനും നകുലസഹദേവന്മാരും അഭിമന്യുകുമാരനും തടഞ്ഞുനിർത്തിയിട്ടും ഭീഷ്മദ്രോണാദികൾ വെട്ടിവെട്ടിയും അമ്പെയ്തു മൂടിയും മുന്നേറി. ശകുനി ഉഗ്രബാണങ്ങളാൽ പാണ്ഡവസൈന്യത്തെ മൂടി. അർജുനന് നാഗകന്യകയായ ഇരാവതിയിൽ പിറന്ന ഇരാവാൻ എന്നു പേരുള്ള ശ്രീമാനായ പുത്രൻ, യുദ്ധവിവരം കേട്ട് അച്ഛന് തുണചെയ്യുവാൻ എത്തിയവൻ, ഹംസവർണങ്ങളായ കുതിരകൾ വലിക്കുന്ന തേരിലേറി കൗരവവീരന്മാരോടെതിരിട്ടു. ഇരാവാനും സൈന്യവും അസംഖ്യം കൗരവസൈനികരെ കൊന്നുവീഴ്ത്തി. ഇരാവാന്റെ പരാക്രമംകണ്ട് ആർത്തടുത്ത കൗരവകുമാരന്മാർ അമ്പേറ്റ് വീണു. ഇതുകണ്ട ദുര്യോധനൻ ആശ്യശൃംഗനെന്ന മഹാരാക്ഷസനെ ഇരാവാനെ കൊല്ലാൻ നിയോഗിച്ചയച്ചു. രാക്ഷസന്റെ മായാപ്രയോഗങ്ങളാൽ ആയിരക്കണക്കിന് കുതിരകൾ രാക്ഷസന്മാരെയും വഹിച്ചുകൊണ്ടു ചുറ്റുംവളഞ്ഞതായി കാണായി. രക്ഷോമായയെ അസ്ത്രംകൊണ്ട് സംഹരിച്ച് ഇരാവാൻ പോരാടി. ഇരാവാന്റെ വില്ലും ആവനാഴിയും വാളുംകൊണ്ടു തകർത്ത രാക്ഷസൻ ആകാശത്തേക്കുയർന്നു പൊരുതിത്തുടങ്ങി. മായാബലമുള്ള ഇരാവാനും ആകാശത്തേക്കുയർന്നു പൊരുതി. രാക്ഷസൻ അതീവവിപുലമായ ശരീരം ധരിച്ച് ഇരാവാനെ പിടിക്കാനൊരുങ്ങിയപ്പോൾ ഇരാവാന്റെ നാഗങ്ങൾ രാക്ഷസനെ വരിഞ്ഞുചുറ്റി. രാക്ഷസൻ ഗരുഡരൂപംപൂണ്ട് നാഗങ്ങളെ തിന്നൊടുക്കി. രാക്ഷസന്റെ മായയാൽ മോഹിച്ചുവീണ വീരനായ ഇരാവാന്റെ കിരീടകുണ്ഡലങ്ങൾ ചാർത്തിയ ചന്ദ്രബിംബംപോലുള്ള മുഖം കണ്ണടച്ച് കഴുത്തറ്റ് ഭൂമിയിലേക്കുവീണു. കൗരവപ്പട ആഹ്ലാദഘോഷം മുഴക്കി. പാണ്ഡവപക്ഷം ദു:ഖംകൊണ്ട് ക്ലാന്തമായിത്തീർന്നു.



വര: ജയേന്ദ്രൻ

ഇരാവാനെ കൊന്നതുകണ്ട ഘടോൽക്കചൻ ഉച്ചത്തിൽ അലറിക്കൊണ്ട് പാഞ്ഞെത്തിയപ്പോൾ യുദ്ധക്കളമാകെ വിറച്ചു. സൈന്യം പേടിച്ചു പരവശമായി. വീരരാക്ഷസരുമൊത്ത് ഭീമസേനപുത്രൻ പടയ്ക്കിറങ്ങിയപ്പോൾ ദുര്യോധനൻ തന്റെ പടയുമായി അവനെ നേരിട്ടു. അവർ തമ്മിൽ ഭീകരയുദ്ധമുണ്ടായി. ദുര്യോധനനെ കാക്കുവാൻ കുരുസൈന്യനേതാക്കന്മാർ പാഞ്ഞെത്തി ചുഴന്നുനിന്ന് യുദ്ധംചെയ്തു. വീണ്ടും വീണ്ടും ചൊടിച്ചലറിക്കൊണ്ടും പെരുംവില്ലിട്ടുലച്ചുകൊണ്ടും ഹിഡിംബീപുത്രൻ ദുര്യോധനനെ തടഞ്ഞുനിർത്തി അമ്പുകളേൽപ്പിച്ചു. ഘടോൽക്കചനെ വളഞ്ഞുകൊല്ലുവാൻ ഉദ്യമിച്ച കൗരവപ്പട ഭീമൻ വരുന്ന കോലാഹലംകേട്ട് പിന്മാറി. ഘടോൽക്കചൻ കൗരവസേനാനായകരെയെല്ലാം എയ്തെയ്തു മുന്നേറി. രഥങ്ങൾ ഉടഞ്ഞു ചിതറി. രഥികൾ വീണുപോയി. ഭീമപുത്രന്റെ ഭീമപരാക്രമത്തിൽ ചിതറിപ്പോയ കൗരവസൈന്യം സേനാനായകനും ദ്രോണാചാര്യരും എത്ര ശ്രമിച്ചിട്ടും പിന്തിരിഞ്ഞു പാഞ്ഞുകളഞ്ഞു.

ഇതുകണ്ട് വിഷണ്ണനായ ദുര്യോധനോടു ഭീഷ്മർ പറഞ്ഞു. 'നീ രാജാവാണ്, ചെല്ലൂ, രാക്ഷസനോടല്ല, യുധിഷ്ഠിരനോടോ ജിഷ്ണുവിനോടോ മാദ്രേയരോടോ എതിർക്കുക. ഞങ്ങൾ ഘടോൽക്കചഭീമന്മാരെ നേരിട്ടുകൊള്ളാം.'

അപ്പോൾ മഹാബലനായ ഭഗദത്തൻ തന്റെ ദിവ്യശക്തിയെഴുന്ന പടുകൂറ്റൻ മത്തഗജത്തിന്റെ പുറത്തുകയറി ഭീമന്റെ നേർക്ക് പാഞ്ഞടുത്തു. സേനകൾ വീണ്ടും ഏറ്റുമുട്ടി. ഘോരയുദ്ധം തുടർന്നു. മദജലമൊലിപ്പിച്ച് അലറിയെത്തുന്ന ആനപ്പുറത്തേറിയിരുന്ന് ഭഗദത്തൻ ഭീമനെ കൂരമ്പുകളെയ്തു മുറിവേൽപ്പിച്ചു. (തുടരും)

# ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയയ്ക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

## അമ്മുവും കളിക്കൂട്ടുകാരും

മനോഹരമായ ഒരു കൊച്ചു ഗ്രാമം. പുഴകളും തോടുകളും അരുവികളും പൂക്കളും പൊയ്കകളും ഒക്കെയുള്ള ഗ്രാമത്തിലാണ് അമ്മു താമസിച്ചിരുന്നത്. അവളുടെ വീട്ടിൽ അവളുടെ അച്ഛൻ, അമ്മ, അമ്മൂമ്മ എന്നിവരെല്ലാവരുമുണ്ടായിരുന്നു. അവൾക്ക് ചെടികളോടും മരങ്ങളോടും വലിയ താത്പര്യമായിരുന്നു. അങ്ങനെ അവളുടെ വീട്ടിന്റെ മുറ്റത്ത് തുമ്പ, തെച്ചി, അരുളി, പ്ലാവ്, പേരമരം, മാവ്, പത്തുമണി, നാലുമണി, ബെന്തി, മുല്ല, പിച്ചി, ചെമ്പരത്തി, റോസ, തുളസി അങ്ങനെയെന്തെല്ലാം. പൂക്കളും ചെടികളും മരങ്ങളും കൂടാതെ അവൾക്ക് ഒരുപാട് കൂട്ടുകാരുണ്ട്. ആരൊക്കെയാണെന്നോ? പൂക്കളിൽനിന്ന് തേൻ നുകരാൻ വന്ന പല


വര: ഗോപു പട്ടിത്തറ

**ഡി ബി അയന കുറുപ്പ്, ക്ലാസ് 5 സി,**
**എൻ വി യു പി എസ്, വയല**

വർണത്തിലുള്ള പൂമ്പാറ്റകൾ. മാങ്ങയും പേരയും ചക്കയുമൊക്കെ തിന്നാൻ വന്ന തത്തയും കൂട്ടരും. ഒക്കെ അമ്മുവിന്റെ കൂട്ടുകാരായിരുന്നു. ഇവർ എന്നും വരും. അമ്മുവിന്റെ കൂടെ കളിക്കും. വിശേഷങ്ങൾ പറയും. അങ്ങനെ അവർ സന്തോഷത്തോടെ കഴിഞ്ഞു പോന്നു. അങ്ങനെ വേനൽക്കാലമായി. അമ്മുവിന്റെ ഉദ്യാനത്തിലെ പൂക്കളും ചെടികളും ഒക്കെ ഉണങ്ങിക്കരിഞ്ഞു. കൂട്ടുകാരും വന്നില്ല. അമ്മുവിന് സങ്കടം സഹിക്കാനായില്ല. എന്നും രാവിലെ അമ്മുവിനെ വിളിച്ചുണർത്തുന്നത് കുഞ്ഞിക്കിളികളായിരുന്നു. അവയുടെ കി... കി... കി... എന്നുള്ള ഒച്ച കേൾക്കുമ്പോഴേ അമ്മു എണീക്കും.


ഇന്നവളെ വിളിച്ചുണർത്താനുള്ളത് അവളുടെ വീട്ടുകാരാണ്. എങ്കിലും രാവിലെ എഴുന്നേൽക്കാൻ അവൾക്കു മടിയാണ്. അങ്ങനെ വേനൽക്കാലം പോയി. മഴക്കാലം വരവായി. അമ്മുവിന്റെ ചെടികളും മരങ്ങളും ഒക്കെ ഉണർന്നു. അമ്മുവിന്റെ കൂട്ടുകാരെത്തി. അമ്മുവിന് സന്തോഷമായി. അങ്ങനെ ദിവസങ്ങൾ പോയി. പിറ്റേ ദിവസം എല്ലാവരും വന്നു. അമ്മുവിനെ വിളിച്ചുണർത്തി. പക്ഷേ അമ്മു നോക്കിയപ്പോൾ കൂട്ടത്തിൽ ഒരാളില്ല. ആരാണെന്നോ? തത്തമ്മ. അവൾ കൂട്ടുകാരോടെല്ലാവരോടും ചോദിച്ചു. അവരാരും കണ്ടില്ല. 'എന്റെ തത്തയ്ക്ക് എന്തെങ്കിലും അപകടം സംഭവിച്ചുവോ?' ഒരുപാടു നേരം അവൾ നോക്കിനിന്നു. അതു വന്നില്ല. അപ്പോൾ അവളുടെ കൂട്ടുകാരി ലച്ചു പറഞ്ഞു. 'അമ്മൂ... വഴിയിൽ ഒരു തത്ത ചത്തുകിടക്കുന്നത് കണ്ടു. അതിവിടെ വരുന്ന തത്തയാണോന്ന് അറിയില്ല.' അമ്മു ഞെട്ടി. ആയിരിക്കാം. അതാ ഇപ്പോൾ അതിനെ കാണാത്തത്. അമ്മു പൊട്ടിക്കരഞ്ഞു. ഒരുപാട് നാളൊന്നും ആരും ജീവിച്ചിരിക്കില്ല എന്ന് സ്വയം സമാധാനിച്ചുകൊണ്ട് അവൾ ആ ദുഖത്തെ മറികടക്കാൻ ശ്രമിച്ചു.

# വര



**ഓഷിൻ ജോസ്, 4 സി, കെ വി 1, കൊച്ചി.**

# വര



അജയഘോഷ്, 4 എ, ജി എച്ച് എസ് കാരാക്കുറുശ്ശി

## 54 പൂന്തോട്ടം

ഒരു പൂന്തോട്ടത്തിൽ രണ്ട് പൂമ്പാറ്റകൾ പറന്നുവന്നു. മനോഹരങ്ങളായ ചിറകുകളുള്ള അവർ ഉറ്റ ചങ്ങാതിമാർ ആയിരുന്നു. ദിവസവും അവ ഒരുമിച്ചാണ് തേൻ കുടിക്കാറുള്ളത്. ആ സമയത്ത് ഒരുകൂട്ടം തേനീച്ചകൾ അവിടേക്ക് പറന്നുവന്നു. തേനീച്ചകളെ വരവേറ്റ് പൂമ്പാറ്റകൾ അവിടെനിന്നും പറന്നുപോയി. തേനീച്ചകൾ ഓരോ പൂവിൽ നിന്നും തേൻ ശേഖരിച്ചു. അവ തേനും കൊണ്ട് കൂട്ടിലേക്കു പറന്നുപോയി. റാണിയായ തേനീച്ചയ്ക്കു മുമ്പിൽ തേൻ കാഴ്ചവച്ചു. പൂന്തോട്ടത്തിനടുത്തുള്ള ഒരു മനുഷ്യൻ കൂട്ടിലെ തേനെല്ലാം കവർന്നെടുത്തു. കുപ്പിയിലാക്കി കടയിൽ വിറ്റു. ആളുകൾ അതുവാങ്ങി വീട്ടിൽ കൊണ്ടുപോയി കഴിച്ചു.

*ഗുണപാഠം- ചെറിയവരുടെ അധ്വാനം വലിയവർക്ക് ഉപകാരം.*

**നൗമി പാർവതി, 2 ബി, സിൽവർ ഹിൽസ് ഹയർ സെക്കൻഡറി സ്കൂൾ, പാറോപ്പടി, മേരിക്കുന്ന് പി ഒ, കോഴിക്കോട്- 12**



## ദർശന പുസ്തകോത്സവത്തിൽ മൂന്ന് പുരസ്കാരം ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്

കോട്ടയത്തു നടന്ന ദർശന അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന് മൂന്ന് പുരസ്കാരങ്ങൾ. ബാലസാഹിത്യപുസ്തകങ്ങളുടെ ഡിസൈനിംഗ് വിഭാഗത്തിൽ എൻ ടി രാജീവിന്റെ *ആനക്കാര്യം* എന്ന പുസ്തകം പുരസ്കാരം നേടി. മികച്ച കവർ ഡിസൈനുള്ള പുരസ്കാരം എസ് ശാന്തി പുനരാഖ്യാനം ചെയ്ത *മൂങ്ങാച്ചിക്കുഞ്ഞ്* എന്ന പുസ്തകത്തിനു ലഭിച്ചു. എൻ ടി രാജീവാണ് ഈ പുസ്തകത്തിന്റെ ഡിസൈനും ചിത്രീകരണവും നിർവഹിച്ചത്. മികച്ച രീതിയിൽ പുസ്തകങ്ങൾ ഡിസ്പ്ലേ ചെയ്ത പുസ്തക സ്റ്റാളിനുള്ള പുരസ്കാരവും സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് കരസ്ഥമാക്കി.






ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് തലശ്ശേരി താലൂക്ക് ലൈബ്രറി കൗൺസിലുമായി ചേർന്ന് ഡിസംബർ 29,30 തീയതികളിലായി കുട്ടികൾക്കുവേണ്ടി സംസ്ഥാനതല ശാസ്ത്ര ശില്പശാല നടത്തുന്നു. വടക്കുമ്പാട് എസ് എൻ പുരം നാരായണപുരം വായനശാല & ഗ്രന്ഥാലയത്തിൽ വച്ചാണ് ശില്പശാല നടക്കുക. 29-ാം തീയതി രാവിലെ 10.30 ന് സംസ്ഥാന തുറമുഖവകുപ്പ് മന്ത്രി ബഹു. കടന്നപ്പള്ളി രാമചന്ദ്രൻ ചടങ്ങ് ഉദ്ഘാടനം ചെയ്യും. അഡ്വ. എ എൻ ഷംസീർ എം എൽ എ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ശ്രീ പള്ളിയറ ശ്രീധരൻ സ്വാഗതം ആശംസിക്കും. രണ്ടുദിവസങ്ങളിലായി നടക്കുന്ന ശില്പശാലയിൽ 'ജീവൻ നിർമിക്കുന്ന ലാബുകൾ! നാനോ റോബോട്ടുകൾ മുതൽ കൃത്രിമ ജീവൻ വരെ' എന്ന വിഷയത്തിൽ സീമ ശ്രീലയം, 'തലയിലെ പേനും കാട്ടിലെ കുറുക്കനും' എന്ന വിഷയത്തിൽ വിജയകുമാർ ബ്ലാത്തൂർ, 'ഭൂഗോളത്തിന്റെ സ്പന്ദനം' എന്ന വിഷയത്തിൽ ശ്രീ പള്ളിയറ ശ്രീധരൻ, 'മാനത്തെ കാഴ്ചകൾ'എന്ന വിഷയത്തിൽ പ്രൊഫ. കെ പാപ്പൂട്ടി, 'ശാസ്ത്ര പരീക്ഷണങ്ങൾ', എന്ന വിഷയത്തിൽ ഇ അനന്തൻ മാസ്റ്റർ തുടങ്ങിയവർ ക്ലാസ്സെടുക്കും. ശില്പശാലയോടനുബന്ധിച്ച് കേരള സംസ്ഥാന ഫോക്‌ലോർ അക്കാദമിയുടെ കലാപരിപാടികൾ അരങ്ങേറും. ശില്പശാലയിൽ പ്രഭാകരൻ പഴശ്ശി (സാംസ്കാരിക ഉന്നതാധികാര സമിതി ഡയറക്ടർ), കീച്ചേരി രാഘവൻ (സെക്രട്ടറി, സംസ്ഥാന ഫോക്‌ലോർ അക്കാദമി) എം കെ മനോഹരൻ (ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗം), സി സോമൻ തുടങ്ങിയവർ പങ്കെടുക്കും.

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2018-2020

RNI No. 20076/70 January 2019
Regd KL/TV (N)/399/2018-2020 Published on 29-12-2018 Vol:25, Issue:01, ₹20

